T62
J77

T62
J77

# അഗാപ്പിററസ്സ്

(മൂന്നു അങ്കമുള്ള ഒരു നാടകം)

DHARMARAM COLLEGE LIBRARY, BANGALORE. 2472

പരിഭാഷകൻ.

പി. ഒ. ജോസഫ്. എം. എ. എൽ. ററി.

"Jubilee Memorial Press"
Mangalapuzha Seminary,
ALWAYE.
1935.

CANCELLED

NIHIL OBSTAT

Fr. John Joseph, O. C. D.

IMPRIMATUR

✠ Joseph Attipetti,

Abp., Verapoly.

*Ernakulam, 15-2-1935.*

# പ്രസ്താവന.

പാലാ സെൻറ് തോമ്മസ്സ് ഇംഗ്ലീഷ് ഹൈസ്കൂൾ സാഹിത്യസമാജ വാർഷികദിനത്തിൽ അഭിനയിക്കുതിനുവേണ്ടി ഏകദേശം രണ്ടുകൊല്ലത്തിനുമുമ്പ് ഇംഗ്ലീഷിൽ നിന്നു വിവർത്തനം ചെയ്യപ്പെട്ട ഈ നാടകത്തിന് നിസ്തുലമായ വിശ്വാസസ്ഥിരതയും സധീരമായ പരിത്യാഗസന്നദ്ധതയും ആദ്യന്തം നിറഞ്ഞൊഴുകുന്ന ഒരു കഥാവസ്തുവിൻെറ സ്വതസ്സിദ്ധമായ ആകർഷണീയതയിൽ കവിഞ്ഞ ഏതെങ്കിലും ഗുണമുണ്ടെങ്കിൽ അതു് ശ്രോത്രമധുരമായ ഒരു സംഗീതസമ്പത്തുമാത്രമാണ്. എൻെറമാന്യമിത്രങ്ങളും സഹാദ്ധ്യാപകന്മാരുമായ മെസ്സേഴ്സ്, സി. എം. ഫിലിപ്പ് ബി. എ., എം. എ. സക്കറിയാസ്സ് എന്നവരുടെ വാസനാവൈഭവവും, ഈ നാടകത്തെപ്പററി ഓർമ്മിക്കുന്ന ഓരോ സന്ദർഭത്തിലും സന്തപ്തഹൃദയത്തോടു കൂടിയല്ലാതെ അനുസ്മരിക്കുന്നതിനു കഴിയാത്ത യശശ്ശരീരൻ ശ്രീമാൻ എ. സൂർയ്യനാരായണപിള്ള അവർകളുടെ തൂലികത്തുമ്പിൻെറ അനർഗ്ഗളത്വവുമത്രെ അതിൻെറ ആലംബം. എന്നാൽ ഇതിലേ ഗദ്യഭാഗത്തിനാകട്ടെ ഞാൻമാത്രമാണ് ഉത്തരവാദി. ഭാഷാരീതി കഠിനമാണെന്നൊരാക്ഷേപം ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഇതിവൃത്തഗാംഭീർയ്യത്തിനനുയോജ്യമെന്നു തോന്നിയ ഒരു രീതിയിൽ, നാട്ടിൻപുറങ്ങളിലേ സാമാന്യ ജനതതിയ്ക്കുതകണമെന്നുള്ളതിനെക്കാൾ കൂടുതലായി, അഭ്യസ്തവിദ്യർ പ്രാധാന്യേനയുൾപ്പെടുന്ന ഒരു സദസ്സിനെ ഉദ്ദേശിച്ചും, വിദ്യാലയാഘോഷങ്ങളുടെ ആവശ്യങ്ങളെ പുരസ്കരിച്ചുമാണ്, ഈ ഭാഷാന്തരം നിർവ്വഹിച്ചിട്ടുള്ളതെന്നത്രെ അതിനെനിക്കു നല്കുവാനുള്ള സമാധാനം. ഏതെല്ലാം ന്യൂനതകളുണ്ടായിരുന്നാലും, ഒരൊററ വ്യക്തിയിലെങ്കിലും ദൈവസ്നേഹം ഉദ്ദീപിതമാകുന്നതിനോ, വിശ്വാസം ദൃഢീഭവിക്കുന്നതിനോ, ഈ ഗ്രന്ഥം അല്പമെങ്കിലും സഹായിക്കുന്നതായാൽ അതു വേണ്ടുവോളം കൃതാർത്ഥതയ്ക്കവകാശമായി.

പരിഭാഷകൻ.

പാലാ
20—2—'35

എ. ഒ. ജോസഫ്. എം. എ. എൽ. ററി.

# കഥാപാത്രങ്ങൾ.

അൻറിയോക്കസ്സ് ...... ഫ്റെനെസ്സു നഗരാധിപൻ.
ലൈസാൻഡർ ....... അൻറിയോക്കസ്സിൻെറ സ്നേഹിതനായ ഒരു പ്രഭു.
മെറെല്ലസ്സ് .....വിഗ്രഹാരാധകന്മാരുടെ പുരോഹിതൻ.
അഗാപ്പിററസ്സ് ..... ലൈസാൻഡരുടെ പുത്രൻ.
വിക്റ്റർ ......... അൻറിയോക്കസ്സിൻെറ പുത്രനും അഗാപ്പിററസ്സിൻെറ സ്നേഹിതനും.
വലേരിയസ്സ് ...... മെറെല്ലസ്സിൻെറ പുത്രൻ.
മാർട്ടിൻ.......... ഒരു ദാസൻ.

ഹിപ്പോലിററ്.
ഫെലിക്സ്.
മാർസെല്ലിൻ.
ദയോദാത്തുസ്.
തിയോഫിലസ്.
} ക്രിസ്തീയബാലന്മാർ.

പരിചാരകബാലന്മാരും ഗായകന്മാരും (അണിയറയിൽ).
൩ പടയാളികൾ.

കഥാരംഗം.

(റോമാനഗരത്തിൽനിന്നും ൨൪ മൈൽ അകലെയുള്ള ഫ്റെനെസ്സു പട്ടണം).

(N. B. വിശുദ്ധ അഗാപ്പിററസ്സ് ക്രിസ്ത്വബ്ദം ൨൫൦–ാമാണ്ടു മരിച്ചു.)

൧–ാം അങ്കം....ഒരു തോപ്പ്, അല്ലെങ്കിൽ, ഒരു വനം.
൨–ാം അങ്കം....അൻറിയോക്കസ്സിൻെറ അരമന.
൩–ാം അങ്കം....൧. ഒരു തോപ്പ് അല്ലെങ്കിൽ, ഒരു വനം.
൨) കൊലയറ.
൩) അൻറിയോക്കസ്സിൻെറ അരമന.
൪) കൊലയറ.
൫) പുരാതന റോമ്മയിലെ പാതാളഗേഹങ്ങൾ.

N. B. പടയാളികൾ സദസ്യർക്കു ചിരി വരത്തക്കവിധത്തിൽ യാതൊന്നും ചെയ്തുകൂടാ.

# അഗാപ്പിററസ്

## ൧-ാം അങ്കം

### ൧-ാം രംഗം — വനം

(അഗാപ്പിററസ്സും വിക്ററരും)

വിക്ററർ— അല്ലയോ! അഗാപ്പിററസ്സേ, നിങ്ങൾ അണിഞ്ഞിരിക്കുന്ന ആ രത്നം എത്ര വിശിഷ്ടമായിരിക്കുന്നു. ആരാണ് അതു് നിങ്ങൾക്കു തന്നതു്?

അഗാപ്പിററസ്— എന്റെ പിതാവു്. ഇന്നു ചക്രവർത്തിതിരുമനസ്സുകൊണ്ടു നമ്മുടെ പട്ടണത്തിലേയ്ക്കെഴുന്നെള്ളുന്ന വിവരം നിങ്ങൾക്കും അറിയാമല്ലോ. സകലവിധസ്ഥാനമാനങ്ങളോടുകൂടിയാണ് അദ്ദേഹത്തെ സ്വീകരിക്കേണ്ടതു്. പട്ടണപ്രവേശനാനന്തരം അരമനയിലേക്കും, അവിടെനിന്നും, ബലി അർപ്പിക്കുന്നതിനു ദേവാലയത്തിലേക്കും അദ്ദേഹം അഭ്യാഗമിക്കും. എന്റെ പിതാവും അവിടെയുണ്ടായിരിക്കും. അദ്ദേഹം ചക്രവർത്തിതിരുമനസ്സിലേക്കു പരിചിതനാവുകയാൽ ഞാനും തിരുമുൻപിൽ വിശിഷ്ടവസ്ത്രാഭരണവിഭൂഷിതനായി വിളങ്ങണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നു. അതിനാൽ ഈ അനഘരത്നം അദ്ദേഹം എനിക്കു പ്രദാനം ചെയ്തു.

വിക്ററർ— ഓഹോ! എനിക്കു മനസ്സിലായി. ചക്രവർത്തിതിരുമനസ്സിലെ അകമ്പടിക്കാരിലൊരുവനായി നിങ്ങളെ തിരഞ്ഞെടുത്തിരിക്കുകയാണ്. നിങ്ങളുടെ ദശാവിശേഷം തന്നെ. അപ്പോൾ, നിങ്ങൾ ചക്രവർത്തിതിരുമനസ്സിലെ വിജയശകടത്തെ അനുഗമിക്കുകയും അദ്ദേഹം ദേവന്മാർക്കു സുഗന്ധധൂമാർപ്പണം ചെയ്യുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ പിമ്പിൽ അകമ്പടി സേവിക്കുകയും ചെയ്യും; ഇല്ലേ?

CANCEL

അഗാ— ഒരിക്കലുമില്ല, വിക്റ്റർ. അതു ഞാൻ ഒരിക്കലും ചെയ്കയില്ല. പുറജാതികളുടെ ദേവന്മാർക്കു കാതുകളുണ്ടെങ്കിലും അവർ കേൾക്കുന്നില്ല; കണ്ണുകൾ ഉണ്ടെങ്കിലും അവർ കാണുന്നില്ല. അചേതനവും നിർജ്ജീവവുമായ മരക്കഷണങ്ങളേയും ശിലാശകലങ്ങളേയും ഞാൻ ആരാധിക്കണമോ? ദൈവം ഒരിക്കലും അതിനിടയാക്കാതിരിക്കട്ടെ!!!

വിക്ററർ— ഞാൻ എന്താണികേൾക്കുന്നതു്? അഗാപ്പിററസ്സേ, അവർ റോമ്മാനഗരവാസികളുടേയും റോമ്മാസാമ്രാജ്യത്തിൻെറയും ദേവന്മാരാണു്. അവരാണു് റോമ്മാനഗരിയെ സകല ഭൂഭാഗങ്ങളുടേയും പ്രതാപശാലിനിയായ നാഥയാക്കിത്തീർത്തിരിക്കുന്നതു്. അവരാണു നമ്മുടെ ദിഗ്വിജയങ്ങൾ ചരിതപ്പെടുത്തുകയും, നമ്മുടെ സാമ്രാജ്യത്തെ നിലനിറുത്തുകയും, ലോകത്തിൻെറ അതിവിദൂരവിഭാഗങ്ങളിൽ അധിവസിക്കുന്നവരുടേയും ബഹുമാനത്തിനും അസൂയക്കുംപോലും റോമ്മാനഗരത്തെ പാത്രിഭവിപ്പിക്കുകയും ചെയ്യുന്നതു്. ആ ദേവന്മാരുടെ ശക്തിയെപ്പററിയാണോ നിങ്ങൾ ഇത്ര പുച്ഛമായി സംസാരിക്കുന്നതു്? അഗാപ്പിററസ്സേ, നിങ്ങൾ ആലോചിച്ചു വേണം പറവാൻ ഈ പ്രകാരമുള്ള വിചാരഹീനമായ വാക്കുകൾ ഉച്ചരിച്ചതിനു ക്രിസ്ത്യാനികൾക്കു വധശിക്ഷ നൽകുന്നതു ഈ അടുത്തകാലത്തുതന്നെ ഞാൻ കണ്ടിട്ടുണ്ടു്.

അഗാ— വിക്റ്ററേ, ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കുക. നാം തമ്മിൽ സ്നേഹിതന്മാരായിട്ടു് ഇപ്പോൾ വത്സരങ്ങൾ പലതായിട്ടുണ്ടല്ലോ. നാമൊന്നിച്ചു് എപ്പോഴും കളികളിലും വിനോദങ്ങളിലും ഏർപ്പെട്ടിട്ടുണ്ടു്. എങ്കിലും എന്തുകൊണ്ടോ നമ്മുടെ ഇരുവരുടേയും സന്തോഷങ്ങൾ തുല്യമല്ല. സർവ്വദാ ഞാൻ പ്രസന്നവദനനും സന്തുഷ്ടചിത്തനുമായിരിക്കുന്നതിൻെറ കാരണത്തെക്കുറിച്ചു് നിങ്ങൾതന്നെ ചിലപ്പോൾ ആശ്ചര്യപ്പെട്ടിട്ടില്ലയോ?

വിക്ററർ— കുറെ നാളുകളായിട്ടു് നിങ്ങളുടെ മുഖകാന്തിയും ആനന്ദലഹരിയും—അതേ—വയലുകളിലേ വാനമ്പാടി

യേപ്പോലും അതിശയിക്കുന്ന ആ ആമോദചിത്തത, യഥാൎത്ഥ
ത്തിൽ എനിക്കു് ഒരു വലിയ ആശ്ചൎയ്യവിഷയമായിത്തീൎന്നിരി
ക്കുകയാണു്. ഭാഗ്യാതിരേകത്താൽ നിങ്ങൾ മതിമറന്നിരിക്കുക
യാണു്. അതേ, അതിനു സംശയമില്ല. അല്ലാത്തപക്ഷം എന്തൊ
രു മന്ത്രശക്തിയാണു് നിങ്ങളെ പ്രേരിപ്പിക്കുന്നതെന്നു് എനിക്ക
റിഞ്ഞുകൂടാ.

അഗാ — അല്ലയോ! വിക്റ്ററേ, ഇന്നേവരെ ഞാൻ നിങ്ങ
ളിൽനിന്നും മറച്ചുവച്ചിട്ടുള്ള ഒരു രഹസ്യമാണിതു്. ഞാൻ ഒരു
ക്രിസ്ത്യാനിയാണു്.

വിക്റ്റർ— അഗാപ്പിററസ്സ്, ഒരു ക്രിസ്ത്യാനിയോ!
ഛേയ്, ഇതൊരിക്കലും ശരിയല്ല. ദുഷ്ടവും നിചവുമായ ആ മത
ത്തിൽ നിങ്ങൾ ഉൾപ്പെട്ടുകയോ! ഇതൊരു വെറും നേരമ്പോ
ക്കാണു്.

അഗാ— വാസ്തവമാണു് ഞാൻ പറയുന്നതു്. ഞാൻ ഒരു
ക്രിസ്ത്യാനിയാണു്.

വിക്റ്റർ— ക്രിസ്ത്യാനികൾ സാമ്രാജ്യനിയമത്താൽ വി
രോധിക്കപ്പെട്ടിട്ടുള്ളവരാണെന്നു് നിങ്ങൾക്കറിയാമോ? അവൎക്കു്
അതിഭയങ്കരമായ ദണ്ഡനങ്ങൾ വിധിക്കുന്ന ഒരു രാജകല്പനത
ന്നെയുണ്ടു്. അവരെ നരകതുല്യങ്ങളായ കാരാഗൃഹങ്ങളിലടച്ചു
പട്ടിണിയിട്ടു കൊല്ലണമെന്നും, അടിമകളെപ്പോലെ കുരടാവുകൊ
ണ്ടടിക്കണമെന്നും, കേവലം മൃഗങ്ങളെപ്പോലെ ക്രൂരജന്തുക്കൾ
ക്കിരയാക്കണമെന്നും, അവരുടെ ശരീരം പീഡനായന്ത്രങ്ങളാൽ
വലിച്ചുനീട്ടണമെന്നും, തീയിലിട്ടു ചുടണമെന്നും, അവയവങ്ങൾ
വലിച്ചു കീറണമെന്നുംമററുമാണു് ആ കല്പന. നിങ്ങളുടെ ഈ
പാതകം പരസ്യമാകയാണെങ്കിൽ അയ്യോ! എത്ര ഭയങ്കരം! ആ
കാൎയ്യമോൎക്കുമ്പോൾതന്നെ എന്റെ ശരീരം കിടുകിടെ വിറ
ക്കുന്നു.

അഗാ— വിക്റ്റർ, എനിക്കു വരാവുന്ന ശിക്ഷ എന്താണെ
ന്നു് ഞാൻ നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ടു്. അതു നിങ്ങൾ

വിവരിച്ചതിൽ ഏതെങ്കിലും വിധത്തിലുള്ള ഒരു ഭയങ്കരമരണമായിരിക്കാം. അങ്ങനെതന്നെ ആവട്ടെ. ഞാൻ കേവലം ബലഹീനനായ ഒരു ബാലൻ മാത്രമാണെങ്കിലും എന്റെ രക്തവൃഷ്ടികൊണ്ടുതന്നെ എന്റെ വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിനുള്ള അവസരം, ഞാൻ ഒരു ക്രിസ്ത്യാനിയായ അന്നുമുതൽ അത്യധികമായി ആഗ്രഹിച്ചുകൊണ്ടാണിരിക്കുന്നതു്. സ്നേഹിതാ, എന്റെ വാക്കുകൾ വിശ്വസിച്ചാലും. ഈ ഭൂമുഖത്തു ഞങ്ങൾക്കു സാധിക്കാവുന്ന ഏററവും വലിയ ഭാഗ്യം പരിപാവനമായ ഞങ്ങളുടെ മതത്തിനുവേണ്ടി മരിക്കുകയാണ്.

വിക്ററർ— എന്തു്! ഭൂമിയിൽ സിദ്ധിക്കാവുന്ന ഏററവും വലിയ ഭാഗ്യമോ! ഇതെന്തു കഠിനമായ അപഹാസം! നിങ്ങളുടെ വാക്കുകൾ വാസ്തവത്തിൽ എന്നെ ഭയപ്പെടുത്തുന്നു. ഇതെല്ലാം എന്നെ ശ്വാസംമുട്ടിച്ചു വിഷമിപ്പിക്കുന്ന ഒരു ദുഃസ്വപ്നംപോലെ എനിക്കു തോന്നുന്നു. ഇതിന്റെ അത്ഥം എന്താണ് അഗാപ്പിററസ്സേ? ഒരു ക്ഷണം മുൻപു നിങ്ങൾ പ്രായത്തിൽക്കവിഞ്ഞ പ്രബുദ്ധനാണെന്നു ഞാൻ വിചാരിച്ചിരുന്നു. ഇപ്രകാരം വിചാരഹീനമായി മരണത്തെ തേടുന്നതും, സന്തോഷങ്ങളും ബഹുമാനങ്ങളും അതിശോഭനമായ ഒരു ഭാവിയും, എന്നുവേണ്ടാ, ജീവൻതന്നെയും അതിന്റെ സുകുമാരാവസ്ഥയിൽ പരിത്യജിക്കുന്നതും, നിങ്ങളുടെ ശ്രേഷ്ഠകുടുംബത്തിന് അവമാനത്തിനും സങ്കടത്തിനും കാരണമാക്കുന്നതും ബുദ്ധിപൂൎവ്വകമോ എന്നു നിങ്ങൾതന്നെ പറയുക. ഇതെല്ലാം എന്തിന്? ഒരു ക്രിസ്ത്യാനിയായതുകൊണ്ടു് എന്താണു നിങ്ങൾക്കാശിക്കുവാനുള്ളതു്? അപമാനവും അപമൃത്യുവും; വേറൊന്നും ഞാൻ കാണുന്നില്ല.

(അണിയറയിൽ പലർകൂടി പാടുന്നു)

പാട്ടു്

(ബമ്പായ് പതിമേവും മട്ടു്)

ലോകാധിനഥൻതന്നാജ്ഞാകരന്മാരും
പുണ്യവാന്മാരും മുദാ— നിരാകുലം
പുണ്യവാന്മാരുംമുദാ. (ലോകാ-)

സ്തോത്രാദികൊണ്ടാരെ വാഴ്ത്തുന്നുവോ പരം
ആദിവ്യചൈതന്യത്തെ— അനാരതം
ആ ദിവ്യചൈതന്യത്തെ. (ലോകാ)

വാക്കിന്നതീതമാംസന്തോഷമോടിവർ
വാഴ്ത്തുന്നു വാഴ്ത്തുന്നിതാ—നിരന്തരം
വാഴ്ത്തുന്നു വാഴ്ത്തുന്നിതാ. (ലോകാ)

മാർഗ്ഗംപിഴച്ചോരിൽ ആരാലുമാവശ്യ
പ്പെട്ടിടാതജ്ഞേയമാം—കൃപാമൃതം
വർഷിപ്പാൻമാത്രം ഹൃദി. (ലോകാ)

പൈതൃകസ്നേഹം വഴിഞ്ഞൊഴുകീടുന്ന
വാത്സല്യപൂർണ്ണൻപിതാ—തനയരിൽ
വാത്സല്യപൂർണ്ണൻപിതാ. (ലോകാ)

൨-ാം രംഗം.

(അഗാപ്പിററസ്സ്, വിക്റ്റർ, മാർട്ടിൻ)

വിക്ററർ— എന്താണാശബ്ദം?

അഗാ— അതു ഞങ്ങളുടെ ക്രിസ്തീയബാലന്മാർ ഈശ്വര സ്തോത്രം ചെയ്യുന്നതാണ്. ക്രിസ്തുമതത്തിൽനിന്നും എന്താദായമാണ് എനിക്കു ലഭിക്കുവാനുള്ളതു് എന്നല്ലയോ വിക്റ്റർ നിങ്ങൾ ചോദിച്ചതു്? ഹാ! എൻെറ സ്നേഹിതാ, എൻെറ മനസ്സിനെ ആനന്ദഭരിതമാക്കുന്ന വിചാരങ്ങളും എൻെറ ഹൃദയത്തെ തുടിപ്പിക്കുന്ന വിചാരങ്ങളും നിങ്ങൾക്കും ലഭിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഇതാ നമ്മുടെ പരിചാരകനായ മാർട്ടിൻ വരുന്നു. (മാർട്ടിൻ പ്രവേശിക്കുന്നു) അവനും ഒരു ക്രിസ്ത്യാനിയാണ്. അവനോടു ചോദിക്കുക. അവൻ എനിക്കുവേണ്ടി മറുപടി പറയും.

വിക്ററർ— ഹേ! മാർട്ടിൻ, നിൻെറ വരവു തക്കസമയത്താണ്. ഇങ്ങോട്ടു മാറിനിന്ന് ഞാൻ ചോദിക്കുന്നതിനു മറുപടി പറയുക. നീ ഒരു ക്രിസ്ത്യാനിയാണോ?

മാർട്ടിൻ— ദൈവത്തിൻെറ തിരുനാമം വാഴ്ത്തപ്പെടട്ടെ! അതെ, യജമാനനേ, ഞാൻ ഒരു ക്രിസ്ത്യാനിയാണ്.

വിക്ററർ— സൂക്ഷിച്ചു വത്തമാനം പറയണം. എൻെറ പിതാവിൻെറ അംഗരക്ഷകന്മാരെ നീ അറിയുമല്ലോ, ഇല്ലേ?

മാർട്ടിൻ— ഞാൻ അവരെ പലപ്പോഴും കണ്ടിട്ടുണ്ട്. ക്രൂരഭാവത്തോടുകൂടിയവരാണെങ്കിലും അവർ വിശ്വസ്തന്മാരും ബലവാന്മാരുമാണെന്നത്രേ എൻെറ അറിവ്.

വിക്ററർ— ആ ക്രൂരഭാവം നീതിന്യായപരിരക്ഷകന്മാർ എന്ന നിലയിൽ അവർക്കുള്ള ഉദ്യോഗത്തിൻെറ ഫലമാണ്. അവരുടെ ആയുധങ്ങളും നീ കണ്ടിട്ടുണ്ടല്ലോ; അവ എന്തിനെന്നാണ് നിൻെറ ഊഹം?

മാർട്ടിൻ— അവ അക്രമികൾക്കെതിരായി ഉപയോഗിക്കുന്നതിനാണെന്നത്രേ ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

വിക്ററർ— അതേ, എന്നാൽ ക്രിസ്ത്യാനികളെക്കാൾ പ്രത്യക്ഷപാതകന്മാർ ആരെങ്കിലുമുണ്ടോ? ദുഷ്ടന്മാരിൽ അഗ്രഗണ്യരാണ് അവർ. ദേവന്മാരുടേയും ചക്രവത്തിതിരുമനസ്സിലേയും ശത്രുക്കളായ അവർക്ക് രാജദ്രോഹികൾക്കു പററിയ നിഷ്ഠുരമരണമാണു വിധിച്ചിട്ടുള്ളത്. കൃപാനിധിയായ ചക്രവത്തിതിരുമനസ്സിലെ തിരുവുള്ളം അവരുടെ പൈശാചികമതത്തെ ഏററവും നിർദ്ദയമായനിയമങ്ങൾകൊണ്ട് നിമ്മൂലമാക്കണമെന്നാണ്. അതു നിനക്കറിയാമോ?

മാർട്ടിൻ— അതെനിക്കറിയാം യജമാനനേ.

വിക്ററർ— എന്നിട്ടും നമ്മുടെ ചക്രവത്തിതിരുമനസ്സിലേക്ക് ഏററവും അസഹ്യമായ ഒരു മതം പരസ്യമായി അംഗീകരിക്കുന്നതിന് നീ തുനിയുന്നുവോ? സൂക്ഷിച്ചുകൊള്ളുക. ഒരൊററ വാക്കുമാത്രം മതി......നിൻെറ കഥ അവസാനിച്ചിരിക്കും. എ

ന്നാൽ നിന്നെപ്പോലെ ഒരു കൊച്ചുമിടുക്കൻ അടികൊണ്ടു പുളയുന്നതും, നിൻെറ ബാലശിരസ്സ് ഒരൊററവെട്ടിനു പൊടിയിൽ കിടന്നുരുളുന്നതും കാണുന്നതിന് എനിക്കു വലിയ സങ്കടമുണ്ട്. ഈ അടുത്തകാലത്തുതന്നെ യുവാക്കന്മാരുടേയും വൃദ്ധന്മാരുടേയും അടിമകളുടേയും സ്വാതന്ത്ര്യന്മാരുടേയും ആയി എന്തുമാത്രം രക്തം ആരാച്ചാരന്മാരുടെ വാളുകൾ കുടിച്ചു കഴിഞ്ഞിരിക്കുന്നു.

മാർട്ടിൻ— ഞങ്ങളുടെ പരിശുദ്ധമതത്തിനുവേണ്ടി എൻെറ അപ്പനും അമ്മയും മരിച്ചിട്ടു രണ്ടുമാസംമാത്രമേ ആയിട്ടുള്ളു. ഈ ലോകംവെടിഞ്ഞ് അവരോടൊന്നിച്ചാനന്ദിക്കുകയും അവരുടെ കൈയിൽ ഇപ്പോൾ ഞാൻ കാണുന്ന ആ വിജയപതാക പാറിക്കുകയും ചെയ്യുന്നതിനു സാധിക്കുന്നതിനേക്കാൾ അസൂയാർഹമായ എന്തൊരു ഭാഗ്യമാണ് എനിക്കു ലഭിക്കുവാനുള്ളത്!

വിക്ററർ — എടാ! മടയാ; വെറും ഭോഷത്തമായ ഭാവനകൾ മാത്രമാണ് നിൻെറ മനസ്സിനെ വ്യാമോഹിപ്പിക്കുന്നത്. ആയുധപാണിയായി വിജയകോലാഹലങ്ങൾ ശ്രവിച്ചുകൊണ്ട് അടർക്കളത്തിൽവീണു മരിക്കുന്ന ധീരയോധപദം ഒന്നുമാത്രമാണ് അസൂയാർഹമായി എനിക്കു തോന്നുന്നത്. ഞാൻ ആഗ്രഹിക്കുന്നത് ഇപ്രകാരമുള്ള ഒരു മരണം; അതേ, ഒരു വീരപുരുഷൻെറ, ഒരു യഥാർത്ഥയോദ്ധാഭടൻെറ മരണമാണ്.

ഗാനം.

(ജയ ജയ ദേശികർ തൊണ്ടർ. എ. മ.)

സഫലമാം— ആ! ഹാ! മനുഷ്യജന്മം. (സഫല)

(അനുപല്ലവി)

രണശൂരത-രണഭൂമിയി-ലതിധീരത-യൊടുകാട്ടുകിൽ (സഫ)

(ചരണങ്ങൾ)

൧. ഉത്തമസ്വരാജ്യസ്നേഹ-മെത്രയോ മഹത്തരം!
കീർത്തനീയമെന്നുവേറേ-ദേശഭക്തിയിൽ പ്പരം!!
ചക്രവർത്തിതൻ ജയത്തി-നായ് മരിക്കുകിൽ-
രണശൂരത രണഭൂമിയി-ലതിധീരത-യൊടുകാട്ടുകിൽ(സഫ)

വ. മർത്ത്യനന്മയോർത്തുസ്വാത്ഥ-മെന്ന്യേ ധന്യധന്യമാം
മൃത്യുകൈവരിച്ചിട്ടന്നൊ-രത്യുദാരചിത്തരാം
എത്രയെത്ര യുദ്ധ-വീരരിദ്ധരിത്രിയിൽ!
രണശൂരത രണഭൂമിയി-ലതിധീരത-യൊടുകാട്ടുകിൽ (സഫ)

അഗാ— (ആത്മഗതം) എത്ര ഉൽകൃഷ്ടചിത്തൻ! എങ്കിലും പാരമ്പയ്യസിദ്ധമായ മുൻവിധികളാൽ അന്ധനായിത്തീർന്നിരിക്കുന്നു. ഏറെത്താമസിയാതെതന്നെ ഉപരിജ്ഞാനം സിദ്ധിക്കുന്നതിനു ദൈവം അവനെ കടാക്ഷിക്കട്ടെ.

വിക്ററർ— അഗാപ്പിററസ്സേ, നിങ്ങളുടെ ദാസനും നിങ്ങളെപ്പോലെതന്നെ വിചാരിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. എന്തോ എങ്ങിനെയോ നിങ്ങളെല്ലാവരും ഒരുപോലെതന്നെ വിചാരിക്കുകയും പറയുകയും ചെയ്യുന്നു. ഇതു് ക്രിസ്ത്യാനികളുടെ ഒരു പ്രത്യേകത എന്നാണ് എൻെറ അച്ഛൻപറയുന്നതു്.

അഗാ— പ്രിയ സുഹൃത്തേ! സ്വരാജ്യത്തിനുവേണ്ടി നിങ്ങളുടെ രക്തം സന്തോഷപൂർവ്വം ചൊരിയുമെന്നല്ലയോ നിങ്ങൾ പറഞ്ഞതു്? ഞങ്ങളുടെ ദൈവത്തിനുവേണ്ടി മരണത്തെവരിക്കുന്നതിന് ക്രിസ്ത്യാനികളായ ഞങ്ങൾ അത്രയും സന്നദ്ധത എന്തുകൊണ്ടു കാണിച്ചുകൂടാ? നിങ്ങൾ ചക്രവത്തിക്കവേണ്ടി മരിച്ചാൽ അദ്ദേഹത്തിന് എത്രതന്നെ പ്രഭാവവും ശക്തിയും ഉണ്ടായിരുന്നാലും ഭക്തിപൂർവ്വകമായ ആ സേവനത്തിന് മതിയായ പ്രതിഫലം നൽകുന്നതിന് അദ്ദേഹത്തിന്ന് സാധിക്കുന്നതല്ല. എന്നാൽ ഞങ്ങൾ സേവിക്കുന്ന സർവ്വവല്ലഭനായ ശ്രീയേശുനാഥനാകട്ടെ, അദ്ദേഹത്തിനുവേണ്ടി ഞങ്ങൾ ബലികഴിക്കുന്ന ഭൌമിക ജീവിതത്തിനുപകരം അത്യുപരിയായ ഒരു പാരത്രിക ജീവിതം ഞങ്ങൾക്കു വാഗ്ദാനം ചെയ്യുന്നു.

വിക്ററർ— നിങ്ങൾ പറയുന്നതിൻെറ അത്ഥം എന്താണ്?

അഗാ— വിളഭൂമികളിലും വൻകാടുകളിലും ഒന്നുപോലെ പ്രകാശിക്കുന്ന സൂര്യനെ നോക്കുക. സ്വച്ഛവും ദീപ്തവുമായ ആ

കാശമണ്ഡലത്തെ നോക്കുക. തൂമന്ദഹാസം തൂകുന്ന സൂൎയ്യബിംബത്തിനു കിഴിൽ അധിവസിക്കുന്നത് എത്ര സന്തോഷപ്രദമാണെന്നു നിങ്ങൾ പറയാറുണ്ടല്ലോ. വിക്റ്ററേ, ഈ കാണുന്ന ആകാശവള്ളപ്പിനപ്പുറത്ത് അവൎണ്ണനീയങ്ങളായ സന്തോഷങ്ങളുടെ വിളനിലമായ ഒരു സ്ഥലം—അതേ ഏററവും പ്രശാന്തമായ സമാധാനത്തിൻേറയും അതികോമളമായ ദിവ്യപ്രഭയുടേയും, അത്യുപരിയായ ആനന്ദമാധുൎയ്യത്തിൻേറയും നികേതനമായ ഒരു പറുദീസാ സ്ഥിതിചെയ്യുന്നു. അതു ഞങ്ങൾ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്ന ദൈവത്തിൻേറ രാജ്യമാണ്. അവിടത്തെ നിത്യാനന്ദത്തോടു തുലനം ചെയ്യുമ്പോൾ, ഭൗതികസന്തോഷങ്ങളെല്ലാം അതിവിരസവും അവിടത്തെ പാരത്രികദീപ്തിയോടു താരതമ്യപ്പെടുത്തുമ്പോൾ അതിഭാസുരമായ സൂൎയ്യകിരണങ്ങൾപോലും നിസ്സാരങ്ങളുമായി പരിണമിക്കുന്നു.

വിക്റ്ററർ— സ്നേഹിതാ, ഇതെല്ലാം കേവലം മായാമയങ്ങളായ ചിത്രങ്ങൾ മാത്രമാണ്. ആനന്ദസംദായകങ്ങളായ ആ ദർശനങ്ങളെല്ലാം നിങ്ങളുടെ ക്രിസ്തീയമാന്ത്രികന്മാരുടെ മന്ത്രശക്തിനിമിത്തം സംഭവിച്ചിട്ടുള്ള മതഭ്രാന്തിയുടെ ഫലമാണ്. ക്രിസ്ത്യാനികളെല്ലാം രാജദ്രോഹികളും, മന്ത്രവാദികളുമാണെന്നത്രേ എൻേറ അറിവ്.

അഗാ— ക്രമേണ നിങ്ങൾ അവരെ ഇതിലും നന്നായി അറിയുന്നതിനിടയാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ പറയുന്നതു നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക. നിങ്ങളുടെ രാജാവിനുവേണ്ടി സ്വന്തംജീവൻ ബലികഴിക്കുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ അദ്ദേഹം നിങ്ങൾക്കുവേണ്ടി മരിക്കുക കൂടി ചെയ്തിട്ടുണ്ടെങ്കിലോ?

വിക്റ്ററർ— അതിനുപകരം ഓരായിരം ആളുകളുടെ ജീവനെ ഞാൻ സസന്തോഷം ബലികഴിക്കും.

അഗാ— ഒരുമനുഷ്യനുവേണ്ടി മരിക്കുന്നതിനു നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളുടെ ദൈവത്തിനുവേണ്ടി ക്രിസ്ത്യാനിക

ളായ ഞങ്ങൾ ചെയ്യുകൂടാത്ത ഏതെങ്കിലും ഉണ്ടോ? ഞങ്ങളുടെ സ്നേഹവിഷയമായ ക്രിസ്തുനാഥൻ കേവലം ഒരു മനുഷ്യൻമാത്രമല്ല; പ്രത്യുത, ഞങ്ങൾക്കുവേണ്ടി പാടുപെട്ടു മരിക്കുന്നതിനു മനുഷ്യാവതാരം ചെയ്ത ദൈവം തന്നെയുമാണ്.

വിക്ററർ— പാടുപെടുകയും മരിക്കുകയും ചെയ്യുന്നതിനു ഒരു ദൈവം മനുഷ്യനായി അവതരിക്കുകയോ! അത്ഭുതം തന്നെ! അല്ല; വിശേഷബുദ്ധിയുള്ള യാതൊരു മനുഷ്യനും ഒരിക്കലും വിശ്വസിക്കുകയില്ല. വെറും ഒരു കെട്ടുകഥതന്നെ.

അഗാ— പ്രിയ സോദരാ, മററുള്ളവർ പറഞ്ഞു കേൾക്കുന്നതെല്ലാം നിങ്ങളും ആലോചനകൂടാതെ ആവർത്തിക്കരുതു്. നഗരാധിപനായ നിങ്ങളുടെ പിതാവു ഏതെങ്കിലും കുററക്കാരനെ അവൻെറ വാദം കേൾക്കാതെ ശിക്ഷിക്കാറുണ്ടോ? അപ്രകാരം ചെയ്യുയാണെങ്കിൽ അതു് ഒരു വലിയ അനീതിയായിരിക്കുകയില്ലേ? പിന്നെ എന്താണ്, ഞങ്ങളുടെ പരിശുദ്ധ മതം ഏതെങ്കിലും തരത്തിൽ നിങ്ങളുടെ ബഹുമാനത്തെ അർഹിക്കുന്നുണ്ടോ എന്നന്വേഷിച്ചറിയാതെ അതിനെ നിങ്ങൾ ആക്ഷേപിക്കുന്നതു്?

വിക്ററർ— ക്രിസ്ത്യാനികൾ ആരാണെന്നും എന്താണെന്നും എനിക്കറിഞ്ഞുകൂടെങ്കിൽ മററുള്ളവർക്കറിയാം; എൻെറ പിതാവിനറിയാം. ചക്രവർത്തിതിരുമനസ്സിലേക്കറിയാം. —അല്ലാ! ആ കാണുന്ന കുട്ടികളെല്ലാം ആരാണ്? (വാതിലിൽക്കൂടെ പുറത്തേക്കു ചൂണ്ടിക്കാണിച്ചിട്ടു്)

അഗാ— ഫ്രെനെസ്റ്റെപട്ടണവാസികൾ, അന്ധമായ മതഭ്രാന്തിയോടുകൂടി കള്ളദേവന്മാരെ ആരാധിക്കുന്നതിനു അവരുടെ ദേവാലയത്തിലേക്കു തിക്കിത്തിരക്കിപ്പോകുന്ന അവസരത്തിൽ ഏകസത്യദൈവത്തിനു സ്തോത്രഗീതങ്ങൾ പാടുന്നതിനും, അദ്ദേഹത്തോടു പ്രാർത്ഥിക്കുന്നതിനുംവേണ്ടി ഇവിടെ വരുന്നതിനു ഞാൻ ആജ്ഞാപിച്ചിട്ടുള്ള ക്രിസ്തീയബാലന്മാരാണ് അവർ. ഞങ്ങൾ അപ്രകാരം........

വിക്ററർ— യാതൊരു തടസ്സവുമില്ല. നിങ്ങളുടെ സംഗീതം കേൾക്കുന്നതു് എനിക്കു വലിയ സന്തോഷമാണ്.

---

## ൩-ാം രംഗം

(അഗാപ്പിററസ്, വിക്റ്റർ, മാർട്ടിൻ, ക്രിസ്തീയബാലന്മാർ)

അഗാ— (കുട്ടികളോട്) സഹോദരന്മാരേ, വരുവിൻ! നമുക്കു നമ്മുടെ ദിവ്യരക്ഷകനെ സ്തുതിക്കാം.

ഗാനം

(നാഥബിന്ദുക്കളാദി നമോനമഃ എ. മ.)

൧ ക്രിസ്തുദേവാ! മമ നാഥാ! നമോ നമഃ
നിസ്തുലാനന്ദ ദാതാ! നമോ നമഃ
സംസ്തുതാ! നരജാതാ! നമോനമഃ—പരിപാഹി. (ക്രി).

൨ ക്രൂശിൽ ജീവനണച്ചു, നരാനപായ-
ക്ലേശമാകെ ഹനിച്ച കൃപാലയാ!
യേശുനായക! നാഥാ! നമോനമഃ—പരിപാഹി. (ക്രി)

൩ ദിവ്യപാദസരോജാ! നമോനമഃ
ഭവ്യദാ, ജതന്തുജാ! നമോനമഃ
ഭൂവ്യഥാഭരം നീക്കും ദയാപര!—പരിപാഹി. (ക്രി)

അഗാ— സഹോദരന്മാരേ, നിങ്ങൾ നമ്മുടെ അമ്മയായ പരിശുദ്ധകന്യകാമറിയത്തിന്റെ പള്ളിയിൽപ്പോയി ഞാൻ വരുന്നതുവരെ അവിടെ താമസിപ്പിൻ.

(ക്രിസ്തീയബാലന്മാർ പോകുന്നു)

വിക്ററർ— നിങ്ങളുടെ ഗാനം കർണ്ണപീയൂഷംതന്നെ എന്നു ഞാൻ സമ്മതിക്കുന്നു. അല്ലയോ! അഗാപ്പിററസ്സേ, ഏക സത്യ ദൈവത്തിനുള്ള സ്തോത്രഗീതം എന്നു് അതിനെപ്പററി നിങ്ങൾ പറയുന്നതെന്താണ്? റോമ്മാനഗരത്തേയും നമ്മുടെ സാമ്രാജ്യത്തേയും പരിരക്ഷിച്ചു വരുന്ന ദേവന്മാർ സത്യദേവന്മാരല്ലെന്നാണോ നിങ്ങളുടെ പക്ഷം? റോമ്മാനഗരം ഭൂലോകത്തിന്റെ നാ

ധയായിപ്പരിലസിക്കുന്നു. റോമ്മാനഗരവാസികളുടെ പൗരാണികദേവന്മാരാകട്ടെ ആ ലോകൈകമഹാനഗരത്തിൻെറ അധിപന്മാരായി 'ക്യാപ്പിറേറാൾ' കുന്നിന്മേലുള്ള അവരുടെ ഉന്നതപീഠങ്ങളിൽ വിജയിക്കുന്നു. പ്രാബല്യത്തിലും ശക്തിയിലും അവർ അജ്ഞാതനായ യാതൊരു പ്രാദേശികദേവൻെറയും പിന്നണിയിലല്ലെന്നുള്ളതു തീർച്ചയാണ്. നിങ്ങൾ ആരാധിക്കുന്ന ഈ യഹൂദദേവൻ പൗരാവകാശമില്ലാത്ത ഒരു വിദേശി എന്നുവേണ്ടാ, ഒളിച്ചോടിനടന്ന ഒരു നിയമഭ്രഷ്ടനല്ലയോ?

അഗാ— പ്രിയ സ്നേഹിതാ, നിങ്ങൾ ഏററവും വലിയ ഒരു തെററിദ്ധാരണയിൽ കുടുങ്ങിയിരിക്കുകയാണ്. അഭിമാനികളായ റോമ്മാക്കാർ വിനയപൂർവ്വം സാഷ്ടാംഗപ്രണാമം ചെയ്യുന്ന ആ ദേവന്മാർ യഥാർത്ഥത്തിൽ ആരാണ്! വഞ്ചനയും തന്ത്രവും മൂലം നമ്മുടെ ജനങ്ങളെ കബളിപ്പിച്ച് അവരുടെ ആരാധനാമൂർത്തികളായിത്തീർന്നിരിക്കുന്ന, മനുഷ്യകുലത്തിൻെറ ശത്രുക്കളല്ലയോ അവർ? നമ്മുടെ പ്രഖ്യാതമായ സാമ്രാജ്യം സ്ഥാപിച്ചുതന്നിട്ടുള്ളത് അവരാരുമല്ല. ലോകത്തിൻെറ നാനാഭാഗങ്ങളിലും തൻെറ തിരുനാമം അറിയിക്കുകയും, അതിനുവേണ്ടി പോരാടുകയും, തൻെറമതം പ്രചരിപ്പിക്കുന്നതിന് വഴി ഒരുക്കുകയും തൻെറ മുന്നോടികളായി പരിചരിക്കുകയും ചെയ്യുന്നതിനു നമ്മുടെ ജനങ്ങളെ ഒരുക്കിയിട്ടുള്ളതു സകല ചരാചരങ്ങളുടേയും നാഥനായ ഏകസത്യദൈവമാണ്. ആ പരമനായകൻെറ പാവനചിഹ്നമായ കുരിശ് 'ക്യാപ്പിറേറാൾ' കുന്നിൻെറ മുകളിൽ മിന്നിത്തിളങ്ങുകയും ദുഷ്ടന്മാരായ അപഹാരികളെല്ലാം അത്യഗാധമായ നരകഗർത്തത്തിൽ തള്ളപ്പെടുകയും ചെയ്യുന്ന ഒരു സുദിനം തീർച്ചയായും അഭ്യാഗതമാകും.

വിക്ററർ— അങ്ങിനെയാണോ നിങ്ങൾ വിചാരിക്കുന്നത്? ഏതായാലും അത് ഒരു കഠിനസമരം കൂടാതെ ആയിരിക്കുകയില്ലെന്നാണു എൻെറ ഭയം. നമ്മുടെ പൗരാണികദേവന്മാർ അവരവരുടെ അമ്പലങ്ങളിൽ ബഹുമാന്യമായ ഒരു സ്ഥാനം അ

ലങ്കരിക്കുന്നതിനും ജനസാമാന്യത്തിന്റെ ഹൃദയവേദികളിലും മനോമുകുരങ്ങളിലും അധിവസിക്കുന്നതിനും തുടങ്ങിയിട്ട നാളുകൾ കുറെ ആയി. അതിനാൽ ഒരു ഭയങ്കരസമരം കൂടാതെ അവരുടെ ഉന്നതപീഠങ്ങൾ അവർ ഒരു യഹൂദനു ഒരിക്കലും വിട്ടുകൊടുക്കുന്നതല്ല.

(രംഗത്തിൽനിന്നും ദൂരെ ചൂണ്ടിക്കാണിച്ചിട്ട്)

അഗാപ്പിററസ്സേ, നോക്കുക; ദേവാലയപരിസരങ്ങളിലേക്ക് ആശാപൂർവ്വം തിക്കിത്തിരക്കി ഗമിക്കുന്ന ആ വലിയ ജനപ്രവാഹത്തെ നോക്കുക. ആഘോഷസൂചകമായ കൂട്ടമണികളുടെ ആമോദനാദം ശ്രവിക്കുക. വീരവാദ്യലയത്തിനൊത്തു ദേവാലയത്തിലേക്കു ദ്രുതഗമനം ചെയ്യുന്ന യോധഗണങ്ങളെ—അതേ, നമ്മുടെ രാജ്യത്തിലെ പൗരുഷകുസുമങ്ങളെ സംവീക്ഷണം ചെയ്യുക. ഉദിച്ചുയർന്നു വരുന്ന ഒരു തലമുറയുടെ അംഗങ്ങളും അരോഗദൃഢഗാത്രന്മാരുമായ ഒരു ബാലസമൂഹം അതാവരുന്നു. ആ കാണുന്ന തടവുകാരത്രയും നമ്മുടെ സേനകളുടെ ഭുജബലത്തിന് നമ്മുടെ ജാതീയദേവന്മാർതന്നെ കീഴ്പ്പെടുത്തിയിട്ടുള്ളവരാണ്. ഇതാ, നിങ്ങളുടേയും എന്റേയും പിതാക്കന്മാർ; ഭൂതകാലപാരമ്പര്യമൂർത്തികളായ പ്രഭുശ്രേഷ്ഠന്മാരും ഉദ്യോഗസ്ഥമേധാവികളും അവരെ തുടർന്നു പുരോഹിതനും അയാളുടെ പരിചാരകന്മാരും. അഗാപ്പിററസ്സേ, ഒരിക്കലുമില്ല. നമ്മുടെ പുരാതനമതം ഇനിയും മൃതപ്രായമായിട്ടില്ല. റോമ്മാനിവാസികളുടെ ദേവന്മാരെ ആരും നിങ്ങൾ വിചാരിക്കുന്നതുപോലെ എളുപ്പത്തിൽ ദേവാലയങ്ങളിലും ഗൃഹാന്തർഭാഗങ്ങളിലുംനിന്നു തുരത്തുകയില്ല.

---

## ൪-ാം രംഗം

(൩-ാം രംഗത്തിലെ പാത്രങ്ങൾതന്നെ. കാവ്യരുടെ ഘോഷയാത്ര അവരുടെ സമീപത്തുകൂടി (രംഗത്തിൽനിന്നുംദൂരെ) ക്

ടന്നുപോകുന്നതിനെ അവർ നോക്കിക്കൊണ്ടു നില്ക്കുന്നു. കാവ്യരുടെ സംഗീതം സ്റ്റേജിനു പുറത്തു്).

ഗാനം.

(ചെഞ്ചുരുട്ടിരാഗം 'ചിതമ്പരംപോകാമൽ' എ. മ. ആദിതാളം)

ദിനംപരമാനന്ദം കൊണ്ടാടാം-ഭുവി
ദേവാധിദേവർതൻപുകൾപാടാം.-ഹാ!ഹാ! (ദി.)

(അനുപല്ലവി)

൧. ദീനതലേശം-ധരണിയിലെന്യേ
ആനന്ദജന്യം-ദിനമിതുധന്യം! (ദി)

൨. ഭൂമിയിലെങ്ങും-പുതുപുകൾപൊങ്ങും
റോമ്മാപ്പുരിമഹാ-ദേവർകൾരംഗം! (ദി.)

ചരണങ്ങൾ

(രാഗം ആനന്ദഭൈരവി)

൧. നിരുപമകീൎത്തി-പ്രചുരിമചാൎത്തി
വിരുതൊടു്ജോവസ്'-ദേവർകൾവാഴ്ക! (ദി)

൨. സൎവ്വചരാചര-ഭരണധുരന്ധര-
രുൎവ്വിയിൽഭവികം-പരംതരും ദേവർ! (ദി)

---

൭-ാം രംഗം

(മുൻരംഗത്തിലേ കഥാപാത്രങ്ങൾതന്നെ)

**വിക്ററർ—** എത്ര ഹൃദയസ്പൃക്കായ ഒരു കാഴ്ച. മതാത്മകമായ ഒരു പ്രചോദനം. എൻെറ ശരീരത്തെ ആകമാനം തുടിപ്പിക്കുന്നു. എനിക്കും ദേവാലയത്തിലേക്കു പോകാതെ തരമില്ല. സ്നേഹിതാ, വരുക. ഈ വിഡ്ഢിത്തങ്ങളെല്ലാം വല്ല അടിമകൾക്കോ പരിചാരകന്മാർക്കോ പററിയതാണു്. നമ്മുടെ സ്ഥാനം അലംകൃതമായ രാജസദസ്സിലാണു്.

**അഗാ—** ലോകമായങ്ങളെല്ലാം വയലുകളിലേ പുഷ്പജാ

ലങ്ങൾപോലെ നാമാവശേഷമായിപ്പോകുന്നു. അല്ലയോ! വിക്റ്ററേ, അവയുടെ നിരൎത്ഥകശോഭകൊണ്ടു നിങ്ങളുടെ കണ്ണുകൾ മങ്ങിപ്പോകുന്നു. നിങ്ങളുടെ ഹൃദയം ഉപദേശിക്കുന്നതു് ഇപ്രകാരമാണ്. "എന്റെ പിതാവു് ഒരു മാന്യസ്ഥാനം അലങ്കരിക്കുന്നു. അദ്ദേഹം പൊതുജനസംതൃപ്തിയുടേയും രാജപ്രസാദത്തിന്റേയും ഭാസുരപ്രഭയിൽ പരിലസിക്കുന്നു. ഒരിക്കൽ എനിക്കും ഉന്നതമായ ഒരു സ്ഥാനം ലഭിക്കും. എന്റെ വിജയദിനം—പ്രതാപകിരീടവുമണിഞ്ഞു് സന്തോഷകോലാഹലങ്ങളോടെ ഞാൻ ജയഘോഷങ്ങൾ കൊണ്ടാടുന്ന ഒരു ദിനം തീൎച്ചയായും ഉണ്ടാകും". കൊള്ളാം വിക്റ്ററേ, ഞാനും ഒരു വിജയം ആഗ്രഹിക്കുന്നുണ്ടു്. എന്നാൽ, അതു ഈ അപഹാസനാടകത്തേക്കാൾ തുലോം യഥാൎത്ഥവും അനശ്വരവുമാണ്. എന്റെ ദിവ്യരക്ഷകന്റെനേരെ എനിക്കുള്ള സ്നേഹവും ഭക്തിയും പ്രദൎശിപ്പിക്കുന്നതിനുള്ള ആഗ്രഹത്താൽ എന്റെ ഹൃദയം എരിയുന്നു. അദ്ദേഹത്തിനുവേണ്ടി യുദ്ധം ചെയ്യുന്നതിന് ഞാൻ അവസാനംവരെ വിശ്വസ്തതയോടും ധൈൎയ്യത്തോടുംകൂടി പ്രവൎത്തിക്കുകയാണെങ്കിൽ എത്ര വലിയ മഹത്വം എനിക്കു സിദ്ധിക്കും! സ്വൎല്ലോകവാസികളുടെ സ്വാഗതവും സ്നേഹമൂൎത്തിയായ എന്റെ ദൈവം എനിക്കു നൽകുന്ന വിജയമകുടവും യഥാൎത്ഥത്തിൽ നിത്യവും രാജകീയവുമായ ഒരു സമ്മാനമാണ്. വിക്റ്ററേ, ഇനി നിങ്ങൾ പറയുക. ഇപ്രകാരമെങ്കിൽ ഒരു ക്രിസ്ത്യാനിയാകുന്നതു അപമാനകരമോ ഭോഷത്തമോ ആണോ? ഒരിക്കലുമല്ല. യഥാൎത്ഥത്തിൽ ലോകത്തിൽവച്ചു ഏററവും അസൂയാൎഹമായിട്ടുള്ളതു ക്രിസ്തീയപദം ഒന്നുമാത്രമാണ്.

---

൩-ാം രംഗം

(അഗാപ്പിററസ്, വിക്റ്റർ, വലേരിയസ്)

വലേരിയസ് — വിക്റ്റർ? എന്താണിതു്. അഗാപ്പിററസ്സ്! നിങ്ങളുടെ കാരണവന്മാരും നിങ്ങളെക്കാൾ വിവേകമുള്ളവ

രും ദേവാലയത്തിൽ സാഷ്ടാംഗപ്രണാമം ചെയ്യുമ്പോൾ നിങ്ങൾ ഇവിടെ വൃഥാ നിൽക്കുന്നോ? അതിസാരവത്തായ ഈ മതശുശ്രൂഷനടക്കുന്ന അവസരത്തിൽ നിങ്ങൾ പാട്ടും കൂത്തും നടത്തുകയോ? ഞാൻ അവിടെ നിന്നപ്പോൾകേട്ട ആ സംഗീതധ്വനി ആരുകപ്പാടെ സംശയാസ്പദമായിരിക്കുന്നു. അഗാപ്പിററസ്സേ, മണിനാദംപോലെ മററുള്ളവരുടെ എല്ലാം ശബ്ദത്തിനു മുകളിൽ ഉയർന്നുകേട്ട ആ സ്വരം ആരുടേതാണ്? തീർച്ചയായും അതു നിന്റെ ശബ്ദംതന്നെയായിരുന്നു. അതിന് യാതൊരുസംശയവുമില്ല. ദേവനിന്ദകന്മാരായ ക്രിസ്ത്യാനികൾ ചക്രവർത്തിതിരുമനസ്സിലെ കഠിന കോപാഗ്നിക്കു പാത്രീഭവിക്കുകയും, തിരുമനസ്സുകൊണ്ട് അവരുടെ ഉന്മൂലനാശം വരുത്തുന്നതിന് ശപഥം ചെയ്യുകയും ചെയ്തിരിക്കുന്ന ഈ അവസരത്തിൽ അപ്രകാരമുള്ള വാക്കുകൾ അതികഠിനമായ ഒരു കുററമായി പരിഗണിക്കപ്പെടുമെന്ന് സകല ദേവന്മാരുടെയും നാമത്തിൽ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. കൃപാനിധിയായ തിരുമനസ്സുകൊണ്ട് നിർദ്ദാക്ഷിണ്യമായി പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ആ മൂഢമതത്തിന്റെ ദ്രുതതരമായ പ്രചാരം എന്റെ പിതാവിന്റെ തൊഴിൽ നശിപ്പിക്കുന്നു. അവരുടെ ആക്രമണം ഇല്ലാതിരുന്നിട്ടുപോലും ഈ അടുത്തകാലത്തു അദ്ദേഹത്തിന്റെ ആദായം ഒന്നിനൊന്നു കുറഞ്ഞുവരുകയാണ്.

അഗാ- (ഹാസ്യരസത്തിൽ) അല്ലയോ! സാധുവായ വലേരിയസ്സേ, നിങ്ങളുടെ വാക്കുകളിൽനിന്നുതന്നെ നിങ്ങൾ പറയുന്നതിന്റെ എല്ലാം ചെമ്പുതെളിയുന്നു. നിങ്ങളുടെ ആ അവസാനത്തെ വാചകം ഉള്ള സത്യം തുറന്നു പറയുന്നുണ്ട്. വലേരിയസ്സേ, നിങ്ങളുടെ മതതിക്ഷ്ണത വെറും ഒരു നാട്യം മാത്രമാണ്. താൻ പരിചരണം ചെയ്യുന്ന ദേവന്മാർ യാതൊരുശക്തിയുമില്ലാത്ത ചൈതന്യരഹിതങ്ങളായ സത്വങ്ങളാണെന്ന് നിങ്ങളുടെ പിതാവിനുതന്നെ അറിയാം. എന്നാൽ ദേവാലയശുശ്രൂഷ ആദായമുള്ള ഒരു തൊഴിലാണ്. ഭക്തരായ ആരാധകരിൽനിന്നും പുരോഹിതനു ലഭിക്കുന്ന വമ്പിച്ച ആദായം നഷ്ടപ്പെടുന്നകാ

ദൃത്തിൽ അദ്ദേഹത്തിനു യോജിക്കാൻതിരെ നിവൃത്തിയില്ലെന്നു മാത്രമേയുള്ളു.

വലേരി— എടാ ദുഷ്ടാ! നി ഞങ്ങളുടെ ദേവന്മാരെ അധിക്ഷേപിക്കുന്നോ?

അഗാ— വെറുതെയിരിക്കു വലേരിയസ്സേ; ഒച്ചപ്പാടുണ്ടാക്കിയതുകൊണ്ടൊന്നും പ്രയോജനമില്ല. ദുർബ്ബലങ്ങളായ നിങ്ങളുടെ ന്യായങ്ങളൊന്നും ഇനി എന്നെ കബളിപ്പിക്കുകയില്ല. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. നിങ്ങളുടെ ദേവന്മാരുടെ സഹായം മേലാൽ എനിക്കു് ആവശ്യവുമില്ല.

വലേരി— വേണ്ടിടത്തോളം പരിഹസിച്ചോളൂ. നിർഭയമായും കൂസൽകൂടാതെയും ദേവന്മാരെ അപഹസിക്കാമെന്നായിരിക്കാം നിന്റെ വിശ്വാസം. എന്നാൽ നിന്റെ പിതാവിന് എത്രതന്നെ പ്രതാപവും സദ്യശസ്സും ഉണ്ടായിരുന്നാലും നീ ഇതിനു തക്കശിക്ഷ അനുഭവിക്കാതിരിക്കുകയില്ല. നീ ഒട്ടും ശങ്കിക്കേണ്ടാ. നിന്റെ അപഹാസതീക്ഷ്ണതയും ഉന്മാദചിത്തതയും ഭേദപ്പെടുത്തുന്നതിനുള്ള മാർഗ്ഗം തീർച്ചയായും എന്റെ പിതാവ് താമസിയാതെ കണ്ടുപിടിച്ചുകൊള്ളും. വ്യാഘ്രത്തെ കൂട്ടിൽനിന്നും സ്വതന്ത്രമാക്കിയാൽ അടുത്തക്ഷണത്തിൽ അതു കഴുത്തിൽ ചാടിപ്പിടികൂടുമെന്നുള്ള വസ്തുത നീ നന്നായി ഓർമ്മിക്കുക.

അഗാ — കൊള്ളാം വലേരിയസ്സേ; നിങ്ങളുടെ പിതാവിന് ക്രിസ്തീയരക്തം ചൊരിയുന്നതിനു മാത്രമേ ആഗ്രഹമുള്ളുവെന്ന് എനിക്കറിയാം. എന്റെ രക്തംകൂടി കുടിക്കുന്നതു് എനിക്കുപൂർണ്ണസമ്മതമാണെന്നു പറഞ്ഞേക്കു.

വലേരി— ഈ മതദ്രോഹി—വിശുദ്ധമായ ഈ സ്ഥലത്തു വച്ചുതന്നെ ഞങ്ങളുടെ ദേവന്മാരെ അപലപിക്കുന്നതിനു മുതിരുന്ന ഈ അഹങ്കാരി—ദഹിച്ചു വെണ്ണീറായിപ്പോകട്ടെ.

അഗാ— ഓഹോ! ഇതൊരു വിശുദ്ധസ്ഥലമാണോ?

വലേരി— അതറിവാൻപാടില്ലായിരുന്നു; ഇല്ലേ? ഇപ്പോ

ക്കുന്ന പ്രതിമയെ ചൂണ്ടിക്കാണിച്ചിട്ട്) അതേ, നാം ഇപ്പോൾ നി ല്ക്കുന്നത് പരിശുദ്ധമായ ഒരു കാവിലാണ്. ഞങ്ങളുടെ ദേവൻ ഇതിനകത്തു് നിഗൂഢവാസം ചെയ്യുന്നു. (പ്രതിമയുടെനേരേ തി രിഞ്ഞ് കൈകൾ നീട്ടിപ്പിടിച്ചുകൊണ്ടു് നന്നായി തലകുനിക്കു ന്നു). ഓ! പ്രതാപവാനായ ദേവാ, ഈ മനുഷ്യകീടത്തെ അമൎത്തു ക. അവിടുത്തെ ഉഗ്രശാപം ഇവന്റെ ശിരസ്സിൽ പതിക്കട്ടെ.

അഗാ— വലേരിയസ്സേ, നിങ്ങളുടെ പ്രാൎത്ഥന ആശപാ സമ്പ്രദമെന്ന് പറവാൻ തരമില്ല.

വലേരി— ഓഹോ! നീ വിറയ്ക്കുന്നോ! ഞാൻ സേവിക്കു ന്നഅജയ്യനായ ദേവൻ ഇതാണ്. അദ്ദേഹത്തിന്റെ ഉഗ്രകോ പം നിന്റെമേൽ നിപതിച്ചിരിക്കുന്നു. ധൈൎയ്യമുണ്ടെങ്കിൽ അ ടുത്തുചെല്ലുക.

അഗാ— എന്തുകൊണ്ടു ഞാൻ അടുത്തുചെന്നുകൂടാ? അതിന്നുകണ്ണുകളുണ്ടെങ്കിലും കാഴ്ചയില്ല. കാതുകളുണ്ടെങ്കിലും കേൾ വിയില്ല. അതിന്റെ ശാപം ഞാൻ എന്തിന്നു ഭയപ്പെടുന്നു?

വലേരി— ഒരടികൂടി നീ മുമ്പോട്ടുവച്ചാൽ നിന്റെ കഥ കഴിഞ്ഞിരിക്കും.

അഗാ— (കുരിശുവരച്ചുകൊണ്ടു്) ബാവായുടേയും പുത്ര ന്റേയും റൂഹാദക്കുദ്ശായുടേയും നാമത്തിൽ (പ്രതിമ താഴെവീണു ഉടയുന്നു).

വലേരി - (വിറച്ചുകൊണ്ടു) എടാ മഹാ പാപീ! എടാ ദു ഷ്ടാ! നിന്റെ ഈ അപരാധത്തിന്ന് നിന്നെ ഞാൻ പഠിപ്പിക്കു ന്നുണ്ടു്.

വിക്ടറർ — (മുമ്പോട്ടു വന്നിട്ടു്) വലേരിയസ്സേ, നില്ക്കൂ; നി ങ്ങൾക്കിപ്പോൾ ഭ്രാന്തുപിടിച്ചിരിക്കുകയാണെങ്കിലും നിങ്ങളുടെ ആ "കോമട്ടി" തല അപകടത്തിലാക്കത്തക്ക ധൈൎയ്യം നിങ്ങൾ ക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അഗാപ്പിററസ്സിനെ വാശി പിടിപ്പിക്കാൻവല്ലവരും പറഞ്ഞോ? ഞാൻ പറയുന്നതു ശ്രദ്ധി ക്കുക. ഇവിടെ നടന്നതിൽ വല്ലതും നിങ്ങളുടെ പിതാവിനോടു

ഉരിയാടിപ്പോയാൽ ഈ കാൎയ്യമാണെ, നിങ്ങളെ ഞാൻ നല്ല പാഠം പഠിപ്പിക്കാതെ വിടുന്നതല്ല. മനസ്സിലായോ?

വലേരി— എന്നാലും വേണ്ടതില്ല. ഞാൻ നിങ്ങളിരുവരേയും പോരിനു വിളിക്കുന്നു. അഗാപ്പിററസ്സേ, കരുതിയിരുന്നോളൂ. ഏറെത്താമസിയാതെ തന്നെ നമുക്കു തങ്ങളിൽ കാണാം. ശരീരം വെളുത്തു വിളറുന്നതുവരെ നിൻെറ രക്തം ബലിപീഠത്തിൽ ചൊരിയാത്തപക്ഷം ഞാൻ മെറെറല്ലസ്സിൻെറ പുത്രനല്ല. (പ്രതിമയുടെ ശകലങ്ങൾ അനേകംപ്രാവശ്യം നമസ്കരിച്ചുകൊണ്ടു് ഒരോന്നായി പെറുക്കി എടുക്കുന്നു).

അഗാ— ക്ഷണത്തിൽപോയി ഡോക്ടറെ വിളിക്കുക. "എൻെറദേവനു വൈദ്യസഹായം ആവശ്യമായിരിക്കുന്നു" എന്നു പറയുക.

വലേരി— (പ്രതിമയുടെ ശകലങ്ങൾ പെറുക്കി എടുത്തശേഷം അഗാപ്പിററസ്സിൻെറ നേരെ കൈ ചൂണ്ടിക്കൊണ്ടു്) ഭദ്രം: അവസാനം ചിരിക്കുന്നവൻെറ ചിരിയാണു ചിരിയെന്നു കരുതിക്കൊള്ളൂ.

(ഹരി, ഹരി, മാധവാ! or ശരി, ശരി, മാമകാ! എ. മ).

ശരി, ശരി, ദ്രോഹി! നീ - കരുതുക നിൻെറ-

ജീവിനാശം —നിൻപരിഹാസം! (ശരി)

ഘോരം! ഘോരം! ദേവദ്രോഹം!- പാരിടമാകവേ ഭീകരശാപം!

ദുഷ്ടാ! നീ പാടുപാ ...പീ! (ശരി)

(വലേരിയസ് പോകുന്നു).

വിക്ററർ— ബലിസമർപ്പണംകഴിഞ്ഞിരിക്കുന്നു. ഇതാ ജനസമൂഹം ദേവാലയത്തിൽനിന്നും പ്രവഹിച്ചു തുടങ്ങുന്നു.

അഗാ— ദൈവത്തിനു കൂടുതൽ സ്വീകാൎയ്യമായ ഒരു ബലിസമർപ്പണം താമസിയാതെതന്നെ നടക്കുന്നതിനു ജഗദീശ്വരൻ കടാക്ഷിക്കട്ടെ. നമ്മുടെ ദിവ്യരക്ഷകനെ തൃപ്തിപ്പെടുത്തുന്നതിനുള്ള യാഗവസ്തു ഞാൻതന്നെയായിരിക്കും.

രംഗം ൭.

(അഗാപ്പിററസും വിക്ററും).

വിക്ററർ - അഗാപ്പിററസ്സേ, ഇതാനമ്മുടെ അപ്പന്മാർ ഇരുവരും ഒരുമിച്ചു ഇങ്ങോട്ടുവരുന്നു. അവർ വളരെ കാൎയ്യമായ എന്തോ സംഭാഷണത്തിൽ ഏൎപ്പെട്ടിരിക്കുകയാണെന്നു തോന്നുന്നു.

അഗാ— നമുക്കു പോകാം. എന്റെ വിജയം ആസന്നമായിരിക്കുന്നു. എന്നാൽ അതു് ഒരു ഭയങ്കരയുദ്ധംകൂടാതെ ലഭിക്കുകയില്ലെന്നു എനിക്കു നിശ്ചയമുണ്ടു്. ക്രിസ്തുവിന്റെ യോദ്ധാവു ധ്യാനവും പ്രാൎത്ഥനയുംമൂലം ആ ഃ ാധനത്തിനു സന്നദ്ധനാകുന്നു. (വിക്ററൊന്നിച്ചുപോകുന്നു).

---

൮-ാം രംഗം.

(അൻറിയോക്കസു്, ലൈസാൻഡർ, പടയാളികൾ)

ലൈസാൻഡർ— ചക്രവൎത്തി തിരുമനസ്സുകൊണ്ടു് ഇന്നു് എന്നെ വളരെയധികം ബഹുമാനിച്ചിരിക്കുന്നു. തിരുമസ്സിലെ ഉദാരബുദ്ധിക്കു് ഞാൻവളരെ വളരെ കടപ്പെട്ടിരിക്കുകയാണു്. എങ്കിലും അദ്ദേഹത്തിന്റെ അടുക്കൽനിന്നും ഒരനുഗ്രഹംകൂടി ലഭിച്ചാൽ ഞാൻ കൃതാൎത്ഥനായി. ഈ വൃദ്ധനായ എന്റെ അഭിമാനസ്തംഭങ്ങളായി പരിലസിക്കുന്നതിനുള്ള സകല ലക്ഷണങ്ങളും തികഞ്ഞു്, അരോഗദൃഢഗാത്രന്മാരായ നാലുപുത്രന്മാർ എനിക്കുണ്ടായിരുന്നു. അവർ യുദ്ധത്തിനു പോവുകയും അതുല്യപരാക്രമത്തോടുകൂടി പോരാടി വീരസ്വൎഗ്ഗം പ്രാപിക്കുകയും ചെയ്തു. പ്രാകാരഭിത്തികളിൽ പററിപ്പിടിച്ചു വളരുന്ന ലതകൾക്കെന്നപോലെ എനിക്കു ഏകാവലംബമായി ഒരു ഓമനപ്പുത്രൻ —അതേ, ഏററവും ഇളയപുത്രൻ— മാത്രമാണു് ഇനി ശേഷിച്ചിട്ടുള്ളതു്. തീൎച്ചയായും എന്റെ വാൎദ്ധക്യദശയിൽ അഗാപ്പിററസ്സ് എനിക്കു അഭിമാനഹേതുവും ആശ്വാസകാരണവുമായിരിക്കും.

അൻറിയോക്കസ് — അഗാപ്പിററസ്സിനെ ഞാൻ നല്ലതുപോലെ അറിയും. പ്രായത്തിൽക്കവിഞ്ഞ പൌരുഷവും പ്രബുദ്ധതയും അവനിൽ വിളങ്ങുന്നുണ്ട്. അവനും വിക്റ്ററും സ്നേഹിതന്മാരാണെന്നറിയുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഈ ഫെനെസ്സേ പട്ടണത്തിലോ, അഥവാ, റോമ്മാനഗരത്തിൽ തന്നെയോ അവരേക്കാൾ സമർത്ഥന്മാരായ രണ്ടു യുവാക്കന്മാരെ കാണുന്നതിന് ഒരിക്കലും സാധിക്കുകയില്ല. പറയുക; നിങ്ങളുടെ പുത്രനുവേണ്ടി ഞാൻ എന്താണ് ചെയ്യേണ്ടതു്? അവനുവേണ്ടി എന്തുംചെയ്യുന്നതിനു ഞാൻ സന്നദ്ധനാണ്. ചക്രവത്തി തിരുമനസ്സിലേ പക്കൽ അവനുവേണ്ടി ശുപാർശ ചെയ്യട്ടെയോ?

ലൈസാ— ആൻറിയോക്കസ്സേ, നിങ്ങൾ എൻെറ ആഗ്രഹം മുൻകൂട്ടി അറിഞ്ഞതുപോലെ തോന്നുന്നു. ചക്രവത്തി തിരുമനസ്സുകൊണ്ട് തൻെറ കുമാരന്മാരുടെ സഹചാരികളും ചെങ്ങാതികളുമായി കുലീനന്മാരായ പത്തു യുവാക്കന്മാരെ തിരഞ്ഞെടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നുവത്രേ. വിക്റ്റർ അവരിൽ ഒരാളായിരിക്കുമെന്നുള്ളതിനുസന്ദേഹമില്ല. അഗാപ്പിററസ്സിന്നു കൂടി ആ ഭാഗ്യവാന്മാരുടെ ഗണത്തിൽ പ്രവേശനം ലഭിക്കുകയാണെങ്കിൽ എൻെറ ആഗ്രഹം സിദ്ധമായി ഭവിക്കും.

അൻറി— സ്നേഹിതാ, ഇതിൽപ്പരം സന്തോഷപ്രദമായ ഒരു കാര്യം എനിക്കു വേറെയില്ല. സുഖദുഃഖങ്ങളിൽ ഉത്തമ സ്നേഹിതന്മാരായിട്ടാണല്ലോ മിക്കവാറും ജീവിതകാലം മുഴുവനും നാം കഴിച്ചുകൂട്ടിയിട്ടുള്ളതു്. നമ്മുടെ സന്താനങ്ങളും നാം പോയ മാർഗ്ഗത്തിൽക്കൂടിത്തന്നെ ചരിച്ചു കാണുന്നതു് ഏററവും വലിയ ഒരു ഭാഗ്യമാണ്. അവർതമ്മിൽ വേർപിരിയുന്നതു ഞാൻ എങ്ങനെ സഹിക്കും. അഗാപ്പിററസ്സിനുവേണ്ടി എൻെറ സകല ശക്തിയും ഞാൻ പ്രയോഗിക്കും.

പാട്ട്

(ചിറപ്പൊന്നാരി എ. മ.)

ജഗത്തിൽപ്പാരം ഉന്നതി നേടി
ജന്മം സഫലമാക്കി വാഴും
പൂ–രു–ഷൻ–ഞാൻ–കീർത്തിമാൻ (ജഗ)

(അനുപല്ലവി)

പെരുമയെഴും ചക്രവർത്തി—
തിരുമനസ്സിന്നിഷ്ടവർത്തി—
പലക്കുമിന്നുള്ളിൽ ജനിക്കുന്നു മോഹം
എനിക്കുള്ള സ്ഥാനം കരസ്ഥമാക്കിടാൻ (ജഗ)

(ദൊഹറ)

മഹിമയേറുമൻറിയോക്കസ്
പുകഴ് പെററ നഗരാധിപൻ
ചക്രവർത്തിയെപ്പോലെ
സാമ്രാജ്യമെങ്ങും സ്വാധീനശക്തിയും
പ്രതാപപ്രാബല്യവുമുള്ളതിനാലെ

(ചരണം)

ഒരിക്കലുമൊരുമടിയുമെന്യെ
ശരിക്കു ദേശഭക്തികാട്ടാൻ
ധരിക്കസേവകർ പലരുണ്ടെങ്കിലും
ഒരുത്തനുമില്ലീഗവർണ്ണരെപ്പോലെ (ജഗ)

നമ്മുടെ ഉദ്ദേശ്യം സാധിക്കാത്ത പക്ഷം ചക്രവർത്തിതിരുമനസ്സിലേ അട്ടക്കൽ എനിക്കുള്ള പ്രാമാണ്യം നഷ്ടീഭവിച്ചുവെന്നുതന്നെ വിചാരിച്ചു കൊള്ളുക. എൻെറ ഉദ്യോഗജീവിതത്തിൽ ഈ പ്രകാരം സൽഗുണസമ്പന്നരായ യുവജനങ്ങൾക്കുവേണ്ടി ശുപാർശചെയ്യുന്നതിനുള്ള സംതൃപ്തിജനകമായ അവസരങ്ങൾ കൂടുതലായും കുററക്കാരെ തേടിപ്പിടിച്ചു ശിക്ഷിക്കുന്നതിനുള്ള അസുഖകരമായ സന്ദർഭങ്ങൾ കുറഞ്ഞുമിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു!! ലൈസാൻഡറേ, ഞാൻ പരമാർത്ഥം പറയുകയാണ്; ഈ ജോലികൊണ്ടു ഞാൻ വിഷമിച്ചു. ക്രിസ്ത്യാനികൾക്കെതിരായി നിരോധനാജ്ഞ പ്രസിദ്ധം ചെയ്തതിൽപ്പിന്നെ അവരെ തേടിപ്പിടിച്ചു എൻെറ കോടതിമുമ്പാകെ കൊണ്ടുവരുന്നതിനു ഊണും ഉറക്കവുമില്ലാതെ പരിശ്രമിക്കുന്ന ആ പുരോഹിതൻ——മെറെറല്ലസ്——ഒരുത്തൻ കാരണമല്ലായിരുന്നെങ്കിൽ- - -:-അല്ല, അതാ, അയാൾ ഇങ്ങോട്ടു വരുന്നു. ഏതെങ്കിലും ഒരു പുതിയ കുററാരോപണമായിരിക്കും; അതിനു സന്ദേഹമില്ല.

൯–ാം രംഗം

(അൻറിഃയാക്കസ്, ലൈസാൻഡർ, മെറെറല്ലസ്)

മെറെറല്ലസ് — പാതകം! മഹാപാതകം! അൻറിയോക്കസ്സേ, പ്രതികാരം ചെയ്യുക. സകല ദേവന്മാരുടേയും നാമത്തിൽ പ്രതികാരം ചെയ്യുക. പാതകിക്കു മരണം. അവൻെറ തോലുരിയുക; അവനെ ദഹിപ്പിക്കുക; അവനെ ജീവനോടെ വലിച്ചു കീറുക.

അൻറി— എന്താണു കാൎയ്യം മെറെറല്ലസ്സേ? ഈ ബഹളത്തിൻെറ എല്ലാം അൎത്ഥമെന്തു്? ഒരു അഗ്നിപൎവ്വതംപോലെ പുകഞ്ഞു മറിയുന്നതെന്തിനു്?

മെറെറല്ലസ് — ദേവന്മാരുടെ ശത്രുവിനെ ഉടൻ ബന്ധിക്കുക. അൻറിയോക്കസ്സേ! നിതി—നിൎദ്ദാക്ഷിണ്യവും വിളംബരഹിതവുമായ നീതി നടത്തുക.

അൻറി – എന്താണുസംഭവിച്ചതു്?

ലൈസാ— ബഹളം കൂട്ടാതെ ശാന്തമായിപ്പറയൂ.

മെറെറ— അതി നിചമായ ഒരു പാതകം! ഏററവും നിഷ്ഠുരമായ കൊലപാതകം!

അൻറി— കേൾക്കട്ടെ; കേൾക്കട്ടെ!

മെറെറ— (ഉടനെ പ്രതിമകാണിച്ചിട്ടു്) നമ്മുടെ ദേവൻെറ ഈ തകൎന്ന പ്രതിമയെ നോക്കുക. ദൈവികവും മാനുഷികവും ആയ സകല നിയമങ്ങളേയും മനഃപൂൎവ്വം ലംഘിച്ചു്, ഒരു ബാലൻ ഈ പ്രതിമ താഴെ എടുത്തെറിയുകയും അതിനെ ചവുട്ടി മെതിക്കുകയും ചെയ്തിരിക്കുന്നു.

ലൈസാ— കാലവൈപരീത്യം വിചിത്രംതന്നെ! അയ്യോ! മഹാദേവന്മാരേ, വളൎന്നുവരുന്ന തലമുറ ഈവ്വിധങ്ങളായ പാപകൎമ്മങ്ങളിൽ ഏൎപ്പെടുകയാണെങ്കിൽ നമ്മുടെ ഗതി എന്തു്? നമ്മുടെ സാമ്രാജ്യത്തിൻെറ ഭാവി സന്ദേഹാസ്പദമായിത്തീൎന്നിരിക്കുന്നു. നാം അതിവേഗത്തിൽ നാശഗൎത്തത്തിലേക്കു നി

പതിക്കുകയാണ്. നമ്മുടെ സാമ്രാജ്യത്തിലേ യുവാക്കന്മാർ ഇത്ര വലിയ ദുഷ്ടന്മാരോ? ഇല്ല; ഇതു വിശ്വസിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ല. ഈ കൃത്യം ചെയ്തതു് ഒരു ബാലനായിരിക്കാൻ ഒരിക്കലും തരമില്ല.

മെറെററ— ശരിതന്നെ ലൈസാൻഡർ; ഒരിക്കലും ഒരു ബാലൻെറ കൃത്യമല്ല. അതു് ഘാതകനായ ഒരു മഹാപാതകിയുടെ അല്ലെങ്കിൽ........

അൻെറി— അവൻെറ പേരു് ഉടൻ പറയുക.

മെറെററ— അവൻെറ പേരോ! ഞാൻ എങ്ങനെയാണു പറയുക?

ലൈസാ— പറയുക. ഇതിലും ലഘുവായ കുററങ്ങൾ പോലും പരസ്യമാക്കുന്നതിനു നിങ്ങൾ മടിക്കാറില്ലല്ലോ. അസാധാരണമായ ഈ സങ്കോചത്തിനു കാരണമെന്തു്?

മെറെററ— നിങ്ങളുടെ മനസ്സിനെ വേദനപ്പെടുത്താതെ കഴിച്ചെങ്കിൽ കൊള്ളാമായിരുന്നു എന്നു ഞാൻ ആഗ്രഹിക്കുന്നു.

അൻെറി— എനിക്കു വൃഥാ കളയുന്നതിനു സമയമില്ല. ഉടനെ അവൻെറ പേരു പറയുക.

മെറെററ— അഗാപ്പിററസ്സ്.

ലൈസാ— എൻെറ മകനോ!

മെറെററ— അതേ അവൻതന്നെ.

ലൈസാ— (ഉച്ചത്തിൽ തീവ്രവികാരത്തോടെ) എടാ ഭ്രാന്താ! ഇതു വെറും കളവാണ്. പറഞ്ഞതു പിൻവലിക്കുക; അല്ലാത്ത പക്ഷം.......(വാൾ ഊരുന്നു).

അൻെറി— അരുതു്. ശാന്തമായിരിക്കൂ ലൈസാൻഡറേ. ഇതൊരു വലിയ പ്രമാദംതന്നെ; സംശയമില്ല.

ലൈസാ— അൻെറിയോക്കസ്സേ, ഇതു വെറുംകളവാണ്. നമ്മിൽ എററവും ഭക്തന്മാരായിട്ടുള്ളവരെപ്പോലെതന്നെ അഗാപ്പിററസ്സും നമ്മുടെ പൂർവ്വന്മാരുടെ ദേവന്മാരെത്തന്നെ ആരാധി

ക്കുന്നു. എന്റെ പുത്രനെ വരുത്തിച്ചോദിച്ചാൽ ഈ വിവരം നിങ്ങൾക്കു പെട്ടെന്നു മനസ്സിലാകും. ഉടൻതന്നെ നമുക്കു പോകാം.

അൻറി— അങ്ങനെ തന്നെ ആകട്ടെ. (പോകുന്നു).

(കർട്ടൻ)

രംഗം. ൧൦.

(അൻറിയോക്കസ്, ലൈസാൻഡർ, മെററല്ലസ്, അഗാപ്പിററസ്)

അഗാ — പിതാവേ, ക്ഷമിക്കണമേ. ഞാൻ ആരാധിക്കുന്നതു് ഏകസത്യദൈവത്തെമാത്രമാണ്. അയ്യോ! നിർഭാഗ്യമേ! കപടദേവന്മാരുടെ പ്രച്ഛന്നവേഷം ധരിച്ചിരിക്കുന്ന നീചപിശാചുക്കളുടെ വഞ്ചനയിൽ ഒരുകാലത്തു് ഞാനും അകപ്പെട്ടിരുന്നു. പാപവലയത്തിൽ നിന്നും ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. ഞാൻ ഇപ്പോൾ അത്യുന്നത ദൈവത്തിന്റെ ഒരു സ്വതന്ത്രപുത്രനും, യേശുക്രിസ്തുവിന്റെ ഒരു വിശ്വസ്തപിൻഗാമിയുമായിത്തീർന്നിരിക്കുന്നു.

ലൈസാ— അയ്യോ! എന്റെ ദേവന്മാരേ! (ഒരു കസേരയിലേക്കുവീഴുന്നു. ഭടന്മാർ അയാളെ താങ്ങുന്നു).

മെററ— എടാ, അണലിസന്തതി, നിന്റെ വിഷപ്പല്ല് പൂർണ്ണമായിവളരുന്നതിനു മുൻപു തന്നെ നിന്റെ തല ഞാൻ തകർക്കുന്നുണ്ട്.

ലൈസാഡർ— ഗാനം.

(നന്മ നിറഞ്ഞോരമ്മേ!. എ. മ).

൧. സ്വർഗ്ഗീയ ദീപ്തിതന്നെ - മാർഗ്ഗദർശിയായെന്നെ
ദുർഘടമേതുമെന്യെ- സദ്ഗതിചേർത്തീടണേ.
നിരവധിഗതി വിഗതികൾ ഭുവി സംഭവിപ്പൂ,
നരതതിയനവധി വിനകളിലാപതിപ്പൂ!
ഭൂമിയിൽ- ജീവിതം- ദുർഘടമായ്!! (സ്വ).

൨. രാകാശശാങ്കൻമങ്ങി താരാഗണങ്ങൾമങ്ങി,
മേഘപടലംപൊങ്ങി- ആകാശമെങ്ങും തിങ്ങി;
നിരുപമഭയമരുളിട്ടമിരുളേറിടുന്നു,
ധരണിയിലിഥംപഥികന്നു ഭയമാർന്നിടുന്നു;
ഭാവിയോ- ആശങ്കാ- പൂരിതമാം. (സ-ച).

ഞാൻ ഒരു ജീവച്ഛവമായിത്തീന്നിരിക്കുന്നു. ഈ ദുരദൃഷ്ടം തീർച്ചയായും എൻെറ മരണകാരണമാണു്. കൊച്ചുകുട്ടികളുടെ നിമ്മല മാനസങ്ങളിൽ തങ്ങളുടെ പൈശാചിക മന്ത്രങ്ങൾ പ്രയോഗിക്കുന്നതിന് ആ പൌരസ്ത്യമന്ത്രവാദികൾ തുനിയുന്നതു് എന്തൊരുകഷ്ടം!

അഗാ— ഹാ! എൻെറ അപ്പാ, സത്യത്തെ ദർശിക്കുന്നതിന് അവിടുത്തെ നേത്രങ്ങൾക്കു് ഇനിയും സാധിക്കുന്നില്ലല്ലോ. മർത്ത്യവർഗ്ഗത്തിൻെറ പരമശത്രുവായ പിശാചു്, അങ്ങെ, ദൈവത്തിൻെറ പുത്രന്മാർക്കു ലഭിക്കുന്ന പ്രകാശത്തിലും സ്വാതന്ത്ര്യത്തിലും നിന്നകററി തൻെറ അടിമത്തത്തിൽ തന്നെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. ഹാ! എൻെറ ദൈവമേ! അക്കാര്യത്തെപ്പററി ആലോചിക്കുമ്പോൾ, ഈ കപടദേവന്മാരുടെ പ്രതിമകളെല്ലാം നിലംപതിച്ചു കാണുന്നതിന് ഞാൻ എത്ര അധികം ആഗ്രഹിക്കുന്നു. ഹാ! എൻെറ യേശുനാഥാ! അങ്ങു നരകത്തെ ജയിക്കുന്നതു കാണ്മാൻ എന്നു ഞങ്ങൾക്കിടയാകും!

മെറെറ— അൻറിയോക്കസ്സേ, നിങ്ങൾ ഇതു കേൾക്കുന്നില്ലയോ? ദേവദൂഷണം വമിക്കുന്ന അവൻെറ നാവു് പിഴുതെടുക്കുന്നതിനു നിങ്ങൾ ആജ്ഞാപിക്കുകയില്ലയോ.

അൻറി— അഗാപ്പിററസ്സേ, ആലോചിച്ചു സംസാരിക്കുക. എരിയുന്ന തീയിൽ എണ്ണയൊഴിക്കാതിരിക്കുകയാണു നിനക്കു നല്ലതു്. ദേവദൂഷകന്മാർക്കു വിധിച്ചിരിക്കുന്ന ശിക്ഷ എത്ര ഭയങ്കരമാണെന്നു നിനക്കറിയാമോ?

അഗാ— ഏക സത്യദൈവത്തെ ഞാൻ ആരാധിക്കുന്നു.

നമുക്കു യാതൊരുപകാരവും ചെയ്യാൻ സാധിക്കാത്തവരും, സംസാരിക്കുന്നതിനോ കേൾക്കുന്നതിനോ കഴിയാത്തവരുമായ ആ കാപടദേവന്മാരുടെ ആരാധനയെ ഞാൻ വെറുക്കുകയും ചെയ്യുന്നു.

മെററ— എടാ ദുഷ്ടാ, പ്രതികാരം ചെയ്യുന്നതിനുള്ള ശക്തി നമ്മുടെ ദേവന്മാർക്കില്ലെന്നോ? അവരുടെ ശാപം ഇപ്പോൾ തന്നെ നിന്നെ ഭസ്മമാക്കും. പ്രബലനായ മഹാദേവാ, അപഹസിതമായ അങ്ങയുടെ കീർത്തിധാവള്യത്തെപ്പരിരക്ഷിക്കുക. അങ്ങയുടെ കോപകാഠിന്യം ഈ മനുഷ്യകീടത്തെ നശിപ്പിക്കട്ടെ.! അവൻെറ രക്തം അഗ്നിയായിപ്പരിണമിച്ച് അവൻെറ ശരീരത്തെ ദഹിപ്പിക്കട്ടെ! അങ്ങയുടെ മിന്നൽപ്പിണരുകൾ അവനെ ചാമ്പലാക്കിത്തീർക്കുകയും അങ്ങയുടെ നിശ്വസനം അവൻെറ ഭസ്മത്തെ കരയിലും കടലിലും വിതറുകയും ചെയ്യട്ടെ! അവൻെറ പൊടിപോലും ഈ ഭൂമിയിൽ കാണാതാകട്ടെ.

അഗാ— കുറെക്കൂടി ഉച്ചത്തിൽ പറയൂ, മെററെല്ലസ്സേ. നിങ്ങളുടെ ദേവന്മാർ കേട്ടില്ലെന്നു തോന്നുന്നു. ഒരു പക്ഷേ ഉറങ്ങിപ്പോയിരിക്കാം; ഉണർത്തുക.

മെററ— ഇനിയും ക്ഷമിക്കുന്നതിന് എനിക്കു സാധിക്കുകയില്ല. അൻറിയോക്കസ്സേ, സാമ്രാജ്യദേവന്മാർക്കുവേണ്ടി പ്രതികാരം ചെയ്യുക. ഈ അവിശ്വാസിയുടെ കഥ കഴിക്കുക.

അൻറി— മതി! മതി! അഗാപ്പിററസ്സ് നമ്മുടെ ദേവന്മാരുടെ മുൻപിൽ ധൂമം അർപ്പിക്കയോ, അല്ലാത്തപക്ഷം മരിക്കുന്നതിന് ഒരുങ്ങുകയോ ചെയ്യട്ടെ. ചക്രവർത്തിതിരുമനസ്സിലേ കല്പന ഇതാണ്. പടയാളികളേ, അവനെ ബന്ധിക്കുവിൻ. (കൈ പിറകോട്ടുപിടിച്ചു കെട്ടുന്നു).

ലൈസാ— ഇതോടുകൂടി എൻെറ അവസാനത്തേ പ്രതിക്ഷയും അസ്തമിച്ചിരിക്കുന്നു.

അഗാ— എൻെറ ജീവിതത്തിലേ ഏററവും വലിയ സന്തോഷാവസരം ഇതു തന്നെ. എൻെറ കൈകളിൽ അണി

ഞ്ഞിരിക്കുന്ന ഈ വിലങ്ങ് എന്നെ എന്റെ ദിവ്യനാഥനോടു കൂടുതൽ ദൃഢമായി യോജിപ്പിക്കുന്നു.

മെററ— ഏറെക്കഴിയുന്നതിനുമുൻപുതന്നെ നിന്റെ ധിക്കാരം ഞങ്ങൾ തീർക്കുന്നുണ്ട്. എന്റെ പന്തവും കത്തിയും തയ്യാറാകുന്നതുവരെ ക്ഷമിക്കുക.

ലൈസാ— ഹാ! എന്റെ ഹൃദയം തകരുന്നു. എന്റെ ഈ വാൎദ്ധക്യാവസ്ഥയിൽ നിരാശ്രയനായിത്തീൎന്ന് നിന്ദ്യവും അവമാനകരവുമായ മരണത്തിനു വിധേയനാകണമെന്നോ എന്റെ വിധി. (എഴുന്നേററിട്ടു) ഹാ! ദേവന്മാരേ, എന്റെ ജീവിതകാലമത്രയും ഞാൻ നിങ്ങളെസേവിച്ചു. നിങ്ങളുടെ ദാസനോടു നിങ്ങൾ ഇത്ര നിർദ്ദാക്ഷിണ്യമായിപ്പെരുമാറുന്നതെന്തുകൊണ്ടു?

അൻറി— പടയാളികളേ, നിങ്ങളുടെ കൃത്യം നിവൎഹിപ്പിൻ, നമുക്ക് ഇവിടെ നിന്നും ഉടനെ പോകണം.

അഗാ— സഹോദരന്മാരേ, എന്റെ കൈകൾ മുറുക്കി കെട്ടുവിൻ. ഞാൻ നിങ്ങളെ വളരെ അധികം സ്നേഹിക്കുന്നു. നിങ്ങളെ ആലിംഗനം ചെയ്യുന്നതിന് ആഗ്രഹിക്കുന്നു.

ലൈസാ— അൻറിയോക്കസ്സേ, ദയാലുവായിരിക്കുക. ദുഷ്പ്രേരണകൾക്ക് വശംവദനായിത്തീൎന്നിരിക്കുന്ന ഒരു സാധു ബാലന്റെ മേൽ കരുണതോന്നണമേ! ദുഷ്ടന്മാർ എന്റെ അഗാപ്പിററസ്സിനെ മന്ത്രം ചെയ്തു മയക്കിയിരിക്കുന്നു. അല്പനേരത്തേക്ക് ദയവായി എന്നെയും അവനെയും തനിച്ചു വിടുക. ഒരുപക്ഷേ, ഒരു പിതാവിന്റെ സ്നേഹവും സങ്കടവും, അവനെ വശീകരിച്ചിരിക്കുന്ന മന്ത്രശക്തിയെ തകർക്കുന്നതിനും അവനെ നേർവഴിക്കുതിരിക്കുന്നതിനും പര്യാപ്തമായേക്കാം.

അൻറി— അങ്ങിനെയാകട്ടെ. ഉപദേശവും അപേക്ഷയും കൊണ്ടു് എന്തു സാധിക്കുമെന്നു ശ്രമിച്ചുനോക്കുക. അതിനിടക്കു് ഞാൻ ചക്രവർത്തിതിരുമനസ്സിലെ സന്നിധിയിൽ എത്തി ഇവനുവേണ്ടി മാപ്പു് അപേക്ഷിക്കാം. ഈ കുട്ടി ചെന്നുകപ്പെട്ടിരിക്കു

നാകുററം ഒട്ടും നിസ്സാരമല്ല. ശ്രമം കൂടാതെ അവനെ ഈ ആപത്തിൽ നിന്നു രക്ഷിക്കാമെന്നു തോന്നുന്നില്ല. തന്റെ കല്പനകൾ അക്ഷരംപ്രതി അനുഷ്ഠിക്കപ്പെടണമെന്ന് ചക്രവർത്തിതിരുമനസ്സിലേക്കുള്ള നിർബന്ധം താങ്കൾക്കും അറിയാവുന്നതാണല്ലോ. ചിലപ്പോൾ നിസ്സാരകാര്യങ്ങൾക്കുപോലും തിരുമനസ്സുകൊണ്ട് അപ്രിയം പ്രദർശിപ്പിക്കാറുണ്ട്. വേണ്ടതുപോലെ പരിശ്രമിക്കുക. പശ്ചാത്തപിക്കുന്നതിനും ഒരു പരിഹാരബലി അർപ്പിക്കുന്നതിനും അഗാപ്പിററസ്സിനെ പ്രേരിപ്പിക്കുക. ഒരു പക്ഷേ ഇനിയും സംഗതികൾ ശുഭമായിപ്പരിണമിച്ചേക്കാം.

ലൈസാ — അക്കാര്യം ഞാൻ ഭരമേററിരിക്കുന്നു.

അൻറ — (അഗാപ്പിററസ്സിനോട്) അഗാപ്പിററസ്സേ, നിന്റെ ജീവൻ നിന്റെ കൈയിലാണിരിക്കുന്നത്; വെറും ഒരു വിഡ്ഢിയെപ്പോലെനീഅതു വലിച്ചെറിഞ്ഞുകളകയില്ലെന്നു വിശ്വസിക്കുന്നു. പടയാളികളേ, അവന്റെ വിലങ്ങ് അഴിച്ചിട്ട് എന്നെ അനുഗമിപ്പിൻ. (പടയാളികൾ കെട്ടഴിക്കുന്നു; മെററല്ലസ്സിനോടു കൂടിപ്പോകുന്നു).

അഗാ (പടയാളികളോട്) അരുതരുത്. ഞാൻ ഏററവും താഴ്മയായി നിങ്ങളോട് അപേക്ഷിക്കുന്നു. ഹാ! എന്റെ നല്ല ദൈവമേ! അവിടുത്തെ തൃക്കരങ്ങൾ എനിക്കുവേണ്ടി ബന്ധിക്കപ്പെട്ടുവല്ലോ. എന്റെ ഈ കൈകളും അങ്ങേനേർക്കുള്ള സ്നേഹത്തെപ്രതി ബന്ധിക്കപ്പെടേണ്ടതല്ലയോ?

ഗാനം.

(താരണിയിൽ അൻപുകൊണ്ടു. എ. മ).

മാടിവിളിച്ചീടുന്നീശോ- അടിയനെ മോദാൽ-
അടിയനെ മോദാൽ- ഈശോ!- അടിമലർക്കൂപ്പാം, (മാ).
൧ കാടതിലലഞ്ഞിടുന്നോ- രാടിനേയും തേടിവന്ന
കാരുണികനായ നല്ലോ- രിടയനീശോയേ!
ഇടയനീശോയേ! നല്ലോ- രിടയനീശോയേ! (മാ).
൨ യേശുവേ! നിൻപാദം ചേരാൻ- ആശയോടെ പാർത്തിരിപ്പേൻ

ആ ശുഭ മുഹൂത്തമിതാ- അഭിഗതമായ് മേ-
അഭിഗതമായ് മേ- ശുഭം- കരഗതമായ് മേ. (മാ).

---

## രംഗം. ൧൧.

(ലൈസാൻഡർ; അഗാപ്പിററസ്.)

ലൈസാ— (സ്നേഹപൂർവ്വം). എൻെറ പ്രിയമകനേ, എൻെറ അഗാപ്പീററസ്സേ, പെട്ടെന്നും അവിചാരിതമായും ഇത്ര വലിയ ഒരാപത്തിൽ നീ അകപ്പെട്ടുവല്ലോ. എത്രമാത്രം നിന്നെ ശപിച്ചാലും അതു് ഒരിക്കലും അധികമാകുന്നതല്ല. എന്നാൽ നിന്നെ ശപിക്കുന്നതിനല്ല, ശാസിക്കുന്നതിനുപോലും എനിക്കു മനസ്സുവരുന്നില്ല. കോപം അനുകമ്പയ്ക്കു വിധേയമായിത്തീരുന്നു. നിനക്കു സംഭവിച്ചിരിക്കുന്ന കഠിന ശിക്ഷകളെപ്പററി ഓർക്കുമ്പോൾ ഞാൻ നിലവിളിച്ചുപോകുന്നു. ഹാ! എൻെറ ദേഹം കിടുകിടെ വിറക്കുന്നു. നിയമദംഷ്ട്രാ നിൻെറ ജീവൻ നഷ്ടീഭവിച്ചിരിക്കുന്നു. അതിനു യാതൊരു സന്ദേഹവുമില്ല. ബാല്യകാലത്തെ ദേവന്മാരേയും പൂർവ്വപിതാക്കന്മാരുടെ വിശ്വാസത്തേയും പരിത്യജിക്കുന്നതിനും നിരത്ഥകവും നിരോധിതവുമായ ഒരു മതം സ്വീകരിക്കുന്നതിനും സാധുവായ എൻെറ പുത്രനെ പ്രേരിപ്പിച്ച പട്ടു വഞ്ചകന്മാർ നശിക്കട്ടെ! എൻെറ പ്രിയപുത്രൻ എന്നിൽനിന്നും അപഹൃതനായ ആ ദിനം ശപിക്കപ്പെടട്ടെ!!

അഗാ— അപ്പാ, ഒരിക്കലും പാടില്ല. ബാല്യകാലത്തിലെ അന്ധവിശ്വാസത്തിൽനിന്നും ഞാൻ വിമുക്തനാവുകയും സാത്താൻെറ വസ്ത്രത്തിനുപകരം, ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യചിഹ്നമായ അങ്കി ധരിക്കുകയും ചെയ്ത ആ സുദിനം വാഴ്ത്തപ്പെടട്ടെ!

ലൈസാ— എൻെറ കുഞ്ഞേ, നീ ഒരു വലിയ വഞ്ചനയിൽ അകപ്പെട്ടിരിക്കുകയാണു്. ഹാ! കഷ്ടം! ദേവദ്രോഹികളായ ഈ നൂതനോപദേഷ്ടാക്കളുടെ അബദ്ധങ്ങളും ദുരുപദേശങ്ങളും എൻെറ പുത്രൻെറ മനസ്സിൽ ദൃഢമൂലമായിത്തീർന്നിരിക്കുന്നു.

ങ്ങൾക്കടിമപ്പെട്ടന്നവരുടെ മനസ്സും ഹൃദയവും അവർ ഇത്ര എളുപ്പത്തിൽ വശംവദമാക്കുന്നതെങ്ങനെയെന്ന് എനിക്ക മനസ്സിലാകുന്നില്ല. ഈ ദ്രോഹത്തിൻെറയെല്ലാം മൂലം മന്ത്രവാദം തന്നെ ആയിരിക്കണം. ഹാ! എൻെറ മകനേ! നീ നിൻെറ പിതാവിനെപ്പോലും വിശ്വസിക്കാതിരിക്കുന്നതെന്തു? അത്യാപൽകരമായ ഈ പദ്ധതി സ്വീകരിക്കുന്നതിനു മുൻപ് നീ എന്തുകൊണ്ട് എന്നോട്ട് ആലോചിച്ചില്ല. ഈ നാശഗത്തത്തിൽപ്പതിക്കുന്നതിന് ഇടയാക്കാതെ നിന്നെ ഞാൻ ശരിയായമാർഗ്ഗത്തിൽക്കൂടെ നയിക്കുമായിരുന്നില്ലയോ? (വ്യസനത്തോടുകൂടി ഇരിക്കുന്നു).

അഗ— (സ്നേഹപൂർവ്വം) പ്രിയ പിതാവേ! എന്നെ തെററിദ്ധരിക്കരുതേ. ഞാൻ ചരിക്കുന്നമാർഗ്ഗം ശരിയായിട്ടുള്ളതാണെന്ന് എനിക്ക പൂർണ്ണബോധമുണ്ട്. ഏറെത്താമസിയാതെതന്നെ നിത്യഭാഗ്യനികേതമായ സ്വർഗ്ഗത്തിൽ ചെന്നു ചേരുമെന്നു ശരണപ്പെട്ടുകയും ചെയ്യുന്നു. എന്നെക്കുറിച്ച് വൃഥാ ഖേദിക്കേണ്ട ആവശ്യമില്ല. എൻെറ ആത്മാവ് സമാധാനത്തിൽ സന്തോഷിക്കുന്നു. രാത്രികാലത്തു് ഗ്രിക്കറിയാൻ പാടില്ലാതെ കുഴയുന്ന ഒരു പാന്ഥനെപ്പോലെ അങ്ങ് ഇനിയും അന്ധകാരത്തിൽ തപ്പിത്തടവി നടക്കുന്ന ആ കാഴ്ച ഒന്നുമാത്രമാണ് എന്നെ വേദനപ്പെടുത്തുന്നതു്.

ലൈസാ— അപ്പോൾ ഞാനും നിൻെറ ഉപദേശം സ്വീകരിച്ച് നീ അകപ്പെട്ട കണിയിൽ ചെന്നു ചാടണം; ഇല്ലേ? കാരണവന്മാരെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതിനു ശ്രമിക്കാതെ അവരുടെ ആഗ്രഹമനുസരിച്ച് പ്രവത്തിക്കുകയാണ് മക്കൾ ചെയ്യേണ്ടതു്

അഗ— (ഒരു മുട്ടുകുത്തികൊണ്ട്) ഞാൻ അങ്ങെവേദനപ്പെടുത്തിയിട്ടുണ്ടെങ്കിൽ ക്ഷമിക്കേണമേ! അങ്ങെ മുഷിപ്പിക്കേണമെന്ന് ഞാൻ ഒരിക്കലും ഉദ്ദേശിച്ചില്ല. അങ്ങയുടെനേർക്ക് എനിക്ക് ഉണ്ടായിരിക്കേണ്ട ബഹുമാനവും സ്നേഹവും ഞാൻ ഒരി

ക്കലും മറക്കുന്നതല്ല. എൻെറ ദൈവം കഴിഞ്ഞാൽ ഏററവും അധികമായി ഞാൻ അങ്ങെ സ്നേഹിക്കുന്നു. ആ നല്ലദൈവത്തെ അറിയുന്നതിനു അങ്ങേക്കു സാധിച്ചിരുന്നെങ്കിൽ അവിടുന്നു എന്നെപ്പോലെതന്നെ അദ്ദേഹത്തെ സ്നേഹിക്കുമായിരുന്നു. (എഴുന്നേൽക്കുന്നു).

ലൈസാ— എന്തു്? രണ്ടുകള്ളന്മാരുടെ നടുവിൽ ഒരടിമയെപ്പോലെ മരിച്ച ആ ഗലിലേയനെ ഞാൻ ആരാധിക്കണമെന്നോ?

അഗാ— ക്രൂസ്ത്യാനികളെപ്പററി യാതൊന്നും അറിയുവാൻ പാടില്ലാത്തവർക്കു യേശുവിൻെറ മതം പരിഹാസവിഷയമായി തോന്നിയേക്കാം. എന്നാൽ അതിൻെറ അംഗങ്ങളാകുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ളവർക്കു് അതു് ശ്രേഷ്ഠവും ഉൽകർഷഹേതുകവുമത്രേ. ഞങ്ങൾ ആരാധിക്കുന്ന ആ ദൈവം നിങ്ങൾ പൂജിക്കുന്ന മനുഷ്യനിർമ്മിതങ്ങളായ വിഗ്രഹങ്ങളിൽനിന്നും എത്ര വ്യത്യസ്തനാണു്. നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നതിനോ, നമ്മുടെ സങ്കടങ്ങൾ കാണുന്നതിനോ കഴിയാത്ത കൃപാവിഹീനന്മാരായ കപടദേവന്മാരത്രേ അവർ. ഞങ്ങളാകട്ടെ, സജീവനായ ദൈവത്തെ— മനുഷ്യഹൃദയത്തിൻെറ അന്ധകാരാവൃതമായ ഉള്ളറകൾപോലും കണ്ടറിയുകയും നമ്മുടെ അതിനിഗൂഢമായ വിചാരങ്ങൾകൂടി മനസ്സിലാക്കുകയും നമ്മുടെ വിലാപങ്ങൾ ശ്രവിക്കുകയും കഷ്ടതകളിൽ നമ്മെ സഹായിക്കുകയും വിശ്വസ്തരായ അനുഗാമികൾക്കു് തന്നോടൊന്നിച്ചു് നിത്യാനന്ദ ജീവിതം വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നു. സത്യദൈവത്തെ അറിയുകയും ആരാധിക്കുകയും ചെയ്യുന്നതു് എത്ര വലിയസന്തോഷം! എത്ര വലിയബഹുമാനം!

ലൈസാ— എൻെറ മകനേ, സന്തോഷത്തിനും ബഹുമാനത്തിനും നിനക്കു യാതൊരു കുറവുമില്ല. എൻെറ ജീവിതത്തിൻെറ പ്രധാനോദ്ദേശ്യം നിനക്കു് ഇവ രണ്ടും സമ്പാദിച്ചു തരിക എന്നതായിരുന്നു. നിനക്കു അനശ്വരമായ ഖ്യാതി നേടിത്ത

രുന്നതിനും നിന്നെ സാമ്രാജ്യത്തിലേ ഏററവും ഉയർന്ന ഉദ്യോഗങ്ങളിലേക്കു് ഉയർത്തുന്നതിനും വേണ്ടി ഞാൻ ദീർഘകാലമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ചക്രവർത്തിതിരുമനസ്സിലേ കുമാരൻെറ സഹചാരികളിൽ ഒരുവനായി നിന്നെ തിരഞ്ഞെടുക്കുന്നതിന് വേണ്ടതു ചെയ്യാമെന്നു് അൻറിയോക്കസ് ഉറപ്പു പറഞ്ഞതു് അല്പം മുൻപുമാത്രമാണ്. എൻെറ പരിശ്രമങ്ങളുടെ എല്ലാം ഫലപ്രാപ്തി ആസന്നമായിരിക്കുന്നു. നിനക്കുവേണ്ടി ഞാൻ പ്രയത്നിച്ചുണ്ടാക്കിയിട്ടുള്ള ആശാജനകമായ വിളവിനെ ഈ കൊടുങ്കാററു് നശിപ്പിക്കുന്നതിന് നീ അനുവദിക്കുമോ? നിൻെറ പിതാവിൻെറ ഔദാര്യത്തെ നീ തിരസ്കരിക്കുമോ? പരിലാളിതങ്ങളായ എൻെറ ആഗ്രഹങ്ങളെയെല്ലാം നീ വ്യർത്ഥമാക്കുമോ? സന്തോഷബഹുമാനങ്ങൾ നിഷ്പ്രയാസം ലഭിക്കാമെന്നിരിക്കെ പീഡനങ്ങളും അപമാനവും നീ കൈവരിക്കുമോ?

അ/ാ—നിരർത്ഥകമായ ഈ സന്തോഷങ്ങളും ആഡംബരങ്ങളുംകൊണ്ടു് എനിക്കെന്തു പ്രയോജനം? ഭൗതിക മാഹാത്മ്യമത്രയും വ്യർത്ഥമാകുന്നു. ലൗകികസന്തോഷങ്ങൾ അനന്തസന്താപഹേതുകവുമാണ്. ഇത്ര നിസ്സാരമായ ഒരു പ്രതിഫലത്തിനുവേണ്ടിയോ ഞാൻ എൻെറ നിത്യജീവിതത്തേയും ആത്മാവിനേയും വില്ക്കേണ്ടതു്. ഐശ്വര്യം, ഇപ്പോൾ നമ്മെ നോക്കി മന്ദഹസിക്കുകയും അടുത്തക്ഷണത്തിൽ നമ്മുടെനേരെ നെററിചുളിക്കുകയും ചെയ്യുന്ന ഒരു ചഞ്ചലചിത്തയായ നായികയാണെന്നത്രേ നമ്മുടെ കവികൾ പറഞ്ഞിരിക്കുന്നതു്. ഈദൃശമായ ഭാഗ്യത്തെ കാംക്ഷിക്കുന്നവർ അവളുടെ അനിശ്ചിതമായ മന്ദഹാസം തേടിക്കൊള്ളട്ടെ! എന്നാൽ, ദൈവത്തിനുമാത്രം നൽകാൻ സാധിക്കുന്നതും ഒരിക്കലും നഷ്ടപ്പെടാത്തതും സുസ്ഥിരവുമായ ഒരു സൗഭാഗ്യമാണു ഞാൻ ആഗ്രഹിക്കുന്നതു്. അതെ,

ഗാനം.

(ശാന്തമാമ്മയിലാട്ടം ൧൪ മങ്കളം തങ്കിട്ടം കാക്ഷി. എ. മ്).

രാഗം: ആനന്ദഭൈരവി. താളം: രൂപകം

പല്ലവി.

ശാശ്വതമായൊന്നുമാത്രം-ശേഷം
നിശ്ശേഷം നാശത്തിൻപാത്രം-മനുജനുഭവി (ശാ.)

(അനുപല്ലവി)

൧. നശിക്ക-മൈഹികമഖിലവും,
ധരിക്ക ക്ഷണികതധരണിയിൽ. (ശാ.)

൨. പലവിധ വിരുതുകൾ, ബഹുമതി,
ചപലഗതിയുലകിതി,ലറിയുക. (ശാ).

൩. സുതരതി സുഭഗരു, മനുവരർ,
ഭൂതകരുമനവധി, യെങ്കിലും- (ശാ).

(ചരണങ്ങൾ)

വിശ്വം മുഴുവനടക്കി ബ്ഭരിക്കിലും,
വിശ്രുതി സർവ്വത്ര നേടിജ്ജയിക്കിലും,
വിത്തമാർജ്ജിച്ചു സുഖിച്ചു വസിക്കിലും,
വിദ്വന്മണി ദീപമായി ലസിക്കിലും,
മരണമതണയുമൊരളവൊരു
നരനിഹവെടിയണമഖിലവും-
ശാശ്വത-മീശ്വര-പാവന-
സേവന-മേവനു-മോർക്കുക. (ശാ).

ലൈസാ— അഗാപ്പിററസ്സേ, ഇതെല്ലാം മരണത്തിൻെറ നഗ്നനൃത്തം കാണുമ്പോൾ ഓടിയൊളിക്കുന്ന വെറും ദിവാസ്വപ്നങ്ങളാണ്. എൻെറ മകനേ! നീ ശാന്തമായി ആലോചിക്കുക. പ്രക്ഷുബ്ധമായ ഇക്കാലത്തു് പീഡനയന്ത്രങ്ങൾ സർവ്വദാ സന്നദ്ധമാണ്.

അഗാ— പ്രിയ പിതാവേ, ഞാൻ മരിച്ചാൽത്തന്നെ എന്താണ്? സ്വരാജ്യത്തിനുവേണ്ടി ഒരു യോദ്ധാവു് കായക്ലേശങ്ങൾ

സഹിക്കുകയും മുറിവുകളേല്ക്കുകയും ചെയ്യുന്നില്ലയോ? എൻെറ സഹോദരന്മാർ യുദ്ധക്കളത്തിൽ മരിച്ചില്ലയോ? എങ്കിലും, ഉജ്ജ്വല നേത്രങ്ങളോടും പൈതൃകമായ അഭിമാനത്തോടുംകൂടി അല്ലാതെ അങ്ങ് ഒരിക്കലും അവരേക്കുറിച്ചു സംസാരിക്കാറില്ലല്ലോ.

ലൈസാ— അവർ ഒരു മഹത്തായ കാര്യത്തിനുവേണ്ടി യുദ്ധംചെയ്തു മരിച്ചു. എന്നാൽ അനധികൃതവും, നിന്ദ്യവുമായ ഒരു മതത്തിനുവേണ്ടി ഒരു രാജദ്രോഹിയുടെ മരണം വരിക്കുന്നതിനിടയാകുന്നതു് അത്യുഗ്രമായ നിരാശയ്ക്കും സങ്കടത്തിനും കാരണമാണു്. എൻെറ ആഗ്രഹങ്ങളെല്ലാം നഷ്ടപ്രായമായിത്തീർന്നിരിക്കുന്നു. പ്രയോജനരഹിതമായ ഖേദവും ദാഹകമായ വ്യഥയുമല്ലാതെ ഈ ജീവിതത്തിൽ മറെറാന്നും എനിക്കു ശേഷിച്ചിട്ടില്ല. ഏറെത്താമസിയാതെതന്നെ അപമാനകരമായ ഈ സംഭവം എൻെറ ജീവനെ നശിപ്പിക്കുകയും നിരാശാകബളിതമായ പ്രേതഗർത്തത്തിൽ എന്നെ അടക്കുകയും ചെയ്യും. (കൈകൊണ്ടു മുഖം മറയ്ക്കുന്നു).

അഗാ— അയ്യോ! എൻെറ പിതാവേ, അങ്ങ് ഇപ്രകാരം വ്യസനിക്കുന്നതിൽ എനിക്ക് അതിയായ സങ്കടമുണ്ടു്. അങ്ങയുടെ അശ്രുകണങ്ങൾ എൻെറ ഹൃദയത്തെ ദഹിപ്പിക്കുന്നു. (ആത്മഗതം) എൻെറ ദൈവമേ! ഏററവും കഠിനമായ ഈ പരീക്ഷാവേളയിൽ നീ എന്നെ സഹായിക്കേണമേ.

ലൈസാ - എൻെറ മകനേ! നിൻെറ പിതാവിൻെറ കണ്ണുനീർ നീ കാണുന്നില്ലയോ?

അഗാ— അയ്യോ! ദയനീയനായ എൻെറ പ്രിയ പിതാവേ! (കരയുന്നു).

ലൈസാ — അഗാപ്പിററസേ, നീ എന്തിനാണു കരയുന്നതു്.

അഗാ— മരണം എന്നെ ലവലേശം ഭയപ്പെടുത്തുന്നില്ല. എന്നാൽ അജ്ഞതയുടേയും മുൻവിധിയുടേയും ഭയങ്കരതമസ്സിൽ അങ്ങ് ആണ്ടുകിടക്കുന്നു എന്നുള്ള ഏകവിചാരം മാത്രമാണു്

എന്നെ വേദനപ്പെടുത്തുന്നത്. അല്ലാ! ഞാൻ എന്തിനു നിരാശപ്പെടുന്നു? എൻെറ രക്തംതന്നെ അങ്ങെ വിമുക്തനാക്കും. അങ്ങയുടെ ബുദ്ധിക്ക് പ്രകാശവും ആത്മാവിന് പ്രസാദവും നല്കുന്നതിനു എൻെറ രക്തം പര്യാപ്തമാകുമെങ്കിൽ അതു് ചൊരിയുന്നതിനു എനിക്കു കൂടുതൽസന്തോഷമുണ്ടു്.

ലൈസാ— അയ്യോ! സാധുവായ ബാലാ, നിനക്കു് മരിക്കുന്നതിനെന്തൊരു താൽപര്യം! എൻെറ മകനേ, നീ ഇവിടെനിന്നും ഓടിഒളിക്കുക. കടലിനപ്പുറമുള്ള എതെങ്കിലും രാജ്യത്തുപോയി രക്ഷപെടുക.

അഗാ – പ്രത്യാശാപൂർവകമായ നിരന്തര പ്രാർത്ഥനയുടെ ഫലമായി എനിക്കു ലഭിച്ചിരിക്കുന്ന മരണത്തിൽനിന്നും ഞാൻ ഓടിഒളിക്കുകയോ? ആപൽസന്ധിയിൽ തൻെറ സ്ഥാനത്തുനിന്നും തെററിമാറുന്ന ഒരു ഭടനെപ്പററി അങ്ങു് എന്തുവിചാരിക്കും? കൂടാതെയും, ഓടിഒളിച്ചതുകൊണ്ടു് എനിക്കെന്തു പ്രയോജനം? രക്ഷപെടുന്നതിന് എന്നെ സഹായിച്ചതിനുവേണ്ടി അവർ അങ്ങെ ബന്ധിക്കുകയും ഒരു പക്ഷേ എനിക്കുപകരം വധിക്കുകതന്നെയും ചെയ്യേക്കാം. അങ്ങനെ ഒരിക്കലും സംഭവിക്കാൻപാടില്ല. അങ്ങേക്കു് എന്തെങ്കിലും ഉപദ്രവം വരുന്നതിലുംഭേദം ഞാൻ ഒരായിരം പ്രാവശ്യം മരിക്കുകയാണു്.

ലൈസാ— ഈ അതികോമളമായ സ്നേഹവാക്യങ്ങളും എററവും തിക്ഷ്ണമായഭക്തിപ്രകടനങ്ങളും എല്ലാം കേവലം ക്ഷണിക നിശ്വസനങ്ങൾ മാത്രമാണ്. എന്നാൽ നിൻെറ പിതാവിൻെറ ആജ്ഞയെ നീ അനുസരിക്കുക; അതാണ് പിതൃഭക്തനായ ബാലൻെറ ലക്ഷണം.

അഗാ— പാപകരമല്ലാത്ത എന്തും ചെയ്യുന്നതിന് എന്നോടാജ്ഞാപിക്കുക. അങ്ങയുടെ കല്പനകളെ ശിരസാവഹിക്കുന്നതിനു ഞാൻ സന്നദ്ധനാണ്.

ലൈസ— (അധികാരപൂർവ്വം) നീ നിൻെറ പിതാവിൻെറ ദേവന്മാരെ ആരാധിക്കുക.

അഗാ— എൻെറ പിതാവേ! ആ ഒരു കാൎയ്യമൊഴിച്ച് ബാക്കി എന്തെങ്കിലുമാകട്ടെ.

ലൈസാ - ഞാൻ ആജ്ഞാപിക്കുന്നു.

അഗാ— അയ്യോ! ഞാൻ എൻെറ പിതാവിനെ അനുസരിക്കുകയും എൻെറ ദിവ്യരക്ഷകനെ ദ്രോഹിക്കുകയും ചെയ്യണമോ?

ലൈസാ— എടാ ധിക്കാരി! നീ എൻെറ മുൻപിൽനിന്നു പോ. നിൻെറ മതഭ്രാന്തിനെ ലഘൂകരിക്കുന്നതിന് വാദങ്ങളും, തർക്കങ്ങളും, അഭ്യൎത്ഥനകളും ഒന്നുപോലെ അശക്തങ്ങളായിത്തിർന്നിരിക്കുന്നു. ഒരു മാർഗ്ഗം മാത്രമാണ് ശേഷിച്ചിട്ടുള്ളത്. അതുതന്നെ സന്ദേഹാസ്പദവുമാണ്. ചക്രവൎത്തി തിരുമനസ്സിലെ കാരുണ്യം അപേക്ഷിക്കയും കുറെ ദിവസത്തേക്ക് അവധി ചോദിക്കുകയും മാത്രമാണ് ഇനി ചെയ്യാവുന്നത്. അഗാപ്പിററസ്സേ, ഞാൻ ചക്രവൎത്തി തിരുമനസ്സിലേ അനുമതി വാങ്ങി വരുന്നതുവരെ നീ വീട്ടിനകത്തൊളിച്ചിരുന്നുകൊള്ളുക.

അഗാ— അയ്യോ! എൻെറ പ്രിയപിതാവേ! എൻെറ നിത്യസൌഭാഗ്യത്തെ തടയരുതേ! ഇനി എങ്കിലും താമസംകൂടാതെ ഞാൻ മരിച്ചുകൊള്ളട്ടെ!

ലൈസാ— ഉടനെ പോവുക.

അഗാ— ദൈവത്തിൻെറ അനുഗ്രഹങ്ങൾ അങ്ങയുടെ മേൽ വർഷിക്കുന്നതിനു ഞാൻ പ്രാൎത്ഥിച്ചുകൊള്ളാം.

ലൈസാ— നിൻെറ ഈ ഭോഷത്തത്തിൽനിന്നും രക്ഷപെടുന്നതിനുവേണ്ടി പ്രാൎത്ഥിക്കുകയാണ് കുറെക്കൂടിഭേദം.

ഗാനം.

(അപ്പാമാണ്ടയൊ എ. മ).

അരുമസുതാ- ഓമൽസുതാ!
അരുതേവൃഥാ യീസാഹസം
അരുതേ-അരുതേ-അരുതേ-അരുതേ,
അരുതേ-അരുതേ-അരുതേ-അരുതേ. (അരുമ)

അധിരാജൻ സ -
ന്നിധിയിൽച്ചെന്നു ഞാൻ
മാപ്പപേക്ഷിപ്പാൻ പോകുന്നിതാ (അരുമ)

അഗാ-- ക്രിസ്തുമാത്രമാണ് ഏകസത്യദൈവം. അദ്ദേഹത്തെമാത്രം ഞാൻ ആരാധിക്കുന്നു. അങ്ങയുടെ കല്പനപ്രകാരം ഇതാ ഞാൻ പോയിക്കഴിഞ്ഞു. (അഗാപ്പിററസ്സ് പോകുന്നു).

൧൨-ാം രംഗം.

(ലൈസാൻഡർ).

ലൈസാ— ഏററവും ശക്തിയേറിയ ആയുധങ്ങൾപോലും ബാലൻെറ ദൃഢനിശ്ചയത്തെ ഇളക്കുന്നതിനു മതിയാകുന്നില്ല. ഭീഷണിയും മരണവും അവനെ ലേശംപോലും അധൈര്യപ്പെടുത്തുന്നില്ല. സന്തോഷബഹുമാനങ്ങളെ അവൻ നിന്ദാപൂർവം തിരസ്കരിക്കുന്നു. പിതാവിൻെറ സ്നേഹവും സങ്കടവുംമാത്രമാണ് അവൻെറ ഹൃദയത്തെ അല്പമെങ്കിലും ഇളക്കുന്നത്. എൻെറ ഏകായുധം അതുമാത്രമാണ്. അതിനെ ഞാൻ ശക്തിയായി പ്രയോഗിക്കണം. ഈ സാധുബാലനെ രക്ഷിക്കുന്നതിനുവേണ്ടി അൻറിയോക്കസുമായി ആലോചിക്കുകതന്നെ. പ്രേമഭാജനമായ എൻെറ പുത്രനെ വലയം ചെയ്യുന്ന ആപത്തുകളോടെല്ലാം മല്ലിടുന്നതിന് എൻെറ ചെറുപ്പകാലത്തെ ഊർജ്ജിതം വീണ്ടും തിരിച്ചു വരുന്നതുപോലെ എനിക്കു തോന്നുന്നു. അമർത്ത്യന്മാരായ ദേവന്മാരേ, എൻെറമേൽ അനുകമ്പ തോന്നി എൻെറ പരിശ്രമങ്ങളുടെ വിജയത്തിനായി നിങ്ങൾ അനുഗ്രഹിക്കണേ!

(കർട്ടൻ)

൧൩-ാം രംഗം
(ക്രിസ്തീയ ബാലന്മാർ).

തിയോഫിലസ്— അഗാപ്പിററസ്സിൻെറ പിതാവായ ലെസാൻഡറിനെ അല്പം മുമ്പേ ഞാൻ കണ്ടു.

ഫെലിക്സ്— അതേ, അഗാപ്പിററസ്സിൻെറ പ്രലോഭകൻ! പിശാചിൻെറ ഏജൻറുദ്യോഗം അയാൾ വളരെ ഭംഗിയായി നിർവഹിക്കുന്നുണ്ട്. അഗാപ്പിററസ് മതപരിവർത്തനം ചെയ്ത വാർത്ത നിങ്ങൾ കേട്ടില്ലയോ? നഗരാധിപൻെറ ഭീഷണികളെല്ലാം അവൻ കൂസൽകൂടാതെ കേട്ടു. എന്നാൽ പിതാവിൻെറ അശ്രുകണങ്ങൾക്ക് അവൻ അടിമപ്പെട്ടു.

ഹിപ്പോലിററസ്— അങ്ങിനെയെല്ലാം ആളുകൾ പറയുന്നുണ്ട്; എന്നാൽ അതൊന്നും ഞാൻ വിശ്വസിക്കുകയില്ല.

മർസെലിൻ അഗാപ്പിററസ്സിനെ നാം അറിയുന്നതല്ലേ. അവൻെറ ആത്മാവിൽ ദൈവവരപ്രസാദം അത്യത്ഭുതകരമായ പരിവർത്തനങ്ങൾ സാധിച്ചിരിക്കുന്നു. ആ ശ്രേഷ്ഠവരങ്ങൾ പ്രകൃതിയുടെ ഏററവും ശക്തിമത്തായ ചോദനകൾക്കുപോലും വിധേയമാകുന്നതല്ല.

ദിയോദാരസ് - അഗാപ്പിററസ്സിനെപ്പോലുള്ള ഒരു പ്രിയപുത്രന് പിതാവിൻെറ ദുർവഹമായ ദുഃഖം തീർച്ചയായും ഒരു വലിയ പരീക്ഷതന്നെ ആയിരിക്കും. കഴിയുന്നവിധത്തിലെല്ലാം നമുക്കവനെ ആശ്വസിപ്പിക്കാം.

തിയോഫിലസ്— അവനെ ഇപ്പോൾ നഗരാധിപൻെറ കോടതിമുൻപാകെ ഹാജരാക്കിയിരിക്കുകയാണ്. അവൻെറ വിശ്വാസത്തെ തകർക്കുന്നതിന് പഠിച്ചപണിപതിനെട്ടും പ്രയോഗിക്കുന്നതിനാണ് അൻറിയോക്കസ് ഉദ്ദേശിക്കുന്നതു്. അവനെ വശത്താക്കുന്നതിന് ഭീഷണി, സ്തുതി, ദണ്ഡനം, മുതലായ സകല തന്ത്രങ്ങളും അദ്ദേഹം പ്രയോഗിക്കും.

ഹിപ്പോലിററസ്— ഈ ഭയങ്കരപരീക്ഷ ജയിക്കുന്നതിനു

സാധിക്കുമെങ്കിൽ അവൻ ഭാഗ്യവാൻതന്നെ. അനേകധീരസമരങ്ങൾക്കുശേഷമേ അവന് വിജേതാവിന്റെ സമ്മാനം ലഭിക്കയുള്ളൂ.

മർസെലിൻ — അതേ, നിശ്ചയമായും അഗാപ്പിററസ് വിജയമുദ്രാവിഭൂഷിതനായിത്തീരും.

ദിയോദാരസ് -- അക്കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. ഇതാ വിക്ററർ ഇങ്ങോട്ടുവരുന്നു. കാര്യങ്ങൾ എങ്ങിനെ ഇരിക്കുന്നു എന്ന് ഒരു പക്ഷേ അയാൾക്കറിയാമായിരിക്കാം.

രംഗം ൧൪.

(ക്രിസ്തീയബാലന്മാരും വിക്ററും).

ഫെലിക്സ് — നിങ്ങൾ അഗാപ്പിററസ്സിനെ കാണുകയോ അവനോടു സംസാരിക്കുകയോ ചെയ്തോ?

വിക്ററർ — പടയാളികൾ അവനെ അരമനയിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് ഞാൻ അവനെ ഒന്നു കാണുകയുണ്ടായി. അപ്പോൾ അവൻ ഇപ്രകാരം എന്നോടു പറഞ്ഞു: സ്നേഹിതാ, എന്റെ ദിവ്യരക്ഷകനുവേണ്ടി യുദ്ധം ചെയ്യേണ്ട സമയം ഇതാ ആഗതമായിരിക്കുന്നു. മരണത്തെ ഞാൻ ഭയപ്പെടുന്നില്ല. എന്നാൽ എന്റെ പിതാവിന്റെ അശ്രുകണങ്ങൾ എന്നെ പര്യാകുലനാക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ദൈവസഹായം അഭ്യർത്ഥിക്കുന്നതിനും എന്റെ ക്രിസ്തീയ സഹോദരന്മാരോടു പറയുക."

മർസെലിൻ -- അതേ, നമുക്ക് അഗാപ്പിററസ്സിനുവേണ്ടി പ്രാർത്ഥിക്കാം. വിശ്വസ്ത ദാസനായ അഗാപ്പിററസ്സിന് തന്റെ ശത്രുക്കളെ ജയിക്കുന്നതിനും മോക്ഷരാജ്യത്തിൽ യുവരക്തസാക്ഷികളുടെ മഹനീയ ഗണത്തിൽ പ്രവേശനം ലഭിക്കുന്നതിനും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ഗാനം

(ഇംഗ്ലീഷ് നോട്ട് ചായ്പ്പ്).

(കാണേനമ്പി ഉമ്മയേ. ൧൪, കാക്കും ദേവ. എ മ).

൧. കാത്തരുൾക സന്തതം— യേശുനാഥാ,
ചേർത്തരുൾക മംഗളം- ദൈവസുതാ,
ലോകവൻ മായകൾ ഘോരതരം
ആകുലം ലോകത്തിൽ ചേർത്തനേരം,
പാർത്തലേ- മർത്ത്യനായ് - ആത്താവ- താരനാം
ക്രിസ്തുവേ, കരുണാലയനേ? സ്തോത്രം- സ്തോത്രം. (കാ).

൨. യേശുവേ, ദയാനിധേ- നൽകവരം,
ദാസനാമഗാപ്പിററസ്- ധീരധീരം,
സത്വരം മൃത്യുവും കൈവരിച്ച്
രക്തസാക്ഷിമുടിയും ധരിച്ച്,
നിത്യവു - സിദ്ധരോ-ടൊത്തവൻ-യേശുവും-
നിസ്തുലമവി കീർത്തികൾ ദിവിപാടിടുവാൻ. (കാ).

കർട്ടൻ.

## ൨-ാം അങ്കം

### ൧-ാം രംഗം

(അൻറിയോക്കസ്, ലൈസാൻഡർ, പടയാളികൾ)

അൻറി— (ഇരുന്നുകൊണ്ട്) അപ്പോൾ, ഭീഷണിയോ ബലാൽകാരമോ കൊണ്ട് അഗാപ്പിററസ്സിനെ വശത്താക്കുന്നതിനു സാധിക്കുകയില്ല. അവനു നിങ്ങളോടുള്ള സ്നേഹം ഒന്നു മാത്രമാണ് ഇനി ശേഷിച്ചിട്ടുള്ള ആശ്രയം; അല്ലേ? കൊള്ളാം. നമ്മുടെ ശ്രമം മുഴുവൻ അവൻെറ ഹൃദയത്തെ ഇളക്കുന്നതിനായിരിക്കണം. വാളുകൊണ്ടു സാധിക്കാത്തതു കണ്ണുനീർകൊണ്ടു വിജയം നേടണം. നമുക്കു ധൈര്യപൂർവ്വം പ്രവർത്തിക്കാം. നമ്മുടെ യുക്തിപൂർവമുള്ള പ്രവർത്തനങ്ങൾക്ക് അഗാപ്പിററസ് തീർച്ചയായും അടിമപ്പെടും. അല്ല; ഇപ്പോഴാണ് ഞാൻ ഒരു കാ

ഷ്ടം ഓർത്തു്. ഈ നയം നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ അത്ര വിജയപ്രദമാകുമോ? സാമ്രാജ്യദേവന്മാരിലുള്ള വിശ്വാസത്തോടൊപ്പം സ്വദേശസ്നേഹം, സ്വജനഭക്തി മുതലായ സകലമുഖ്യ വികാരങ്ങളേയും ഉന്മൂലനം ചെയ്യുക എന്നതു് ക്രിസ്ത്യാനികളുടെ പതിവല്ലേ?

ലൈസാ— അതു വാസ്തവമാണെങ്കിൽ അഗാപ്പിററസ് ഈ സാമാന്യനിയമത്തിന് ഒരു അപവാദമാണെന്നുള്ളതു് ആശ്വാസകരം തന്നെ. അവൻെറ ഹൃദയം കവിഞ്ഞൊഴുകുന്ന സ്നേഹനിർഝരിയിൽ വിഷം കലർത്തുന്നതിന് അവരുടെ നിഷ്ഠുര ബോധനങ്ങൾക്കു് ഇനിയും കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ താൻ മൂലം എൻെറ മരണത്തിനിടയായേക്കാമെന്നുള്ള വിചാരം പോലും അവനെ ഉഗ്രസന്താപസാഗരത്തിൽ നിമഗ്നനാക്കി. അവന് നസ്രായദേവനോടുള്ള പ്രേമത്തെ അവൻെറ പിതൃസ്നേഹം ജയിച്ചമർത്തുമെന്ന് എനിക്കു പൂർണ്ണബോധമുണ്ടു്.

അൻറി— (എഴുന്നേററു്) സൌഭാഗ്യദേവത ധീരന്മാരിലാണു് പ്രസാദിക്കുന്നതു്; ഇതാണു് എൻെറ ആദർശം. പ്രത്യേകിച്ചും ഇത്ര സൽഗുണസമ്പൂർണ്ണനായ ഒരു ബാലൻെറ ജീവൻ അപകടത്തിൽപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് നമുക്കു ധൈര്യപൂർവ്വം പ്രവർത്തിക്കാം. നിങ്ങളുടെ കുടുംബജീവിതം വീണ്ടും സൌഭാഗ്യപ്രദമായിത്തീർന്നു കാണുന്നതിന് യഥാർത്ഥത്തിൽ എനിക്കു് വലുതായ ആഗ്രഹമുണ്ടു്. മാത്രമല്ല, നിങ്ങളുടെ പുത്രൻെറ ഭാവി ശോഭനമായിത്തീരുന്നതിനു യഥാശക്തി പ്രവർത്തിക്കുവാനും തയ്യാറുണ്ടു്. എന്നാൽ, അവൻ ഈ വിഡ്ഢിത്തത്തിൽ സ്ഥിരമായി നില്ക്കുകയാണെങ്കിൽ— അയ്യോ! മഹാദേവന്മാരേ, അതിനിടയാക്കരുതേ— ചക്രവർത്തിതിരുമനസ്സിലെ ആജ്ഞയനുസരിച്ചു് അവന് മരണശിക്ഷ വിധിക്കുക എന്നതു് എനിക്കു് ഏററവും സങ്കടകരമായ ഒരു ചുമതലയായിരിക്കും. ഇപ്പോൾ അഗാപ്പിററസ് എവിടെയാണു്.

ലൈസാ— എന്നെ പ്രതീക്ഷിച്ചു വീട്ടിൽ ഇരിക്കുകയാണു്.

അൻറി— കൊള്ളാം; എൻെറ ഭടന്മാർ അവനെ ഇവിടെ കൊണ്ടുവരും. അല്ലയോ ലൈസാൻഡറേ, നിങ്ങളെ ഇപ്പോൾ അവൻ കാണരുതു്. പ്രാരംഭവേലകളെല്ലാം ഞാൻ പൂർത്തിയാക്കിക്കഴിയുമ്പോൾ— അതേ അവൻെറ ദൃഢനിശ്ചയം മിക്കവാറും ഇളകിത്തുടങ്ങുമ്പോൾ—പെട്ടെന്നു നിങ്ങൾ പ്രത്യക്ഷപ്പെടുക; അവസാനകൈ പ്രയോഗിക്കുക. അതിക്രൂരമായ മരണത്തിൽനിന്നും വിമുക്തനായ പുത്രനെ ഹൃദയപൂർവ്വം ആശ്ലേഷിക്കുക.

ലൈസാ— അൻറിയോക്കസ്സേ, എൻെറ ക്ഷമകേടിനെ കഴിയുന്നതുപോലെ ഞാൻ നിയന്ത്രിക്കാം. എന്നാൽ നിങ്ങൾ ഈ ഒരു കാൎയ്യം പ്രത്യേകം ഓൎമ്മിച്ചുകൊള്ളണം. അവൻെറ സ്നേഹഭരിതമായ ഹൃദയത്തോടു് വീണ്ടും വീണ്ടും ശക്തിപൂർവ്വം അഭ്യൎത്ഥിക്കുക. അവൻെറ പിതാവിനെ സംബന്ധിക്കുന്ന ഏററവും നിസ്സാരകാൎയ്യംപോലും അവൻെറ ഹൃദയത്തെ തുടിപ്പിക്കാതിരിക്കയില്ല.

അൻറി— ഒരിക്കലും ഭയപ്പെടേണ്ടാ. ഒരു സ്നേഹിതൻെറ കൃത്യം എന്താണെന്നു് നല്ലതുപോലെ എനിക്കറിയാം.

(ലൈസാൻഡർ പോകുന്നു).

൨-ാം രംഗം

(അൻറിയോക്കസ്)

അൻറി— (ചഞ്ചലതയോടുകൂടി അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടു്) എൻെറ ആത്മമിത്രം അതാപോകുന്നു. ഒരു നിമിഷം കൊണ്ടു് അദ്ദേഹത്തിൻെറ പാദവിന്യാസങ്ങളുടെ ലാഘവവും, മുഖത്തിൻെറ പ്രസന്നതയും വളരെ അധികം വർദ്ധിച്ചതുപോലെ തോന്നുന്നു. ഉദയാൎക്കപ്രഭയിൽ വികസിച്ചു പരിലസിക്കുന്ന പ്രഭാതകുസുമങ്ങൾ പോലെ അദ്ദേഹത്തിൻെറ ഹൃദയം നവമായ ഒരു പ്രത്യാശയുടെ ശക്തിയിൽ ഉന്മിലിതമായി ആനന്ദിക്കുന്നു..... എന്നാൽ ഞാനോ? ഞാൻ എന്താണു് ചെയ്യേണ്ട

തു്? എന്റെ ഭാവിജീവിതത്തെ സാരമായി ബാധിക്കാവുന്ന ഏതോ ഗുരുതരമായൊരു തീരുമാനം ചെയ്യാൻ ആരംഭിക്കുന്നതുപോലെ എനിക്കു തോന്നുന്നു. നേരെ എതിർവശങ്ങളിലേക്ക് പോകുന്ന രണ്ടുവഴികൾ ഞാൻ എന്റെ മുൻപിൽകാണുന്നു. അവയിൽ ഒന്നു് പ്രശാന്തമെങ്കിലും പെരുമയില്ലാത്ത ഒരു ഗ്രാമീണ ജീവിതത്തിലേക്കും മറേറതു് സാമ്രാജ്യകേന്ദ്രമായ റോമാനഗരത്തിലേക്കും എന്നെ ആനയിക്കുന്നു. ഇരുഭാഗത്തേക്കും എന്നെ ആകർഷിക്കുന്നതിന് സന്നദ്ധമായി മൈത്രീബന്ധവും ഔന്നത്യകാംക്ഷയും മാർഗ്ഗസന്ധിയിൽ നിലകൊള്ളുന്നു. മൈത്രീബന്ധം എന്നെ മാടിവിളിച്ചിട്ട് "ലൈസാൻഡറിനെ ഉപേക്ഷിക്കരുതേ" എന്നു് ഉപദേശിക്കുന്നു. എന്നാൽ ഔന്നത്യകാംക്ഷയാകട്ടെ എന്റെ കർണ്ണപുടങ്ങളിൽ ഇപ്രകാരം മന്ത്രിക്കുന്നു. അൻറിയോക്കസ്സേ, ഉണരുക! ധൈര്യപൂർവ്വം മുമ്പോട്ടു ഗമിക്കുക. ഇപ്പോഴുള്ളതിനെക്കാൾ വളരെ ഉന്നതമായ ഒരു സ്ഥാനമാണ് നിനക്കു വിധിച്ചിട്ടുള്ളതു്. ഉത്തമമായ മാർഗ്ഗം ഇതിലേതാണെന്നറിയാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ലൈസാൻഡറിനെ ഉപേക്ഷിക്കാതിരുന്നാൽ വിശ്വസ്തനും ഉദാരമതിയുമായ ഒരു സ്നേഹിതൻ എന്ന നിലയിൽ സകലരും എന്നെ പ്രശംസിക്കും. പക്ഷേ, ഹെററനെസ്സ്റ്റ നഗരാധിപൻ എന്നതിൽ കൂടുതലായ ഒരു നില ഒരിക്കലും എനിക്കു ലഭിക്കുകയില്ല. എന്നാൽ സ്നേഹബന്ധത്തെ ബലികഴിച്ചിട്ട്— ലൈസാൻഡറെ പരിത്യജിച്ചിട്ട്— അദ്ദേഹത്തിന്റെ രാജദ്രോഹിയായ പുത്രനെ നിയമാനുസൃതം ശിക്ഷിച്ചിട്ട്— ചക്രവർത്തിതിരുമനസ്സിലെ പ്രസാദം നേടുന്നതിന് പരിശ്രമിച്ചാലെന്തു്? തടവുകാരൻ ഉന്നതവംശജനാണ്. ചക്രവർത്തിയുടെ സംതൃപ്തി സമ്പാദിക്കുന്നതിന് പററിയ കരുതന്നെ. ഈ അടുത്തകാലത്തെ സേവനങ്ങൾ കൊണ്ടുതന്നെ എനിക്ക് യജമാന പ്രീതി സവിശേഷം ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കർത്തവ്യനിഷ്ഠക്ക് നവവും ഉത്തമവുമായ ഒരുദാഹരണം കൂടി കാണിക്കുന്നപക്ഷം അതു് എന്റെ ഭാവിശ്രേയസ്സിനെ സാരമായി സഹായിച്ചേക്കാം. ഞാൻ ചക്രവ

ത്തിരുമനസ്സിലേ ഇഷ്ടസേവകനോ, ഉപദേഷ്ടാവോ ആയിത്തീരുകയില്ലെന്നാർക്കറിയാം. സാമ്രാജ്യഭരണശകടത്തെ നയിക്കുന്നതിനും ഇഷ്ടമുള്ളവരെ ഉയർത്തുന്നതിനും എന്റെ ചുററും ദാനവൃഷ്ടി ചൊരിയുന്നതിനും അപ്പോൾ എനിക്കു സാധിക്കും. ഹാ! സാധിതമായ ഔന്നത്യകാംക്ഷയിൽ അടങ്ങിയിരിക്കുന്ന സംതൃപ്തി എത്രവലുതാണ്...... എന്നാൽ ഈ സംതൃപ്തിയുടേയും സന്തോഷത്തിന്റേയും ഫലമെന്ത്? ഒരു സ്നേഹിതനെ ആപത്തിൽ പരിത്യജിച്ചു എന്നുള്ളസങ്കടകരമായ വിചാരം എന്നെ സദാ അലട്ടിക്കൊണ്ടിരിക്കും. ലൈസാൻഡരുടെ ഭൂതം തന്നെ പ്രേതഗർത്തത്തിൽ നിന്നും എഴുന്നേററു വന്നു് എന്നെ ഇപ്രകാരം ശാസിക്കയില്ലയോ? "അൻറിയോക്കസ്സേ, നീ വിജയിക്കുക! നിന്റെ ബഹുമാനങ്ങളിൽ സന്തോഷിക്കുക! യാതൊരു ശങ്കയും കൂടാതെ പരിത്യജിച്ച ആ പഴയ സ്നേഹിതനെ— അതേ; ഉന്നതിപ്രാപ്തിക്കുള്ള ചവിട്ടുപടിയായി ഉപയോഗിച്ച ആ സ്നേഹിതനെ നീ ഓർമ്മിക്കുന്നുണ്ടോ? ഹൃദയം തകർന്ന ഒരു പിതാവിന്റെ നിരാശയിലും അശ്രുധാരയിലും നീ വിജയിക്കുക! ആനന്ദിക്കുക! എടാ ദുഷ്ടാ! നിന്നെ സമീപിക്കുന്നതിനുപോലും ഞാൻ അറയ്ക്കുന്നു. അന്യായമായി നീ ആർജ്ജിച്ച പ്രാബല്യം എല്ലാം നശിക്കട്ടെ!....." വേണ്ടാ, അത്യാകർഷകമായ ഈ ഔന്നത്യമൊന്നും എനിക്കുവേണ്ടാ. ഞാൻ ലൈസാൻഡരുടെ വിശ്വസ്തസ്നേഹിതനായിത്തന്നെ വർത്തിക്കും. ഔന്നത്യമോഹത്തിന്റെ നിണമണിഞ്ഞപീഠത്തിൽ സത്യസന്ധതയുംസ്നേഹബന്ധവും ഞാൻ ബലികഴിച്ചു എന്നു മററുള്ളവർ പറയുന്നതിനൊരിക്കലും ഞാൻ അനുവദിക്കുകയില്ല. എന്റെ വാഗ്ദാനമനുസരിച്ചു് ഏതെങ്കിലും പ്രകാരത്തിൽ അഗാപ്പിററസ്സിന്റെ ധൈര്യത്തെ ജയിച്ചമർത്തുകയാണ് വേണ്ടതു്. അതിനായി എന്റെ സർവ്വ ശക്തികളും ഞാൻ പ്രയോഗിക്കും.

(കർട്ടൻ)

൩-ാം രംഗം

(അൻറിയോക്കസ്, അഗാപ്പിററസ്, പടയാളികൾ)

അൻറി — (ഇരുന്നിട്ട്) അഗാപ്പിററസ്സേ, അടുത്തു വരിക. ക്ഷണനേരത്തേ സ്വസ്ഥമായ ആലോചന പ്രക്ഷുബ്ധമായ നിൻെറ മനസ്സിനെ ശാന്തതപ്പെടുത്തുകയും അല്പം മുൻപ് നീ ചെയ്തുപോയ അബദ്ധത്തേയും തജ്ജന്യമായ അപകടത്തേയും കുറിച്ച് നിനക്കു പൂൎണ്ണബോധം വരുത്തുകയും ചെയ്തിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. നിന്നെപ്പോലെ, ശോഭനമായ ഭാവിയോടുകൂടിയ ഒരു ബാലൻ അവൻെറ പിതാവിൻെറ മഹത്തായ പ്രത്യാശകളെയെല്ലാം ഭഞ്ജിച്ച് അവമാനത്തിൻേറയും പാതകത്തിൻേറയും നിചമായ അടയാളങ്ങൾ ധരിച്ചുകൊണ്ടു നശിക്കുന്നത് ഏററവും സങ്കടകരമാണ്.

അഗാ— പാതകമോ? എന്തു പാതകമാണ് അവർ എൻെറമേൽ ആരോപിക്കുന്നത്? ദൈവത്തിൻെറ ഭയങ്കരമായ ന്യായാസനത്തിനു മുൻപിൽ ഹാജരാകുന്നതിനൊരുങ്ങുന്നവനെപ്പോലെ എൻെറ മനസ്സാക്ഷിയെ ഞാൻ ശ്രദ്ധാപൂൎവ്വം പരിശോധിച്ചു കഴിഞ്ഞിട്ടുണ്ട്. ദൈവംതന്നെയാണ് എനിക്കു സാക്ഷി. ഞാൻ ആ കുററാരോപണത്തെ ശക്തിപൂൎവ്വം എതിർക്കുന്നു.

അൻറി— എൻെറ കോടതിമുമ്പാകെ നിൻെറമേൽ മതനിന്ദയും രാജദ്രോഹവും ആരോപിക്കപ്പെട്ടിരിക്കുന്നു.

അഗാ— ഞാൻ ഒരിക്കലും അതു ചെയ്തിട്ടില്ല.

അൻറി— ശ്രദ്ധിക്കുക. നീ ക്രിസ്തുവിനെ ആരാധിക്കുന്നില്ലേ? (ദയാപൂൎവ്വം) അതേ സമയംതന്നെ നീ ഞങ്ങളുടെ ദേവന്മാരെ അവമാനിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നു. ചക്രവൎത്തി തിരുമനസ്സിലേ കല്പനയേയും നീ നിന്ദിക്കുന്നു. ഇതു് സ്വൎഗ്ഗത്തോടും ഭൂമിയോടും മറുത്തുള്ള ഒരു മഹാപാപമല്ലെങ്കിൽ പിന്നെ എന്താണെന്ന് എൻെറ ബാലതത്വജ്ഞാനി ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം.

അഗാ— സത്യദൈവമായ ക്രിസ്തുവിനെ ഞാൻ എൻെറ മുഴുഹൃദയത്തോടുകൂടി ആരാധിക്കുന്നു. നമ്മുടെ ആരാധനയ്ക്കും സ്തു

ശ്രൂഷയ്ക്കും ദൈവത്തിനുള്ള പരിപൂൎണ്ണാവകാശത്തെ കവൎന്നെടു ത്തിരിക്കുന്ന ആ ദുഷ്ടാരൂപികളെ പ്രണമിക്കാത്തതുകൊണ്ട് എന്നെ ദൈവവിരോധിയായിപ്പരിഗണിക്കുന്നതിന്റെ ന്യായം?

രാജദ്രോഹത്തെ സംബന്ധിച്ചിടത്തോളം നിഷ്കളങ്കമായ സ്വരാജ്യസ്നേഹത്തിനും രാജഭക്തിക്കും പ്രഖ്യാതമായിത്തീൎന്നിട്ടുള്ള ഒരു കുടുംബത്തിൽ അവശേഷിച്ചിട്ടുള്ള ഏകാംഗത്തിന്റെമേൽ ഈ കുററം ആരോപിക്കുന്നത് അത്ഭുതകരമല്ലയോ? ഞാൻ പറയുന്നതു് അവിടുന്നു് വിശ്വസിക്കണേ. നമ്മുടെ ചക്രവൎത്തി തിരുമനസ്സിലേക്കു് ക്രിസ്ത്യാനികളേക്കാൾ കൂടുതൽ ഭക്തന്മാരായ പ്രജകൾ ആരുമില്ല. ദൈവത്തോടുള്ള ചുമതല കഴിഞ്ഞാൽ പിന്നെ രാജാവിനോടും രാജ്യത്തോടുമുള്ള ചുമതലയാണ് അവർ ഏററവും കാൎയ്യമായിക്കരുതുന്നതു്. നിങ്ങളുടെ കോടതിമുൻപാകെ തന്നെ ക്രിസ്ത്യാനികളുടെമേൽ ആരോപിക്കപ്പെട്ടിട്ടുള്ള കുററങ്ങളുടെ ദീൎഘപട്ടിക ദയവായി ഒന്നു പരിശോധിക്കുക. ക്രിസ്ത്യാനികൾ സകലരും ക്രിസ്തുവിന്റെ അനുഗാമികളാണെന്നുള്ള ഏകാപരാധം മാത്രമേ അവരുടെമേൽ ആരോപിക്കപ്പെട്ടിട്ടുള്ളു. അവർ നല്ല പൌരന്മാരല്ലെന്നു തെളിയിക്കത്തക്ക യാതൊരു സാക്ഷ്യവും ഇതേവരെ സിദ്ധിച്ചിട്ടില്ല. ക്രിസ്തുവിനുവേണ്ടി മരിച്ചിട്ടുള്ളവരിൽത്തന്നെയും സത്യസന്ധന്മാരും ധീരോദാത്തന്മാരുമായ ആളുകൾ, അതേ, സ്വരാജ്യരക്ഷയ്ക്കുവേണ്ടി മുറിവേല്ക്കുകയും രക്തം ചിന്തുകയും ചെയ്തിട്ടുള്ളവർ അനേകരുണ്ടു്.

അൻറി— മതി. മതി. ചക്രവൎത്തി തിരുമനസ്സിലേ കല്പന ധിക്കരിക്കുന്നവരൊക്കെയും രാജദ്രോഹികളത്രേ. അവർ രാജദ്രോഹികളെപ്പോലെ മരിക്കുകയുംവേണം. അതാണു് റോമ്മായിലെ നിയമം. അക്കാൎയ്യം ഏറെത്താമസിയാതെ നീയും വ്യസനപൂൎവ്വം മനസ്സിലാക്കിയേക്കാം. ശ്രദ്ധിച്ചുകേൾക്കൂ. റോമ്മിലേ ദേവന്മാരെ ആരാധിക്കുന്നതിനു മടിക്കുന്നവൎക്കും, രാജകല്പനലംഘിക്കുന്നവൎക്കുള്ള ശിക്ഷതന്നെ. ഇതു രണ്ടും ഒന്നുപോലെ ഗൌരവാവഹമാണു്. അതിനാൽ അനുസരിക്കുക. അല്ലെങ്കിൽ മരിക്കുവാൻ തയ്യാറായിക്കൊള്ളുക.

അഗാ— നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യുക. എന്റെ ദിവ്യനാഥനായ യേശുവിനോടു ഞാൻ വിശ്വാസപ്രതിജ്ഞ ചെയ്തുപോയി. എന്റെ ദിവ്യരക്ഷകൻ നിർഭാഗ്യപാപിയായ എനിക്കുവേണ്ടി മരിച്ചു. അദ്ദേഹത്തിനുവേണ്ടി ഞാൻ സന്തോഷപൂർവ്വം പീഡനങ്ങൾ സഹിക്കും.

അൻറി— എടാ ദുഷ്ടാ! അടുത്ത മുറിയിൽ സജ്ജമാക്കിയിട്ടുള്ള ഭയങ്കരയന്ത്രങ്ങൾ എന്തെല്ലാമെന്നു നിനക്കറിയാമോ? അതിനകത്തേക്കു നോക്കിയിട്ടുള്ള അതിധീരന്മാർപോലും പേടിച്ചു കിടുകിടെ വിറച്ചുകൊണ്ടു പിൻവാങ്ങുകയാണു് ചെയ്തിട്ടുള്ളതു്. ആ കൊലയറയിലെ ഭീകരമായ ആയുധങ്ങൾ നിനക്കും ഒരു നോക്കു കാണണമോ? അല്ലാ, എന്തിനു വേണ്ടെന്നു വയ്ക്കുന്നു. (എഴുന്നേൽക്കുന്നു) ആ മുറിയിലെ രഹസ്യങ്ങൾ അല്പം മനസ്സിലായാൽ തൻമൂലം നിന്റെ ദുശ്ശാഠ്യത്തിന്റെ ഫലത്തെക്കുറിച്ചു് ആശാസ്യമായ ഒരു ഭയം നിനക്കുണ്ടായേക്കാം. പടയാളികളേ, കതകു തുറക്കുവിൻ. (പടയാളികൾ ശബ്ദത്തോടുകൂടി കതകു തുറക്കുന്നു). അഗാപ്പിറസ്സേ, നീ നോക്കുക. അവിടെ എന്തെല്ലാം ഉപകരണങ്ങളും ആയുധങ്ങളും ഉണ്ടെന്നു നീ മനസ്സിലാക്കുക.

ഗാനം.

(കാക്ഷീകൺകാക്ഷിയെ തിരുവനന്തപുരം എ. മ).

പേർത്തും കൺപാർക്ക നീ-കൊലയറഘോരന്തം! (പേ.)

(അനുപല്ലവി)

രാക്ഷസവീരർ നട്ടങ്ങും-യന്ത്രജാലമുണ്ടിതിൽ (പേ.)

(ചരണം)

വാളുളികോടാലീ കുന്തം-കൊടിൽ കത്തി കട്ടാരം,
തോലുരിയും നാനാവിധ-ഘോരായുധശേഖരം,
കാലനൂരിൽപ്പോലും കാൺകില്ലിത്തരം കരുത്തരം!
സന്ധിബന്ധം വേർപെടുത്തും-യന്ത്രമോ ഭയങ്കരം!
ഭീക-രാരവമോടിളകിടും ചക്രം,-നിന്റെ
താരുണ്യത്തിളപ്പേഴുന്ന രക്തം-ആകെ-

വമിപ്പിച്ചീടുവാനതിശക്തം;-എന്റെ-
നാവിതു വർണ്ണിപ്പതിന്നശക്തം!
അറിയും മാംസംക്രൂരം-സിരകൾപെട്ടുംഘോരം-
ഭയങ്കരം! ഗംഭീരം! പാരം നിഷ്ഠുരം! (പേ.)

എത്രതെല്ലാംതരം കൊടിലും വാളും കത്തിയും ഉണ്ടെന്നു നീ കണ്ടോ? ആ വലിയ ചക്രത്തിൽ പററിയിരിക്കുന്ന രക്തം നീ കാണുക. അതിന്റെ രുചി അല്പം അറിയണമെന്നുണ്ടോ? ഒരൊററ ചുററിനു നിന്റെ സിരകൾ വലിഞ്ഞുനില്ക്കുന്നു. ഒരു കറക്കംകൂടി; നിന്റെ മാംസപേശികൾ പൊട്ടുന്നു. അവയവങ്ങൾ ചീന്തുന്നു. ഒരൊററ ചുററുകൂടി.....മതി. വേണ്ടിടത്തോളം കണ്ടുകഴിഞ്ഞു എന്നു ഞാൻ വിശ്വസിക്കുന്നു. പടയാളികളേ, വാതിൽ അടയ്ക്കുവിൻ. (പടയാളികൾ കതകടയ്ക്കുന്നു.) (തുറന്നിട്ട്) ഈ ഭയങ്കരപീഡകളിൽനിന്നും രക്ഷപെടുന്നതിന് ഇനിയെങ്കിലും നീ ക്രിസ്തുവിനെ ഉപേക്ഷിക്കുകയില്ലേ?

അഗാ—— ഞാൻ ഒരു ബാലനത്രേ. എന്റെ ശരീരം വളരെ മൃദുലമാണ്. ദണ്ഡനങ്ങൾ എനിക്കു ഭയങ്കരവുമാണ്. എന്നാൽ ക്രിസ്തു സർവ്വശക്തനാണ്. എന്റെ ശരീരം നുറുക്കുകയും ചതയ്ക്കുകയും ചെയ്യുമ്പോൾ അദ്ദേഹം എന്റെ ആത്മാവിനു ശക്തി നല്കും.

അൻറി—— (അക്ഷമതയോടെ) നിന്റെ ധിക്കാരം നശിക്കട്ടെ. എന്നാൽ ശാരീരികവേദനകളെക്കാൾ ഭയങ്കരങ്ങളായ ദണ്ഡനങ്ങളും ഉണ്ടെന്നു നീ ധരിക്കുക. പുത്രന്റെ ധൃഷ്ടതക്കു നിന്റെ പിതാവു് പരിഹാരം ചെയ്യേണ്ടതായിവരും (വീണ്ടും ഇരിക്കുന്നു.)

അഗാ—— (ഭയാക്രാന്തനായി) എന്റെ പിതാവോ?

അൻറി—— അതേ, നിന്റെ പിതാവു്. നീ നിമിത്തം അദ്ദേഹം കഠിനമായ രാജകോപത്തിനു പാത്രീഭവിച്ചിരിക്കുന്നു. ഒരു പക്ഷേ, ജീവനാശംതന്നെയും അദ്ദേഹത്തിനു സംഭവിച്ചേക്കാം.

ന്തു നീ മനസ്സിലാക്കുക. നിന്റെ ഭക്തിഹീനതയ്ക്കും അനുസര ണക്കേടിനും ചക്രവൎത്തി തിരുമനസ്സിലേ പക്കൽ അദ്ദേഹം സമാധാനം പറയേണ്ടിയിരിക്കുന്നു.

അഗാ— എന്റെ പിതാവോ? മരണശിക്ഷയ്ക്കു് വിധേയനാകുന്നതിനു് അദ്ദേഹം എന്തു ചെയ്തു?

അൻറി— ദയാനിധിയായ ചക്രവൎത്തി തിരുമനസ്സിലേ കാരുണ്യവും നീതിയും നീ മനസ്സിലാക്കുക. ബാലനായ നിന്നെ രക്ഷിക്കണമെന്നും പ്രതിമ തകൎത്തകുററത്തിനു് തിരുമനസ്സിലേ അത്യുന്നതമായ ന്യായാസനത്തിൻ മുൻപാകെ ഉത്തരവാദിയായി നിന്റെ പിതാവിനെപ്പരിഗണിക്കേണ്ടതാണെന്നുമത്രേ അവിടുത്തെ തിരുവുള്ളം.

അഗാ— (ആത്മഗതം) അയ്യോ! എന്തൊരു നിൎദ്ദയമായ പരിഹാരം! ഞാൻ ജീവിച്ചിരുന്നുകൊണ്ടു് ഒരേ സമയത്തുതന്നെ എന്റെ പ്രിയപിതാവിനേയും ഒരു രക്തസാക്ഷിമുടിയേയും നഷ്ടപ്പെടുത്തണമെന്നോ? ഹാ! ദയാപരനായ ദൈവമേ, അങ്ങേ ശത്രുവും താൻ ആരാധിച്ചുകൊണ്ടിരിക്കുന്ന ദുഷ്ടപ്പിശാചുക്കളുടെ അടിമയും ആയ എന്റെ പിതാവു മരിക്കുന്നതിനു് അങ്ങു് അനുവദിക്കരുതേ! അങ്ങേ അറിഞ്ഞു സ്നേഹിക്കുന്നതിനായി അദ്ദേഹം ഇനിയും ജീവിച്ചിരിക്കട്ടെ! (അൻറിയോകസ്സിനോടു പ്രാൎത്ഥനാരൂപത്തിൽ) അങ്ങയുടെ ആത്മസ്നേഹിതനും സഖാവുമായ എന്റെ പിതാവിനെ രക്ഷിക്കുന്നതിനു് അങ്ങു യാതൊന്നും ചെയ്യുകയില്ലയോ?

അൻറി— നിൎദ്ദയനും നിൎബന്ധസ്വഭാവിയുമായ ഒരു പുത്രൻ കൊലമഴു പിടിച്ചിരിക്കുമ്പോൾ ഒരു സ്നേഹിതന്റെ അപേക്ഷകൊണ്ടു് എന്തു പ്രയോജനം? അദ്ദേഹത്തിന്റെ രക്തത്തിനു നീ ഉത്തരവാദിയാണു്. ഈ ഭയങ്കരകൃത്യത്തിൽ എനിക്കു് യാതൊരു പങ്കുമില്ല.

അഗാ— (മുട്ടുകുത്തിയിട്ടു്) അൻറിയോകസ്സേ, ദയവായിരിക്കേണമേ.

പാട്ട്.

(വാനവർ പോററും എ. മ).

൧. മത്ത്യരെ രക്ഷചെയ്യാനായ്,
മർത്ത്യനായ് ജാതനായ വിഭോ,
മൃത്യുവിൽനിന്നു നിൻകൃപയാൽ ജനകനു
മുക്തിയേകണമേ! (മത്ത്യരെ)

൨. കന്മഷലേശമേശാത്ത
നിർമ്മലമാനസൻ ജനകൻ-
ചിന്മയാ! നിൻമതം വെടിയാത്തൊരിവനിൽ
നന്മ ചൊരിയണമേ! (മത്ത്യരെ)

൩. നിൻപദം ഭക്തിയോടെന്നും
കുമ്പിടും ദാസനാമടിയൻ-
എൻപിതാവിൻെറയീമരണം തടയുവാൻ
അൻപു തോന്നണമേ (മത്ത്യരെ)

(അൻറിയോക്കസ്സിനോട്) ദയവായിരിക്കേണമേ. എൻെറ പിതാവിനുവേണ്ടി ചക്രവത്തി തിരുമനസ്സിലെ അടുക്കൽ അപേക്ഷിക്കുക.

അൻറി— ഒരൊററ കരാറിന്മേൽ. (എഴുന്നേററിട്ട്) ഉററവരേയും പെററവരേയും വധിക്കുന്നതിന് ആജ്ഞാപിക്കുന്ന ആ മതം നി പരിത്യജിക്കുക.

അഗാ— അയ്യോ ദൈവമേ!

(ലൈസാൻഡർ പ്രവേശിക്കുന്നു).

## രംഗം. ൪.

(അൻറിയോക്കസ്സ്, ലൈസാൻഡർ, അഗാപ്പിററസ്സ്, പടയാളികൾ)

അഗാ—(പിതാവിൻെറ സമീപത്തേക്കു നടന്നുകൊണ്ട്) എൻെറ പ്രിയ പിതാവേ, ഞാൻ ഈ കേൾക്കുന്നത് എന്താണ്?

ലൈസാ— (തടുത്തു നിറുത്തിയിട്ട്) നില്ല. നിന്നെ വിളിക്കേണ്ടത് എങ്ങനെയാണെന്ന് ആദ്യം ഞാൻ തിരുമാനിക്കു

ട്ടെ. പുത്രനെന്നോ, പിതൃഘാതകനെന്നോ നിന്നെ വിളിക്കേണ്ടതു്?

അഗാ.— പിതൃഘാതകനോ! അയ്യോ ദൈവമേ! ഞാൻ എൻെറ പിതാവിൻെറ ഘാതകനോ!

ലൈസാ— അതേ, പിതൃഘാതകൻതന്നെ. എൻെറ നിരന്തരപരിശ്രമങ്ങളുടെ ഫലമെല്ലാം ഇങ്ങനെയോ? പൈതൃകമായ സ്നേഹത്തോടെ നിന്നെ ഞാൻ തീററിപ്പോററി സംരക്ഷിച്ചു. അതിനു പ്രതിനന്ദിയായി നീ ഇപ്പോൾ എന്നെ കൊലക്കു വിധിപ്പിച്ചിരിക്കുന്നു. നിൻെറ സഹോദരന്മാരുടെ മരണത്തിൽ നീ എങ്കിലും എനിക്കു് ആശ്വാസകാരണമായിരിക്കുമെന്നു ഞാൻ വിശ്വസിച്ചു. എന്നാൽ നീ ഇപ്പോൾ എൻെറ കുടുംബത്തിന്നു് നാശവും അപമാനവും വരുത്തി വച്ചിരിക്കുന്നു.

അഗാ— അതിദയാലുവായ ഒരു പിതാവിൽനിന്നും ഇങ്ങനെ ഒരു ശാസനയോ? എൻെറ ഹൃദയം തകരുന്നു. (മുട്ടുകുത്തി മുഖം കൈകളാൽ മറയ്ക്കുന്നു).

ലൈസാ— നിൻെറ ജോലി പൂർത്തിയാക്കുക. ആരാച്ചാരെന്തിനു? ഈ കഠാരി എടുത്തു് നിന്നെ ഏററവും അധികം സ്നേഹിച്ചിരുന്ന എൻെറ ഹൃദയം നീ കുത്തിപ്പിളക്കുക. നീചവും കഠിനവുമായ നിൻെറ മനസ്സു് എൻെറ കണ്ണുനീർകൊണ്ടുമാത്രം ഒരിക്കലും തൃപ്തിയടയുന്നതല്ല. ഇതാ, എൻെറ രക്തം തന്നെ നീ പകർന്നു കുടിക്കുക. നിൻെറ നികൃഷ്ടമായ നന്ദിഹീനതയുടെ അതീവവേദനകരമായ സ്മരണയേക്കാൾ മധുരതരമാണു് മരണം. (കഠാരി എടുക്കുന്നു).

അഗാ— എൻെറ ദൈവമേ! എൻെറ ഈശോയേ! അതിഭയങ്കരമായ ഈ കൊടുങ്കാററിലകപ്പെടുന്നതിനു മുൻപു് ഞാൻ മരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. (പുറകോട്ടു് തിരിഞ്ഞു മുഖം പൊത്തുന്നു).

അൻറി— അവൻ കരയുന്നു! ആ വഞ്ചകൻ! വേണ്ട; നിൻെറ കള്ളക്കണ്ണുനീരുകൊണ്ടു് ആവശ്യമൊന്നുമില്ല പശ്ചാ

ത്താപത്തിൻെറ യാതൊരു രേഖയും കാണിക്കാത്ത ഒരു മുഖത്തിനു അതു് തിരെ ചേരുകയില്ല.

അഗാ— ഒരു വത്സലപുത്രൻെറ വികാരങ്ങളുടെ ഗതി മനസ്സിലാക്കുന്നതിന് അങ്ങേക്കു സാധിക്കുന്നില്ല. അല്ലെങ്കിൽ ഇത്ര നിഷ്ഠുരണമായ ഒരു കുററം എൻെറമേൽ ചുമത്തുകയില്ലായിരുന്നു. ഒരു ക്രിസ്തീയ ഹൃദയസിന്ധുവിൽ തിരതല്ലുന്ന സ്നേഹവീചികളുടെ ആഴം നിങ്ങൾക്കറിഞ്ഞുകൂടാ.

അൻറി— ഒരു ക്രിസ്ത്യാനിയുടെ വാക്കുകളിൽ സ്നേഹം വളരെ അധികമുണ്ടു്. എന്നാൽ ഹൃദയത്തിലോ പ്രവൃത്തികളിലോ അതിൻെറ കണികപോലും കാണ്മാനില്ല.

ലൈസാ— എൻെറ പുത്രൻെറ സ്നേഹം എന്നിൽനിന്നും അപഹരിക്കപ്പെട്ട ആ ദിനം ശപിക്കപ്പെട്ടതാകട്ടെ. ഹാ! ദൈവമേ, അവൻ എൻെറ മുഴങ്കാലിലിരുന്ന് കൊഞ്ചിക്കുഴഞ്ഞുച്ചരിച്ച സ്നേഹമസൃണങ്ങളായ മധുരപദങ്ങൾ എനിക്കെന്തൊരാനന്ദമാണ് നല്കിയിരുന്നതു്. എന്നാൽ ഹാ കഷ്ടം! അവൻ നമ്മുടെ ദേവന്മാരേയും ദേവാലയത്തേയും പരിത്യജിച്ച ആ ദിനം മുതൽ അവൻെറ ഹൃദയം ശീതവും വികാരഹീനവുമായ പാറപോലെ കഠിനമായിത്തീർന്നിരിക്കുന്നു. അല്ലയോ അഗാപ്പിററസ്സേ, സ്നേഹപൂർവ്വകമായ ഈ സ്വരത്തിന് നിൻെറ ഹൃദയത്തിൽ അല്പമെങ്കിലും ആർദ്രത ജനിപ്പിക്കുന്നതിനു കഴിയുമെങ്കിൽ വീണ്ടും നീ റോമാപ്പുരിയിലെ ദേവന്മാരുടെ വിശ്വസ്ത ദാസനായിത്തിരുക. നിൻെറ ശൈശവകാലത്തെ നിഷ്കളങ്കതയും അനുസരണവും വീണ്ടും നീ പ്രദർശിപ്പിക്കുക.

അൻറി— നിങ്ങളെയെല്ലാം ദുഷ്ടന്മാരും വിഡ്ഢികളും ആക്കിത്തീർക്കുകയും പിതൃസ്നേഹവും പിതൃഭക്തിയും നിശ്ശേഷം നശിപ്പിക്കുകയും ചെയ്യുന്ന നിങ്ങളുടെ ആ ആരാധനാമൂർത്തിയെ.... അതേ, ക്രിസ്തുവിനെ നീ പരിത്യജിക്കുക. മാതാപിതാക്കന്മാരെ ബഹുമാനിക്കുന്നതിനും ആദരിക്കുന്നതിനും അഭ്യസിപ്പിക്കുന്ന ആ ദേവന്മാരെ നീ പ്രണമിക്കുക.

അഗാ— നിങ്ങളുടെ ദേവന്മാരെ പ്രണമിക്കുകയോ?

ഗാനം.

(കതർക്കൊടിയാളേ കൺകാക്ഷി. എ. മ.)

മതംവെടിയാ ജീവൻ പോയാലും ഞാൻ,
മതനിഷ്ഠ-അതിശ്രേഷ്ഠം-ദൈവേഷ്ടം-
കരുതണമിതു. (മതം).

(അനുപല്ലവി)

൧ വണങ്ങിടാ ഞാൻ മേലാൽ- കപടദേവന്മാരെ;
ധനനഷ്ടം- മാനനഷ്ടം- ജീവനഷ്ടം-
തൃണസമമിതു. (മതം).

൨ കനിഞ്ഞിടണേപരം- ചൊരിഞ്ഞിടണേവരം;
ജഗദീശാ-പരമേശാ- സകലേശാ-
വരമരുളുക. (മതം).

സത്യദൈവം ഒന്നുമാത്രമേയുള്ളു എന്നു് എൻെറ മനസ്സാക്ഷി വിശദമായിപ്പറയുമ്പോൾ ഞാൻ എങ്ങിനെ ഇപ്രകാരം ചെയ്യും? എൻെറ മനഃസാക്ഷി ദൈവത്തിൻേറതാണ്. എൻെറ പ്രിയ പിതാവേ! എന്നാൽ, എൻെറ ഹൃദയം മുഴുവനും അങ്ങയുടേതത്രേ. അങ്ങയുടെ പക്കൽ നിന്നും കത്തവ്യബോധം അഭ്യസിച്ച ഒരു സാധുബാലൻെറ മേൽ അനുകമ്പതോന്നണമേ.

ലൈസാ— (തീവ്രസങ്കടത്തോടെ ആത്മഗതം) ഹാ! വീരാത്മാവേ, ഇപ്രകാരം നിന്നെ പീഡിപ്പിക്കേണ്ടിവരുന്നതിൽ എൻെറ ഹൃദയം തകരുന്നു. എന്നാൽ ഈ അമൂല്യനിധി ഞാൻ എങ്ങിനെ നഷ്ടപ്പെടുത്തും?

അൻറി— നിൻെറ മുമതല നിൻെറ പിതാവിനെ അനുസരിക്കുകയാണ്.

അഗാ — പ്രഥമമായി എൻെറ മുമതല ദൈവത്തെ അനുസരിക്കുകയാണ്. അൻറിയോക്കസ്സേ, ദേവന്മാരോടു് ഭക്തിയുണ്ടായിരിക്കണമെന്നല്ലേ റോമ്മാഗരവും സദാനിഷ്കർഷിക്കു

ന്നതു്? വിശ്വസ്തതയോടെ തന്റെ ദൈവത്തെ സ്നേഹിക്കുന്ന ഒരു ബാലനെ ഒരു റോമൻ ഭരണാധിപനു് എങ്ങിനെ കുററപ്പെടുത്തുവാൻ സാധിക്കും?

ലൈസാ— അൻറിയോക്കസ്സേ, മതിമതി! കദനഭാരത്താൽ എന്റെ ഹൃദയം തകരുന്നതിനുമുമ്പു് എന്നെ കൊലക്കളത്തിലേക്കു് ആനയിക്കുക. അങ്ങിനെയെങ്കിലും എന്റെ പുത്രന്റെ പാതകത്തിനു് പരിഹാരം ചെയ്യുന്നതിനും എന്റെ വംശമാഹാത്മ്യം പരിരക്ഷിക്കുന്നതിനും സാധിക്കുമെങ്കിൽ അതു് എനിക്കു വലിയ ആശ്വാസമായിരിക്കും. (വികാരതീവ്രതയോടെ അഗാപ്പിററസ്സിനോടു്) ഒരുകാലത്തു് എന്റെ സ്നേഹഭാജനവും ഇപ്പോൾ എന്റെ നാശകാരണവും ആയ അഗാപ്പിററസ്സേ! ഞാൻ ഇതാ ഹൃദയം തകർന്നു മരിക്കുന്നു. ഇതിന്റെയെല്ലാം കാരണം നീയാണു്.

ഗാനം.

(നീയെ ഗതിയേ—എ. മ.) ഹിന്തുസ്ഥാൻതോടി.

ദൈവ വിധിയോ—കൃത
പാപഫലമോ—
നാലു് വരിൽ മൂവരും രണ ഭുവിമരിപ്പാൻ,
ശേഷമുള്ളവൻ സ്വയം മരണത്തെവരിപ്പാൻ,
ഏവം പലവിനയിവനനുഭവിപ്പാൻ (ദൈവ)

അഗാ— (അത്യാകുലതയോടെ) പ്രിയപിതാവേ, നില്ലണേ. (അൻറിയോക്കസ്സിന്റെ മുൻപിൽ മുട്ടുകുത്തിക്കൊണ്ടു്) അൻറിയോക്കസ്സേ, കരുണ തോന്നണമേ! നിരാധാരനായ ഒരു ബാലന്റെ മേൽ അങ്ങേക്കു കനിവുതോന്നുകയില്ലയോ?

അൻറി— (ദ്വേഷഭാവത്തിൽ) നീയാണു് അദ്ദേഹത്തിന്റെ മരണത്തിനുകാരണം. നീ തന്നെ അദ്ദേഹത്തെ രക്ഷിക്കുക.

ലൈസാ— അൻറിയോക്കസ്സേ, വരുക. എന്തിനു വൃഥാ അധികം പറഞ്ഞു സമയം കളയുന്നു.

അഗാ— (മുട്ടിന്മേൽ) അയ്യോ, യാതൊരു ശരണവുമില്ലല്ലോ! 'എന്റെ ഈശോ' എന്റെ മേൽകരുണയുണ്ടാകേണമേ!

൫-ാം രംഗം.

(മെററല്ലസ് പ്രവേശിക്കുന്നു).

മെററ— യാഗപീഠം തയ്യാറാക്കിക്കഴിഞ്ഞു. അത്യാശാഭരിതമായ ഒരു ജനസമൂഹം ദേവാലയാന്തർഭാഗത്ത് തിങ്ങിക്കൂടിയിരിക്കുന്നു. യാഗദർശനത്തിന് അവർ അക്ഷമന്മാരായി മുറവിളികൂട്ടുന്നു. ഇത്ര തീക്ഷ്ണമായ ഒരു ദൈവഭക്തി ഇതിനുമുൻപൊരിക്കലും ഞാൻ കണ്ടിട്ടില്ല. ഈ അനാവശ്യതാമസത്തിന്റെ കാരണമെന്ത്? ഇതാണ് സകലരുടേയും ചോദ്യം ആവശ്യമെന്നുവരുന്നപക്ഷം ഗവർണ്ണരുടെ അരമന തന്നെ ആക്രമിച്ചു കളയാമെന്നത്രേ അവരുടെ ഭാവം. യാഗദർശനം കൂടാതെ ഏതായാലും അവർ അടങ്ങുകയില്ല. അൻറിയോക്കസ്സേ, നീ സൂക്ഷിച്ചു പ്രവർത്തിക്കണം. ജനങ്ങളുടെ ഇടയിൽ ബഹളമുണ്ടാക്കുന്നതിന് എളുപ്പത്തിൽ സാധിക്കും. എന്നാൽ ജനങ്ങൾ ക്ഷോഭിച്ചു കഴിഞ്ഞാൽ അവരെ നിയന്ത്രിക്കുന്നതിനോ അമർത്തുന്നതിനോ നിങ്ങൾക്ക് ഒരിക്കലും കഴികയുയില്ല.

ലൈസാ— ഞാൻ തയ്യാറാണ്. നമുക്ക് ഉടനെ പോകാം.

അഗാ— അയ്യോ, പിതാവേ, ഒരിക്കലും പാടില്ല. മെററല്ലസ്സ്: കുററക്കാരൻ ഞാനാണ്.

ലൈസാ— അഗാപ്പിററസ്സേ! പാടില്ല. ഒരിക്കലും പാടില്ല. ഞാൻ തന്നെയാണു മരിക്കേണ്ടത്.

മെററ— നിങ്ങളോ ലൈസാൻഡർ? എന്തിന്? നിങ്ങളും ഒരു മതപരിത്യാഗിയോ?

ലൈസാ— മെററല്ലസ്സേ, അങ്ങനെയല്ല. എന്നാൽ ഞാൻ ഒരു പിതാവാണ്. അവനു വേണ്ടി ഞാൻ പരിഹാരം ചെയ്യാം.

മെററ— (ഹാസ്യഭാവത്തിൽ) ഇതു വളരെ വിശേഷം തന്നെ. മററുള്ളവർക്കു ജീവിക്കുവാനുള്ള ആഗ്രഹത്തിലധികമാണ് ഇവർക്കു മരിക്കുന്നതിന്.

അഗാ— പ്രതിമ തകർത്തതു ഞാനാണ്; കേസർ എൻെറ പിതാവിനെ വധിക്കുന്നതിനു വിധിച്ചിരിക്കുന്നതെന്തുകൊണ്ട്?

മെററ— നിൻെറ പിതാവിനെയോ? (അൻറിയോക്കസ്സിനോട്ട്) ഇവൻ പറയുന്നതു് ഏതുത്തരവിനെപ്പററിയാണ്?

അൻറി— അങ്ങിനെ ചക്രവർത്തിതിരുമനസ്സിൽ നിന്നും കല്പിച്ചിട്ടില്ല. എന്നാൽ ഞങ്ങളുടെ പ്രതീക്ഷ—

അഗാ— ഞാൻ ഈ കേൾക്കുന്നതെന്താണ്? നിങ്ങൾ എന്നോടു പറഞ്ഞതു എന്താണ്? അൻറിയോക്കസ്സേ, നിരാധാരനും നിരാശ്രയനും ആയ ഒരു സാധുബാലനെ വഞ്ചിക്കുന്നതിനു നിങ്ങൾ മുതിർന്നതു എത്രകഷ്ടം!

അൻറി— വഞ്ചകനെന്നു നീ പറഞ്ഞുകൊള്ളുക. നിൻെറ മനസ്സു മാററാമെന്നു ഞാൻ പ്രതീക്ഷിച്ചു. എന്നാൽ യാതൊരു പ്രയോജനവുമില്ല. ഇനി നിൻെറ കാൎയ്യം ഉപേക്ഷിക്കുകയല്ലാതെ ഗത്യന്തരമില്ല.

ലൈസാ— ഒരിക്കലും പാടില്ല. ഞാൻ പറയുന്നതു കാൎയ്യമായിട്ടാണ്. അഗാപ്പിററസ് ബാലൻ മാത്രമാണ്. അതിനാൽ അവൻ ചെയ്യുന്ന യതൊരുകുററത്തിനും അവനെ ഉത്തരവാദിയായിപ്പരിഗണിച്ചുകൂടാ. അവൻെറ കുററത്തിനുവേണ്ടി ഞാൻ ശിക്ഷ അനുഭവിക്കുന്നതു് ഏററവും ന്യായ്യമാണ്.

മെററ—അൻറിയോക്കസ്സേ, ഈ വെറുംവായാട്ടം നിറുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലൈസൻഡർക്കു കൂടി മരി



CHANGANACHERRY

ക്കണമെങ്കിൽ അയാളും മരിച്ചുകൊള്ളട്ടെ. ഹാ!! ആ മതദ്രോഹിയുടെ രക്തം ചൊരിയാതെ ഞാൻ അടങ്ങുകയില്ല.

അൻറി—എടാ ഘാതകാ, നില്ലു. അവരെ രണ്ടുപേരെയും കൊല്ലുന്നതിനോ നിൻെറ ശ്രമം?

മൊറ—എന്തുകൊണ്ടുപാടില്ല! രണ്ടുപേരേയും—ശിരശ്ഛേദം ചെയ്യുന്നതിന്നു എൻെറ വാളിന്നു സാധ്യമാണ്.

അൻറി—എടാ കാട്ടാളാ! ലൈസാൻഡറെ നീ തൊട്ടുപോയാൽ അതിന്നു പകരംചോദിക്കുന്നതു ഞാനായിരിക്കുമെന്നു നീ മനസ്സിലാക്കുക. അയാളെ വധിച്ചാൽ അടുത്തക്ഷണത്തിൽ നിൻെറ കഥയും ഞാൻ കഴിക്കും.

അഗാ—ദൈവത്തിന്നു സ്തുതിയായിരിക്കട്ടെ. എൻെറ പ്രിയ പിതാവിൻെറ ജീവൻ സുരക്ഷിതമായിരിക്കുന്നു. എൻെറ ആശാവിഷയമായ രക്തസാക്ഷിമുടി, ക്ഷണത്തിൽ എനിക്കു ലഭിക്കുകയുംചെയ്യും.

അൻറി—(ലൈസാൻഡറോട്) ഈ പടുവിഡ്ഢിയെ നാശത്തിൽനിന്നും രക്ഷിക്കുന്നതിന്നു ശ്രമിച്ചതിൻെറ ഫലമാണിതെല്ലാം. നമ്മുടെ സദുദ്ദേശപൂർവ്വകമായ ശ്രമങ്ങളേയെല്ലാം ഇവൻ നിഷ്ഫലമാക്കിയിരിക്കുന്നു. അഗാപ്പിററസ്സേ, നീ മരിക്കുന്നതിന്നു കച്ചകെട്ടിപ്പുറപ്പെട്ടിരിക്കുന്നതിനാൽ എനിക്കു യാതൊരു നിവൃത്തിയുമില്ല. നിൻെറ ഇഷ്ടം പോലെ ആകട്ടെ.

അഗാ—ഞാൻ അങ്ങയോടു വളരെ അധികം കടപ്പെട്ടിരിക്കുന്നു. ഈ ഉപകാരത്തിന്നു പകരം ദൈവം അങ്ങയുടെ നേത്രങ്ങൾക്കു ജ്ഞാനതേജസ്സു പ്രകാശിപ്പിക്കട്ടെ.

ലൈസാ—(അൻറിയോക്കസ്സിനോടു തനിച്ച്) എൻെറമേൽ ദയതോന്നണമേ! നമ്മുടെ ദീർഘകാലത്തെ സ്നേഹത്തെപ്രതി ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ഞാൻ ചക്രവർത്തിതിരുമേനിയെ നേരിട്ടുകാണുന്നതുവരെയെങ്കിലും ഈ ക്രൂരവ്യാഘ്രത്തെ തടുത്തുനിറുത്തുക. ഒന്നുകിൽ ഞാൻ എൻെറ പുത്രനെ രക്ഷിക്കും; അല്ലെങ്കിൽ, ഞാൻകൂടിമരിക്കും.

മെററ—(ആത്മഗതം) അവർ രണ്ടുപേരുടേയും ശ്രമം ഈ ദേവദൂഷകനെ എന്റെ കൈയിൽ നിന്നും എങ്ങനെയെങ്കിലും രക്ഷിക്കുന്നതിനാണ്. പക്ഷേ. വെറും പാഴ്‌വേലതന്നെ. കടുവായുടെ വായിൽ നിന്നും അതിന്റെ ഇരതട്ടിയെടുക്കുന്നതാണ് അതിലും എളുപ്പം. (അൻറിയോക്കസ്സിനോട്) അൻറിയോക്കസ്സേ, നിങ്ങൾ സംശയിക്കുകയും സൂത്രത്തിൽ തെററിമാറുന്നതിനു ശ്രമിക്കുകയും ചെയ്യുന്നു. നമ്മുടെ ദേവന്മാർ ആവശ്യപ്പെടുന്ന പരിഹാരബലി അവർക്ക് നല്കാതിരിക്കുന്നു. സൂക്ഷിച്ചു പ്രവർത്തിക്കുക. നിന്റെ സ്ഥാനമാനങ്ങൾ സുസ്ഥിരങ്ങളാണെന്നു നി വിചാരിക്കേണ്ടാ. നിന്റെ ഉന്നതപദവിയിൽ നിന്നും നിലംപതിക്കുന്നതിനു്ഇതു് ധാരാളം മതിയാകുമെന്നു് നീ മനസ്സിലാക്കുക. ഞാൻ ഇതാ ചക്രവർത്തിതിരുമനസ്സിലേ പക്കലേക്കു പോകുന്നു.

അൻറി—അല്പംകൂടി ക്ഷമിക്കുക. ലൈസാൻഡർക്കു പറയാനുള്ളതു പറയട്ടെ. നിയമം അതനുവദിക്കുന്നു. അതുകൊണ്ട് നിങ്ങൾക്കെന്തുനഷ്ടം?

ലൈസാ—ഞാൻ ഇതാ പോയിക്കഴിഞ്ഞു. ഇപ്പോൾ ഇവിടെ പക്ഷിവേഗത്തിൽപ്പറന്നെത്തിക്കൊള്ളാം. അല്ലാ, നില്ക്കുക. ഞാൻ കൂടെയില്ലാതെ എന്റെ മകനെ തനിച്ചിവിടെ വിട്ടിട്ടുപോകുന്നതു് വിവേകമായിരിക്കുമോ? അൻറിയോക്കസ്സേ, അഗാപ്പിററസ്സിനെക്കൂടി എന്നെ അനുഗമിക്കുന്നതിനു് അനുവദിക്കുക.

അൻറി—യാതൊരു നിവൃത്തിയുമില്ല. അവൻ ഇവിടെത്തന്നെ നില്ക്കണം.

ലൈസാ—എന്നാൽ എന്റെ പുത്രനെ—അതേ, എന്റെ അമൂല്യനിധിയെ-ഞാൻ നിങ്ങളുടെ സൂക്ഷത്തിൽ ഏല്പിക്കുന്നു. ഞാൻ തിരിച്ചു വരുന്നതുവരെ അവൻ സുരക്ഷിതനായിരിക്കുമെന്നു വിശ്വസിക്കുന്നു.

൩-ാം രംഗം

(അൻറിയോക്കസ്സ്, അഗാപ്പിററസ്സ്, മെററല്ലസ്സ്)

മെററ—അൻറിയോക്കസ്സേ, നീ രാജദ്രോഹമാണുചെയ്യുന്നതെന്ന് മനസ്സിലാക്കുക. ചക്രവർത്തിതിരുമനസ്സുകൊണ്ട് ഈ പട്ടണത്തിൽ എഴുന്നള്ളിത്താമസിക്കുന്ന അവസരത്തിൽ ജനങ്ങൾ ഇളകി ബഹളംകൂട്ടിയാൽ അതിനോടെ നിങ്ങളുടെ മേൽഗതിയും അവസാനിക്കും.

അൻറി—(ആത്മഗതം) അയാൾ പറയുന്നതു ശരിയാണ്. എൻെറ ക്ഷമയും അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. ആജ്ഞയും അപേക്ഷയും നാട്യവും ഭീഷണിയും ഒന്നുപോലെ നിഷ്ഫലമായിത്തീർന്നിരിക്കുന്നു. എന്തു്! റോമൻചക്രവത്തിയുടെ ഗവർണ്ണരായ ഞാൻ ഒരു ബാലൻെറ കളിപ്പിള്ളയോ?) അഗാപ്പിററസ്സേ, ഞാൻ നിന്നോടു ക്ഷമാപൂർവ്വം പെരുമാറിത്തുടങ്ങിയിട്ടു നേരം കുറെയായി. സമയം അതിക്രമിക്കുന്നു. രണ്ടിലൊന്നു് തീരുമാനിക്കുക.

അഗാ—ഞാൻ പണ്ടേ തീരുമാനിച്ചുകഴിഞ്ഞിരിക്കയാണ്. യേശുക്രിസ്തുവിനെ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു.

അൻറി—നിൻെറ അധികപ്രസംഗവും വിഡ്ഢിത്തവും, സമംതന്നെ. എടാ വിചാരഹീനനായ ബാലാ, അങ്ങനെയെങ്കിൽ നീ മരിക്കുക. ജനതതിയുടെ ശാപവും ദൂഷണവുമേററു് അവമാനവും വേദനയും സഹിച്ച് ഒരു ഭയങ്കരമരണം നീ വരിക്കുക.

അഗാ—ദൈവം എൻെറ ശിരസ്സിലണിയിക്കുന്ന മകുടം ഞാനനുഭവിക്കുന്ന വേദനയുടെ കാഠിന്യമനുസരിച്ച് കൂടുതൽ ഭാസുരവും ശോഭനവുമായിരിക്കും.

മെററ—അഹങ്കാരിയായ ഈ അവിശ്വാസി കാലദൂതന്മാരുടെ ഇടയിൽ യമപുരിയിൽ ചെന്നടിയട്ടെ. അല്ലയോ ഗവർണ്ണരേ, നിഷ്പ്രയോജനമായ ഈ വാക്സമരം നിറുത്തേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. നിങ്ങളുടെ വാചാലതയേക്കാൾ പ

തിമ്മടങ്ങ കാൎയ്യസാദ്ധ്യം കൊലയാളിയുടെ വാൾകൊണ്ടുണ്ടാകുമെന്നാണ് എൻെറ ബോധം.

അൻറി—അങ്ങനെതന്നെ ആകട്ടെ. യാതൊരു പ്രയോജനവുമില്ലാത്ത ഉപദേശം പറഞ്ഞു പറഞ്ഞു ഞാനും മടുത്തുകഴിഞ്ഞിരിക്കുന്നു. മെററല്ലസ്സേ, നിങ്ങൾ തയ്യാറായിക്കൊള്ളുക. പീഡനായന്ത്രങ്ങൾ സജ്ജമാക്കുക. ഇരുമ്പാണികളെല്ലാം നന്നായി പഴുപ്പിക്കുക. ഞാൻ ഇതാവന്നുകഴിഞ്ഞു. (മെററല്ലസ് പോകുന്നു.)

(കർട്ടൻ)

൭-ാം. രംഗം.

(അൻറിയോക്കസ്സ്; അഗാപ്പിററസ്സ്)

അൻറി—(മനഃക്ഷോഭത്തോടെ ആത്മഗതം. അഗാപ്പിററസ് ഏകാഗ്രചിത്തതയോടുകൂടി മുട്ടിന്മേൽ നിന്നു പ്രാൎത്ഥിക്കുന്നു.)

അൻറി—സമയം അതിക്രമിക്കുന്നു. ഞാൻ മെററല്ലസ്സിനു അനുമതി നല്കുകയും ചെയ്തുവല്ലോ. എന്നാൽ, ലൈസാഡർ ഇതറിയുമ്പോൾ എന്തുപറയും? ഈ കൃത്യം എൻെറ വാഗ്ദാനത്തിനു വിപരീതമല്ലയോ? ദുഷ്ടനായ ഈ പുരോഹിതൻെറ കോപാന്ധതയിൽ നിന്നും പുത്രനെ രക്ഷിച്ചുകൊള്ളാമെന്നല്ലയോ ഞാൻ ശപഥംചെയ്തതു്?.... അല്ലാ, അതിനെന്തു്? ഞാൻ എൻെറ സകലശക്തിയും പ്രയോഗിച്ചില്ലേ? അയാളുടെ രാജദ്രോഹിയായ പുത്രനുവേണ്ടി എൻെറ ഉദ്യോഗം തന്നെ ഞാൻ അപകടത്തിലാക്കിയില്ലേ? ഞാൻ വിവേകപൂൎവ്വം പ്രവൎത്തിക്കണം. അല്ലെങ്കിൽ എൻെറ നാശത്തിനിടയാകും. അഗാപ്പിററസ്സിനെ അവർ പ്രഹരിക്കട്ടെ. എന്നാൽ അവനെക്കൊല്ലുന്നതിനു് അനുവദിച്ചുകൂടാ. ആ പുരോഹിതൻെറ ആലോചനാരഹിതമായ അതിതിക്ഷ്ണത തടയുന്നതിനു ഞാൻ തന്നെ അയാ

ളെ സൂക്ഷിച്ചുകൊള്ളാം. (അഗാപ്പിററസ്സിനോട്) അഗാപ്പിററസ്സേ, ദണ്ഡനം ആരംഭിക്കുന്നതിനു മുൻപ് ഒരല്പസമയം നിനക്കനുവദിച്ചുതരുന്നു. നിൻെറ ഭാവിയെപ്പററി ചിന്തിക്കുന്നതിന് ആ സമയം നീ ഉപയോഗിക്കുക. അനുതപിക്കുന്നപക്ഷം പരിപൂർണ്ണമായ മാപ്പു നിനക്കുലഭിക്കും. എന്നാൽ ഇനിയും നിൻെറ വിഡ്ഢിത്തത്തിൽ നീ സ്ഥിരമായി നില്ക്കുകയാണെങ്കിൽ ഈ വെറുംവാക്കുകളേക്കാൾ കടുത്ത ചിലതിനോടെല്ലാം നീ മല്ലിടേണ്ടിവരും. റോമ്മാരാജ്യനിയമമനുസരിച്ചുള്ള നിഷ്ഠുരനടപടികൾ നടത്തുന്നതിനു ഞാൻ നിർബന്ധിതനാകും. മനസ്സിലായോ? നിൻെറ മർക്കടമുഷ്ടി എവിടെ വരെ എത്തുമെന്ന് അപ്പോൾ നമുക്കു കാണാം. (പോകുന്നു).

(കർട്ടൻ.)

## ൫-ാം രംഗം.

(അഗാപ്പീററസ്സ് തനിച്ച്--പിന്നീട് ക്രിസ്തീയബാലന്മാരും വിക്ടറും)

അഗാ—രക്തത്തിനു രക്തവും സ്നേഹത്തിനു സ്നേഹവും പ്രദാനം ചെയ്യുന്നതിനു സാധിക്കുന്ന ആ മഹദ്ദിനം--അനേകനാളായി അത്യാശയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ വിജയാവസരം-ഇതാകുന്നു. അല്ലയോ അനുഗ്രഹീതരായ രക്തസാക്ഷിവൃന്ദങ്ങളേ, നിങ്ങൾ എൻെറ ചുററും പറന്നുനിന്ന്, നിങ്ങളെ പരീക്ഷകളിലും പീഡനങ്ങളിലും ധൈര്യപ്പെടുത്തിയ ആ അജയ്യമായ സഹനശക്തി എൻെറ ആത്മാവിലും ഉദ്ദീപിപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സത്യത്തിൻേറയും മതത്തിൻേറയും യശോധാവള്യത്തെപ്പരിരക്ഷിക്കുന്നതിനുള്ള അഭിമാനപ്രദമായ ചുമതല ഇന്നേദിവസം നിങ്ങളുടെ ബലഹീനസോദരനായ എന്നിൽ നിപതിച്ചിരിക്കുന്നു. എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അത്യുത്തമമായ ഈ ചുമതല നിർവ്വഹിക്കുന്നതിനു നിങ്ങൾ എന്നെ സഹായിക്കുവിൻ.

(അഗാപ്പിററസ്സ് പാടുന്നു. പാട്ടിനിടയിൽ വിക്ടറും ക്രീസ്തീയബാലന്മാരും അഗാപ്പിററസ്സിന്നു അപ്രത്യക്ഷമായി പ്രവേശിച്ച് അവൻെറ ആനന്ദപാരവശ്യത്തെ ദർശിക്കുന്നു).

ഗാനം

(കാന്താ കാരുണ്യനെ--എ. മ).

പല്ലവി. എന്തോരാനന്ദമേ-
സന്തതം ആത്മാവേ (എന്തോ)
അ. പ. ചന്തം ഏറിടുന്ന
സ്വർഗ്ഗത്തിൻ കാഴ്ചയോ (എന്തോ)
ച. ഭാസുരമാം ദീപ്തിപൂരം
സന്തതം പ്രവഹിച്ചിടും
പാപ ഹീനമാകും
ആ നവജീവിതം- എത്രമാധുര്യമാം!
സ്വർഗ്ഗത്തിൻ കാഴ്ചയോ! (എന്തോ)

(ദൊഹറ)

വാനവർ സ്തുതി ഗായകർ പലർ
ഗാനമോ മധുരം പരം
ആദിയില്ലിതി നവൃതിയില്ലിതി
നെന്നുമീ നില നിന്നിടും. (എന്തോ)

അഗാ — (മുട്ടിന്മേൽ നിന്നു് ആനന്ദപാരവശ്യത്തോടു കൂടി) എൻെറ നയനങ്ങൾക്കു മുമ്പിൽ പെട്ടെന്നു പ്രകാശിതമായ ഈ അത്ഭുത ദീപ്തിപൂരം എന്താണ്? എന്തൊരു രഹസ്യാനന്ദപ്രളയമാണ് എൻെറ ഹൃദയത്തെ നിമഗ്നമാക്കുന്നതു്? അതാ! മോക്ഷവാതിലുകൾ തുറക്കപ്പെടുന്നു. പാട്ടു ശ്രദ്ധിക്കുക; ശ്രദ്ധിക്കുക, എൻെറ ആത്മാവേ. ഒ! അമേയാനന്ദപ്രദമായ ദർശനമേ! ഞാൻ ഇപ്പോഴും ഭൂമുഖത്തുതന്നെയോ? അഥവാ, ദൈവദൂതന്മാർ എന്നെ ശരീരത്തോടെ പറുദീസായിലേക്കു് ആനയിച്ചുവോ? പാരത്രിക സിംഹാസനാരൂഢനായ എൻെറ ദിവ്യരക്ഷകൻ എന്നെ മാടിവിളിച്ചു് എനിക്കു് ഒരു സ്വർഗ്ഗീയമകുടം പ്രദാനം

ചെയ്യുന്നതിനെ ഞാൻ കാണുന്നു. ഹാ! എന്റെ കർത്താവേ, അങ്ങേപ്രതി, പീഡനങ്ങളും മരണവും സഹിക്കുന്നതിനു ഞാൻ ഭൂമിയിലേക്കു പ്രത്യാഗമിക്കട്ടെ. ദണ്ഡനങ്ങളേ, നിങ്ങൾക്കു സ്വാഗതം. ഈദൃശമായ സൌഭാഗ്യവും ബഹുമാനവും എനിക്കു നല്കുന്ന മരണമേ, നിനക്കു സ്വാഗതം!

വിക്ററർ—അതി ക്രൂരമായ മരണത്തിനു മുൻപിൽ ഈദൃശമായ സന്തോഷവും ധൈര്യവും പ്രദാനം ചെയ്യുന്നതിനു സത്യമതത്തിനല്ലാതെ ഒരിക്കലും സാധിക്കുകയില്ല. ഞാൻ അഗാപ്പിററസ്സിന്റെ ദൈവത്തിൽ വിശ്വസിക്കുന്നു.

## ൻ-ാം രംഗം

അഗാ— (തിരിഞ്ഞിട്ട്) ആരത്? വിക്ററോ? നിങ്ങൾ ഈ സമയത്ത് ഇവിടെയോ?

വിക്ററർ—അതേ, അഗാപ്പിററസ്സേ, നിങ്ങളുടെ സ്വർഗ്ഗീയാനന്ദഭൂതിക്കു ഞാൻ വിഘ്നം വരുത്തിയെങ്കിൽ എന്നോടു സദയം ക്ഷമിക്കണം. നിങ്ങൾ എന്നെ ജയിച്ചമർത്തിയിരിക്കുന്നു. (അഗാപ്പിററസ്സിന്റെ മുൻപിൽ മുട്ടുകുത്തിക്കൊണ്ടു) ഞാനും ഒരു ക്രിസ്ത്യാനിയാണെന്നു ഹൃദയപൂർവ്വം തുറന്നു പറഞ്ഞുകൊള്ളുന്നു.

അഗാ— (പിടിച്ചെഴുന്നേല്പിച്ചിട്ട്) അല്ലയോ; വിക്ററേ! എത്രവലിയ സന്തോഷമാണ് നിങ്ങൾ എനിക്കു നല്കുന്നത്. (പരസ്പരം ആശ്ലേഷിക്കുന്നു.) ഇപ്പോൾ എനിക്കു സമാധാനമായിമരിക്കുന്നതിനുകഴിയും. ദൈവം എന്റെ പ്രാർത്ഥന കേട്ടുകഴിഞ്ഞു. നാം ഇപ്പോൾ സഹോദരന്മാരായിത്തീർന്നിരിക്കുന്നു. നിങ്ങളുടേയും എന്റെയും പിതാക്കന്മാർ നമ്മുടെ ദിവ്യരക്ഷകനെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നതിനിടയാകുമെന്ന് ഒരു ആന്തരികശബ്ദം എന്നോടുറപ്പുപറയുന്നു. (എല്ലാബാലന്മാരോടുമായി) പ്രിയസ്നേഹിതന്മാരേ, സഹോദരന്മാരേ, നമുക്കു

പൂർണ്ണഹൃദയത്തോടെ ദൈവത്തിനു സ്തോത്രം ചെയ്യാം. അത്യാസന്നമായിരിക്കുന്ന ഭയങ്കര പരീക്ഷകളിൽ എനിക്കു ശക്തിനല്കുന്നതിനു നമുക്കു പ്രാൎത്ഥിക്കുകയും ചെയ്യാം.

(ക്രിസ്തീയബാലന്മാർ പാടുന്നു.)

ഗാനം.

(പൂങ്കാവിൽ വാഴും റോസപ്പൂവെ-- എ. മ.)

൧ ഏറുന്നു പാരമുള്ളിലാകാംക്ഷ—നിന്റെ
കൂട്ടായ് വിജയ സിദ്ധി നേടുവാൻ
വാത്സല്യഭാജന-മായ സഹോദരാ-- (ഏറു)
൨ രക്തം ചൊരിഞ്ഞിടാനുമാഗ്രഹം--ദൃഢ
വിശ്വാസമോടു സ്വൎഗ്ഗപ്രാപ്തിക്കായ്
വാത്സല്യഭാജന-മായ സഹോദരാ, (ഏറു)
൩ രക്തം കുടിപ്പതിന്നു നൽകിടാം—ദേഹ-
മംഗം പ്രതിവലിച്ചു ചീന്തുവാൻ
ക്രൂരമൃഗങ്ങളേ,--വ്യാഘ്രങ്ങളേ, വരിൻ (ഏറു)

(കർട്ടൻ)

---

## ൩-ാം അങ്കം

### രംഗം ൧. (ഒരു തോപ്പ്)

(ക്രിസ്തീയബാലന്മാർ.)

വിക്ററർ— പ്രിയ സഹോദരന്മാരേ, അഗാപ്പിററസ്സ് വളരെ ശക്തിയായി പരീക്ഷിക്കപ്പെട്ടു. ആരാച്ചാരുടെ കൈയിൽ നിണമണിഞ്ഞവാൾ അതിദാരുണമായി വിലസി. അദ്ദേഹത്തിന്റെ ബാലനേത്രങ്ങൾക്കു മുൻപിൽ അഗ്നിശിഖകൾ ആകാശംവരെ കത്തിക്കാളി. എന്നാൽ ഒരു ക്രിസ്തീയഹൃദയത്തെ ജയിക്കുന്നതിനു ഇവ ഒന്നിനും സാധിക്കുന്നതല്ല. അവനെ ഭയാകുലനാക്കുന്നതിനോ, അവന്റെ ആദ്ധ്യാത്മികസ്ഥൈര്യത്തെ തകർക്കുന്നതിനോ അവർക്കു കഴിഞ്ഞില്ല. ആപൽദർശനത്താൽ ധീരനായി

ത്തിർന്ന നമ്മുടെ സഹോദരൻ കടുത്ത പാറപോലെ അചഞ്ച ലനായി സ്ഥിതിചെയ്യുന്നു.

ഹിപ്പോലിററ് — സാമ്രാജ്യസ്നേഹമാകട്ടെ, സന്തപ്തഹൃ ത്തായ പിതാവിനോടുള്ള ഭക്തിയാകട്ടെ, കഠോരപീഡനായന്ത്രങ്ങ ളുടെ ദർശനമാകട്ടെ, എന്നുവേണ്ടാ, യാതൊന്നുംതന്നെ അവൻെറ സുസ്ഥിരചിത്തത്തെ ഇളക്കുന്നതിനു പര്യാപ്തമായില്ല. ഇത്ര അ ത്ഭുതകരമായുള്ള ശക്തിയെ പ്രദാനം ചെയ്യുന്നതെന്താണ്? യാ തൊരു തർക്കവുമില്ല; ദൈവസ്നേഹംതന്നെ.

ഫെലിക്സ് — ഹാ, ദൈവമേ! അങ്ങേമാത്രം സ്നേഹിക്കു ന്ന ഒരു ഹൃദയത്തിന് ഭൗമികസന്തോഷങ്ങൾ എത്ര അനാസ്വാ ദ്യങ്ങളും നിഷ്ഠുരപീഡനങ്ങൾ എത്ര മധുരതരങ്ങളുമായിരിക്കുന്നു. അങ്ങയുടെ മഹിമക്കുവേണ്ടി രക്തസാക്ഷിയായി മരിക്കുന്നതു് എത്ര സന്തോഷപ്രദം!

മാർട്ടിൻ — മെറെറല്ലസ്സിൻെറ നിർദ്ദയകരങ്ങൾ ക്രിസ്തീ യരക്തത്തിൽ കുളിക്കുന്നു. അവൻെറ ഭയങ്കരപീഡനകൾ നമ്മു ടെ രക്തസാക്ഷികളുടെ ശരീരങ്ങളെ ഛിന്നഭിന്നമാക്കുന്നു. കത്തി കൾ മുറിക്കുകയും പന്തങ്ങൾ ദഹിപ്പിക്കുകയും ചെയ്യട്ടെ. എ ന്നാൽ നമ്മെക്കൊണ്ടു പിശാചിൻെറ ഉപകരണങ്ങളായ നിർ ജ്ജീവദേവന്മാരെ — അതേ, വെറും കല്ലുംമരവും കൊണ്ടു നിർമ്മി ച്ചിട്ടുള്ള വികൃതരൂപങ്ങളെ — ആരാധിപ്പിക്കുന്നതിന് അവർക്ക് ഒരിക്കലും സാധിക്കുന്നതല്ല.

ഹിപ്പോലിററ് — നമ്മുടെ രക്തം ചൊരിയുന്നതുകൊ ണ്ടു് അവർക്കു് യാതൊരു പ്രയോജനവും കിട്ടുകയില്ല. അതിനാൽ ഓരോതുള്ളിയും ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി പ്രവഹിക്കു ന്നതിനു സന്നദ്ധമായ അമലവും തിക്ഷ്ണവുമായ ഓരോ ചോ രപ്പുഴകളായി അഭിവൃദ്ധിപ്പെടുന്നു. നമ്മുടെ ക്രിസ്തീയ ശിരസ്സുകൾ ആരാച്ചാരുടെ വാളിനടിയിൽ തുരുതുരെ നിലംപതിക്കുന്നു. എ ന്നാൽ അതിൻെറ ഫലം എന്താണ്? ധീരോദാത്തന്മാരായ ആ വീരപുരുഷന്മാരുടെ മാതൃകകണ്ടു് ദൈവത്തിനുവേണ്ടി മരിക്കു

ന്നതിന് ബദ്ധകങ്കണരായി അനേകായിരം അക്രൈസ്തവർ ക്രിസ്തുവിൻെറ മുൻപിൽ അവരുടെ തല കുനിക്കുന്നു.

തിയോഫിലസ്— ക്രിസ്തീയനാമത്തെ ഭൂമുഖത്തുനിന്നും പാടെ ധ്വംസിക്കുന്നതിന് ചക്രവത്തി തിരുമനസ്സുകൊണ്ട് സദാ പരിശ്രമിക്കുന്നു. ഏതാദൃശമായ ക്രൂരകൃത്യത്തിന് സാത്താൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു. ഭൂമിയും നരകവും നമുക്കെതിരായി സഖ്യം ചെയ്തിരിക്കുന്നു. എന്നാൽ സ്വർഗ്ഗമാണ് നമ്മുടെ ഏകാവലംബം.

മർസെലിൻ - റോമ്മാ, അവളുടെ ഉത്തമസന്താനങ്ങളെ ഹനിക്കുന്നു. ഓ! റോമ്മാനഗരിയെ, വാത്സല്യഭാജനമായ റോമ്മായേ, നിണമണിഞ്ഞ നിൻെറ കരങ്ങളുടെ ഗതിയെ നീ നിയന്ത്രിക്കുക. നിൻെറ ഇപ്പോഴത്തെ പ്രതാപൈശ്വര്യങ്ങൾക്കു നിദാനമായ, അനന്തശക്തിയായ ദിവ്യനാഥനെ നീ സാഷ്ടാംഗം വീണു പ്രണമിക്കുക. അപ്പോൾ ക്രിസ്തീയനാമം ഏററവും അഭിമാനകരവും മഹത്തുമായിപ്പരിണമിക്കും.

ഫെലിക്സ്— തീർച്ചയായും ഒരിക്കൽ റോമ്മാ ക്രിസ്തീയമായിത്തീരും. അവളുടെ നിഷ്ഠുര നിയമത്തിനാഹുതിയായിട്ടുള്ളവരെല്ലാം അവൾക്കുവേണ്ടി പ്രാത്ഥിച്ചിട്ടുണ്ട്—അതേ ക്രിസ്തുവിൻെറ വിജയചിഹ്നമായ കുരിശ് കാപ്പിറോൾകുന്നിൻെറ ഉപരിതലത്തിൽ പരിലസിക്കും. ക്രിസ്തു, സാമ്രാജ്യ കേന്ദ്രമായ റോമ്മായുടെ ഏകഛത്രാധിപതി ആയി വാഴുകതന്നെ ചെയ്യും.

ഗാനം.

(ജഗത്രയ റാണിമേരി or സുഖജ്ഞാനദേവ മഹായോഗിനി എ. മ).

ജഗത്രയനാഥാ, സദാനന്ദദാ,
സകലേശസുതാ. (ജ.)

൧. നിഗമനിദാന,—നിഖിലവിധാന,
അഘഹരനേശു പരാപരനേ—കരുണാകരനേ. (ജ.)

൨. നിരന്തരംമോദാൽ—വരംതരും താതാ,
ധരണിയിൽനിൻ ചരണം ശരണം—ഭവസംഹരണം (ജ)

൩. തവതിരുനാമ—ധ്വനിയതു റോമ്മാ-
പ്പുരിയതിലെങ്ങും മുഴങ്ങിടണം—പുകഴ്പൊങ്ങിടണം (ജ)
൪. നരകുലമാകെ—കുരിശതിൻ കീഴിൽ
സനാതനസാന്ത്വനമാർന്നിടണം—വിനതീർന്നിടണം (ജ).
൫. അരുളുകശാന്തി—അവനിയിലെങ്ങും
വിരവൊടു നിൻ ഭരണം വരണം—ശുഭസംഭരണം (ജ).

ഹിപ്പോലിററ്—റോമ്മാനഗരം ക്രിസ്തുവിൻെറ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്തുകഴിഞ്ഞാൽ, കല്ലോ മരമോകൊണ്ടുണ്ടാക്കിയിട്ടുള്ള ഹൃദയങ്ങൾക്കുപോലും ക്രിസ്തുവിൻെറ സ്നേഹപുരസ്സരമായ വിളിയെ എതിർക്കുന്നതിനു സാധിക്കുന്നതല്ല. കന്മഷഹീനമായ ഈ നവീന റോമ്മായെ കഴിയുന്നതുംവേഗത്തിൽ യേശുനാഥാ, നീ സൃഷ്ടിക്കേണമേ.

---

## രംഗം. ൨.

(മുൻപിലത്തെ ആളുകൾതന്നെ. വലേരിയസ് പ്രവേശിക്കുന്നു.)

ഫെലിക്സ്— ആ വരുന്നതാരാണ്? ഓ! അതു പ്രധാനാചാര്യൻെറ പുത്രനാണ്! അല്ലയോ വിക്റ്ററേ, അവൻ വരുന്നതു കാണുമ്പോൾ എൻെറ ഹൃദയത്തിൽ ആപല്ശങ്കകൾ ഉദിക്കുന്നു.

വലേരി— ഫെലിക്സേ, അല്പം ക്ഷമിക്കുക. ഞാൻ വലേരിയസ്സുതന്നെ. എന്നാൽ ഇതഃപര്യന്തം ക്രിസ്തീയരക്തപാനത്തിനുൽസുകനായിരുന്ന ആ ക്രൂര വ്യാഘ്രമല്ല. ദൈവാനുഗ്രഹത്താൽ ഞാനും ഒരു ക്രിസ്ത്യാനിയാണ്.

ഫെലിക്സ്— ഞാൻ ഈ കേൾക്കുന്നതു വാസ്തവമോ!

വിക്റ്ററർ— വലേരിയസ്, ഒരു ക്രിസ്ത്യാനിയോ! നിങ്ങൾ ക്രിസ്ത്യാനിയോ!

വലേരി -- അല്ലയോ വിക്റ്ററേ, ഞാൻ ധരിച്ചിരിക്കുന്ന മനോഹരമായ ഈ കുരിശു നീ കാണുക. നിരാശ്രയനും അന്ധനുമായ എൻെറ നേരേ ദയാപരനായ ദൈവം തൻെറ അനുഗ്രഹപ്രദമായ നേത്രങ്ങളെ തിരിച്ചു. എൻെറ ദിവ്യനാഥാ, അങ്ങേ

ക്ക് അനന്തമായ സ്തുതിയും മഹത്ത്വവും ഉണ്ടായിരിക്കട്ടെ. അല്ല യോ അഗാപ്പിററസ്സേ, നിനക്കും ഞാൻ നന്ദി പറഞ്ഞുകൊള്ളു ന്നു. നിൻെറ ശരീരത്തെ ദഹിപ്പിച്ച അഗ്നികത്തിക്കാളുന്നതിനി ടയാക്കിയതു് എൻെറ ബുദ്ധിഹീനമായ പകയാണ്. നിന്നെ വ ധിക്കുന്നതിനുള്ള കരങ്ങൾ നിൻെറ നേരെ തിരിച്ചതും ഞാൻ തന്നെ. എന്നാൽ നീയാകട്ടെ, നിൻെറ കരങ്ങൾ അനുഗ്രഹപൂ ർവ്വം എൻെറ നേരേ നീട്ടുകയും, പൊറുതിയുടെ ഈ അടയാളം— അതേ നിത്യാനന്ദപ്രദമായ ഈ ദാനം—എനിക്കു നല്കുകയും ചെയ്തു.

**തിയോഫിലസ്**— ദൈവത്തിനു സ്തുതി. കത്താവേ, നി ൻെറ നാമം മഹത്വപ്പെടട്ടെ. പ്രധാനാചാര്യൻെറ പുത്രനും ഇ താനമ്മേപ്പോലെ ക്രിസ്തുവിൻെറ ഒരു അനുഗാമിയായിത്തീന്നിരിക്കു ന്നു. സാത്താൻ ക്രോധപരവശനാകുന്നതിൽ അത്ഭുതമില്ല. അവ ൻെറ രാജ്യം അധഃപതിക്കുന്നു. റോമ്മാ ഇതാ അവളുടെ ഘനവ ത്തായ വിലങ്ങുകളെ വലിച്ചെറിയുന്നു. സഹോദരന്മാരേ, വരു വിൻ നമുക്കു സന്തോഷഗീതങ്ങൾ പാടി വിജയാനന്ദിതനായ ക്രി സ്തുവിനെ സ്തുതിക്കാം.

പാട്ട്.

(സ്വാഗത ഗാനത്തിൻ രൂപത്തിൽ മട്ട്)

൧. തേജസ്സമാവൃതരായി ദിവി
രാജിക്കും വാനവരാരാധിക്കും
രാജാവും സ്രഷ്ടാവുമാകും പരൻ
പൂജനീയനേശു ക്രിസ്തു നാഥൻ (തേ.)

൨. ബെത്ലഹേമിൽ പണ്ടു പുല്ക്കൂട്ടിലും
ഗാഗുൽത്താ തന്നിൽ കുരിശിന്മേലും
അദ്ദേഹം സുസ്പഷ്ടം കാണിച്ചില്ലേ?
ദൈവികശക്തി പ്രഭാവം നമ്മെ. (തേ.)

**മാർസെലിൻ**— അനേക നാളായി ആരാധിച്ചു വന്നി രുന്ന ദേവന്മാരെ പരിത്യജിക്കുന്നതിനും നിന്ദിതരായ ക്രിസ്ത്യാനി കളുടെ ദൈവത്തെ അംഗീകരിച്ചു് ആരാധിക്കുന്നതിനും നിങ്ങ

ളെ പ്രേരിപ്പിച്ച ആ അത്ഭുതകരമായ ദൈവാനുഗ്രഹത്തെക്കുറിച്ചു ഞങ്ങളോടു പറയുക.

വലേരി— ഞാൻ അഗാപ്പിററസ്സിനെ അവൻെറ പീഡനങ്ങൾക്കിടയിൽകണ്ടു. അയ്യോ! എത്ര ഖേദകരമായ ഒരു കാഴ്ച! പിതാവിൻെറ സങ്കടം അവൻെറ ഹൃദയാന്തർഭാഗങ്ങളെ ഭേദിച്ചു. നയോപദേശങ്ങളും ഭീഷണിയും ചമ്മട്ടികളും ഇരുമ്പുചാട്ടകളും, കാളുന്നപന്തങ്ങളും തിളയ്ക്കുന്ന ദ്രാവകങ്ങളും അവനെ അധൈര്യപ്പെടുത്തുന്നതിന് അവർ പ്രയോഗിച്ചു. തിർച്ചയായും അവൻ അടിപെട്ടുപോകുമെന്നു ഞാനും വിചാരിച്ചു. എന്നാൽ അരനിമിഷനേരത്തേക്ക് സംശയിക്കുകപോലും ചെയ്തില്ല. ആദ്യന്തം അവൻെറ ഭക്തി സുസ്ഥിരമായിരുന്നു. അന്യാദൃശമായ ഈ സ്ഥിരചിത്തതകണ്ടപ്പോൾ അഗാപ്പിററസ്സിൻെറ ദൈവം സാമ്രാജ്യദേവന്മാരെക്കാൾ ശക്തനും ഏകസത്യദൈവവുമായിരിക്കണമെന്നും, അദ്ദേഹത്തെ മാത്രമേ ആരാധിക്കാവൂ എന്നും ഞാൻ തിരുമാനിച്ചു.

വിക്ററർ— ഞങ്ങളുടെ മദ്ധ്യത്തിൽ നിനക്കു വലിയ സൌഭാഗ്യം അനുഭവപ്പെടും. ക്രിസ്ത്യാനികൾ സദാ അനുഭവിക്കുന്ന സന്തോഷത്തിന് യാതൊരതിരുമില്ല.

വലേരി— നിങ്ങളുടെ കൂട്ടത്തിൽചേർന്നു നിങ്ങളുടെ ആനന്ദത്തിൽ പങ്കുകൊള്ളുന്നതിന് എനിക്കു വളരെ ആഗ്രഹമുണ്ട്. എന്നാൽ എനിക്ക് ഉടനെ പോകേണ്ട അത്യാവശ്യമുണ്ട്.

ഹിപ്പോലിററസ്— എന്താവശ്യമാണ്? എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്?

വലേരി— ഇനിയും നിവൃത്തിയുണ്ടെങ്കിൽ അഗാപ്പിററസ്സിനെ രക്ഷിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾതന്നെ ഞാൻ ഫ്റെനേസ്റ്റെ നഗരം വിട്ടുപോകയാണ്. മരുഭൂമിയിൽപോയി, കഴിഞ്ഞകാലത്തെ എൻെറ പാപങ്ങൾക്കു പരിഹാരം ചെയ്യണമെന്നും, പ്രതിദിനഭക്ഷണത്തിനുള്ളവക വീടുതോറും യാചിച്ചു സമ്പാദിക്കണമെന്നുമത്രെ ഞാൻ ഉദ്ദേശിക്കുന്നതു്. എൻെറ പ്രിയ ക്രിസ്തീയസഹോദരന്മാരേ, ഞാൻ ഒരു യഥാ

ത്ഥക്രിസ്ത്യാനിയായി ജീവിച്ചു മരണമടയുന്നതിന്നുവേണ്ടി നിങ്ങൾ പ്രാത്ഥിപ്പിൻ.

ഗാനം.

(പുല്കുടിലിൽ പാരാതെഴും അമലനെ! എ. മ).

ശ്രീയേശുനാഥാ!-ദയാപയോനിധേ!
കൃപാജലത്താൽ-പാപപങ്കം കളക,മേ (ശ്രീ)

൧. ത്രിതൈക ദൈവമേ-ത്വല്പാദപങ്കജം
വിനയമായ്-ദിനമിതിൽ-നമനം ചെയ്തിടുന്നേൻ (ശ്രീ)

൨. ക്രൂശിൽ മരിച്ചോരെൻ-നാഥൻെറ ശോണിതം
മമമനം-അതിലെഴും-പിഴകളെ കഴുകണം (ശ്രീ)

൩. സാക്ഷാലൊരുത്തമ-ക്രിസ്തീയജീവിതം
നയിച്ചുനിൻ-പാദതാർ-നമിച്ചിടാൻ-കനിയണം (ശ്രീ)

ഫെലിക്സ്— പുണ്യത്തെപ്പാപമായും, പാപത്തെപ്പുരിഷ്കാരമായും പരിഗണിക്കുന്ന ഈ നഗരത്തിൽ ജീവിക്കുന്നതിനേക്കാൾ നല്ലതു് വിജനമായ മരുഭൂമികളിൽ അധിവസിക്കുന്നതുതന്നെ; തർക്കമില്ല. ഞാനുംകൂടി നിങ്ങളെ അനുഗമിച്ചാലെന്തു? അല്ല, ഇവിടെത്താമസിക്കുന്നതായാൽ ഒരുപക്ഷേ രക്തസാക്ഷിമകുടം സമ്പാദിക്കുന്നതിനുള്ള അവസരംതന്നെ ലഭിച്ചേക്കാം.

മാർസെലിൻ--- രക്തസാക്ഷിമുടിയോ? അയ്യോ! എത്ര വലിയ ഭാഗ്യം!

ഹിപ്പോലിററസ്— നാമെല്ലാവരും ക്രിസ്ത്യാനികളാണ്. വൻകാടുകളുടെ ഏകാന്തതയിലോ, മല്ലരംഗത്തിൻെറ നിണമണിഞ്ഞ തറയിലോ, എന്നുവേണ്ടാ, എവിടെയായാലും ക്രിസ്ത്യാനികളായി മരിക്കുന്നതിനുള്ള ഭാഗ്യംകൂടി നമുക്കു സിദ്ധിച്ചാൽമതി. മരണത്തെ നാം ലേശവും ഭയപ്പെടുന്നില്ല. ക്രിസ്തുവിനുവേണ്ടി മരിക്കുന്നതു് അനന്തമായ ആനന്ദമത്രെ.

വിക്ററർ— വരുവിൻ നമുക്കു പോയി അഗാപ്പിററസ്സിനെ സന്ദർശിക്കാം.

(സകലരും പോകുന്നു.) (കർട്ടൻ)

## ൩-ാം രംഗം

## (കൊലയറ)

(അഗാപ്പിററസ്സ് അർദ്ധനഗ്നനായും നിണമണിഞ്ഞ വസ്ത്രങ്ങളോടു കൂടിയും ഒരു തൂണോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. ദേഹത്തുകൂടി രക്തം ഒലിക്കുന്നു. ഒരു അർദ്ധവൃത്താകാരത്തിൽ, വിക്ടറും ക്രിസ്തീയബാലന്മാരും അവൻെറ ചുററും മുട്ടുകുത്തിനില്ക്കുന്നു)

**വിക്ററർ—** അയ്യോ! അഗാപ്പിററസ്സേ, ഇത്രവലിയ ക്രൂരത ചെയ്യാൻ ആർക്കാണു തോന്നുക.

**അഗാ—** (സാവധാനം) വിക്ടറേ, കരയാതിരിക്കുക. ഒരു ക്രിസ്ത്യാനി പീഡനങ്ങളും സങ്കടങ്ങളും സന്തോഷത്തോടെ സ്വീകരിക്കുന്നു. എൻെറ പരമനാഥനുവേണ്ടി അല്പമെങ്കിലും സങ്കടങ്ങൾ സഹിക്കുന്നതിനു സാധിക്കുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. എത്ര അത്ഭുതകരമായ വിധത്തിൽ അദ്ദേഹം എന്നെ ശക്തിപ്പെടുത്തുന്നു. പ്രിയ സഹോദരന്മാരേ, എൻെറ അന്ത്യശ്വാസംവരെ നമ്മുടെ ദിവ്യരക്ഷകൻെറ സ്നേഹത്തിനു പ്രതിസ്നേഹം പ്രദാനം ചെയ്യുന്നതിന്, നിങ്ങളുടെ സ്വരമുയർത്തി എന്നെ സഹായിക്കുവിൻ.

പാട്ട്

(രാമനാമമേ എന്ന മട്ട്)

രക്തസാക്ഷിയായ് എന്നെയും-സ്വീകരിക്കണേ!
ഏദിപരമലിവൊടു. (രക്ത)
മർത്ത്യരക്ഷ ചെയ്യതിന്നായ്-ക്രൂശിൽനി-യെന്നപോൽ-
ഉരുതരകൃപയൊടു (രക്ത)
ഐഹികമായുള്ള യാതൊന്നിന്മേലും
മോഹമെനിക്കുള്ളിൽ തോന്നിച്ചിടാതെ
താതനു ഞാനേകനെന്നോർത്തിടാതെ
അർപ്പണം-ചെയ്യുന്നിൻ
പദമതിൽ ജഡമിതു (രക്ത)

(കർട്ടൻ)

൫-ാം രംഗം.

(അൻറിയോക്കസ്സിൻെറ ഭവനം)

(അൻറിയോക്കസ്സ്, മെററല്ലസ്സ്, പടയാളികൾ.)

അൻറി— അഗാപ്പിററസ്സിനു യാതൊരു കുലുക്കവുമില്ല അതു നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? അവനെ ഉൻമൂലനംചെയ്തു നിലംപതിപ്പിക്കുന്നതിനുവേണ്ടി നാം പണ്ണിപ്പെട്ടിളക്കിയ ആ കൊടുങ്കാററു്, ഇതാ മന്ദമാരുതനുതുല്യം കടന്നുപോയിരിക്കുന്നു. അവൻെറ ഉന്നതമായ നെററിത്തടം മുമ്പേപ്പോലെതന്നെ, ഭാസുരവും പ്രശാന്തവുമായി സ്ഥിതിചെയ്യുന്നു. അവൻെറ ശരീരം പന്തങ്ങൾകൊണ്ടു ചുടുകയും, ദേഹമാസകലം അടിച്ചുപൊട്ടിക്കുകയും, മാംസപേശികൾ പറിച്ചു ചീന്തുകയുംചെയ്തു. എങ്കിലും അവൻെറ നേത്രങ്ങളിൽനിന്നും ഒരുതുള്ളിക്കണ്ണുനീർ പൊഴികയാകട്ടെ, അധരപുടങ്ങളിൽനിന്നും ഒരു ദീർഘനിശ്വാസം പുറപ്പെടുകയാകട്ടെ ചെയ്തിട്ടില്ല. കൂടുതൽപീഡനങ്ങൾ ആവശ്യപ്പെടുന്നതുപോലെ, അതിശ്രുരവും പ്രസന്നവുമായ ഒരു മന്ദഹാസംമാത്രം അപ്പോൾ അഗാപ്പിററസ്സിൻെറ മുഖത്തു കളിയാടി. ഇത്ര അത്ഭുതകരമായ ധൈര്യം ഈ ബാലനിൽ എങ്ങനെ ഉണ്ടായി?

മെററ— മന്ത്രവാദം; വെറും മന്ത്രവാദം; അല്ലാതെ മറെറാന്നുമല്ല.

അൻറി— ഇന്നലത്തെ അത്ഭുതസംഭവം നിങ്ങൾ കണ്ടുവോ? അവൻെറ കൈകാലുകളിൽ നിന്നും വിലങ്ങു തനിയേ താഴെവീണു. അവനെ അടിച്ചവരുടെ കരങ്ങൾ തളർന്നു് അശക്തങ്ങളായിപ്പരിണമിച്ചു. എന്നുമാത്രമല്ല.... ..

മെററ— ഓഹോ! മനസ്സിലായി! ഈ നാരകീയ വിദ്യകൾ അന്ധവിശ്വാസഭരിതനായ നിങ്ങളുടെ ഹൃദയത്തെ വല്ലാതെ ഇളക്കി വശാക്കിയിട്ടുണ്ടു്. അൻറിയോക്കസ്സേ, നിങ്ങളുടെ ആ നേത്രങ്ങളിൽ ഭീതിയുടെ, അഥവാ, ക്രിസ്ത്യാനികളോടുള്ള അ

നുഭവത്തിൻെറ ഒരു നിഴൽ ഒളിഞ്ഞു കിടപ്പുണ്ട്. നിങ്ങളും ഒരു ദേവദ്രോഹിയായിത്തീരുമോ?

അൻറി— ഇല്ല; ഞാൻ നമ്മുടെ ദേവന്മാരെ ആരാധിക്കുന്നു. എന്നാൽ നമ്മുടെ സാമ്രാജ്യത്തിൻെറ ഏകാവലംബമായ ബലിഷ്ഠസന്താനങ്ങളെ നിഷ്ഠുരന്നും നിഗ്രഹിക്കുന്നതിന് എനിക്ക് അനല്പമായ വൈമനസ്യമുണ്ട്. മർദ്ദനവും കൂട്ടക്കൊലയും കൊണ്ടു യാതൊരു പ്രയോജനവും കാണുന്നില്ല. പിന്നെ എന്തിന്, ഭ്രാന്തചിത്തനായി പാഞ്ഞുനടന്ന്, കൊലശിക്ഷ വിധിക്കുകയും സഹപൌരന്മാരുടെ രക്തത്തിൽ കുളിക്കുകയും ചെയ്യുന്നു?

മെററല്ല— (ആത്മഗതം) അൻറിയോക്കസ്സിനും ഇളക്കം തുടങ്ങിയിരിക്കുന്നു. ദയാശീലന്മാരായ ദേവന്മാർക്കുവേണ്ടി ഒരുതുള്ളിരക്തം ചൊരിയുന്നതിന് അവൻ മടിക്കുന്നു. മഹാദേവാ! അവൻ നശിക്കണേ! (അൻറിയോക്കസ്സിനോട്) ദേവന്മാരുടെ നേരെയുള്ള പരിശുദ്ധമായ ചുമതല നിർവ്വഹിക്കുന്നതിനു നിങ്ങൾ മടിക്കുന്നുവോ? അല്ലയോ അമർത്ത്യരായ ദേവന്മാരേ, ഞങ്ങളുടെ ഉദാസീനത നിങ്ങളുടെ ന്യായ്യമായ കോപത്തെ ഉജ്ജ്വലിപ്പിക്കുന്നതായാൽ ഞങ്ങളുടെ പ്രബല സാമ്രാജ്യത്തിൻെറ ആലംബം എന്തു്? മതാചാരനിഷ്ഠയുടെ അഭാവം തീർച്ചയായും റോമാസാമ്രാജ്യത്തിൻെറ അധഃപതനത്തെ ത്വരിതപ്പെടുത്തും.

അൻറി— ഈ ഒച്ചപ്പാടെല്ലാം എന്തിന്? വെറുതെ കണ്ഠക്ഷോഭം ചെയ്യാതിരിക്കൂ, മെററല്ലസ്സേ. ഒട്ടും ഭയപ്പെടേണ്ടാ. ദേവന്മാർക്ക് അവരുടെ അവകാശം ലഭിക്കുകതന്നെ ചെയ്യും. എന്നാൽ ആ ബാലനെ നമ്മുടെ ദേവന്മാരുടെ ആരാധകനാക്കുന്നതിന് ഇനിയും സാധിച്ചേക്കാം. നിങ്ങളുടെ ബുദ്ധിപൂർവ്വകമായ വാദങ്ങളോ, വല്ല ആർദ്രവചനങ്ങളോ അവൻെറ ഹൃദയത്തെ സ്പർശിച്ചേക്കാം. നിങ്ങൾപോയി ആ ബാലനെ രക്ഷിക്കുന്നതിന് ശ്രമിക്കുക.

മെററ — അവൻെറമേൽ മരണശിക്ഷ വിധിക്കുന്നതി

ന് നിങ്ങൾക്കു ധൈര്യമില്ല; ഇല്ലേ? ഹം! എനിക്കധികാരമുണ്ടായിരുന്നെങ്കിൽ........

അൻറി— ഒട്ടും ഭയപ്പെടേണ്ടാ. അല്ലയോ മെററല്ലസ്സേ, അനുതപ്തമായ ഒരു ഹൃദയത്തിൽ നിന്നുയരുന്ന സൌരഭ്യപൂർണ്ണമായ പ്രാർത്ഥനമൂലം ദേവന്മാർക്ക്, നിർബന്ധബുദ്ധിയായ ദേവദൂഷകൻെറ ഭീകരമായ അട്ടഹാസംനിമിത്തം ലഭിക്കാവുന്നതിനേക്കാൾ വളരെ അധികം മാഹാത്മ്യം സിദ്ധിക്കുന്നതാണ്. അവനു സുബോധമുണ്ടാകുന്നതിനു കഴിവുള്ള സകല മാർഗ്ഗങ്ങളും നിങ്ങൾ പ്രയോഗിക്കുക. ഞാനും വേണ്ടതുപോലെ ഉപദേശിച്ചുനോക്കാം. നമ്മുടെ ഔദാര്യപൂർവ്വകമായ ഈ അവസാനപരിശ്രമംകൊണ്ടും യാതൊരു ഫലവുമുണ്ടാകുന്നില്ലെങ്കിൽ, ഘാതകൻ അവൻെറ കൃത്യം നിർവ്വഹിക്കട്ടെ.

മെററ — ഭേഷ്! വിജയം ഹസ്തഗതമായിരിക്കുന്നു. അഗാപ്പിററസ്സ്, ബലിപീഠത്തിന്മേൽ ദേവന്മാരുടെ കോപത്തിനു പരിഹാരം ചെയ്യുന്നതാണെന്നു ഞാൻ ശപഥം ചെയ്യുന്നു. (പോകുന്നു).

## ൩-ാം രംഗം

(അൻറിയോക്കസ്സ് ഏകനായി: വളരെ ചഞ്ചലതയോടെ)

അൻറി—ഹാ! മെററല്ലസ്സ് എന്നെയും ഭീഷണിപ്പെടുത്തുന്നു. ആ പരമദുഷ്ടൻ! ഒരു വ്യാഘ്രത്തിനു പോലും ആ നീചനുള്ളതിനേക്കാൾ ആർദ്രമായ ഹൃദയം ഉണ്ട്. റോമ്മാനഗരത്തിൻെറ ഉത്തമസന്താനങ്ങളെ ഹനിക്കുതിനു, ജ്വലിക്കുന്നകണ്ണുകളും ഊക്കൻ വാളുമായി ഇതാ ആ ഭയങ്കരസത്വം പുറപ്പെട്ടിരിക്കുന്നു. ഏത്ര ഭയങ്കരമായ ഒരവസ്ഥ. പശ്ചാത്താപവും അനുകമ്പയും എൻെറ ഹൃദയകവാടങ്ങളെ ഭേദിച്ചിരിക്കുന്നു......അല്ല! ആർക്കുവേണ്ടി? ഞാൻ വീണ്ടും വീണ്ടും ദയാപുരസ്സരം ചെയ്ത വാഗ്ദാനങ്ങളെല്ലാം അവഗണിച്ചവനുവേണ്ടിയോ? എനിക്കു

തന്നെ ആപത്തിനിടയാക്കിയും, അവൻെറ മനസ്സിനെതിരായും അവനെ ഞാൻ രക്ഷിക്കണമോ? ആസുരമായ ആ ജളൂകത്തിൻെറ കടിയിൽ നിന്നും ഞാൻ അഗാപ്പിററസ്സിനെ രക്ഷിച്ചാൽ, ഉത്തരക്ഷണത്തിൽ അതു് എൻെറ കഴുത്തിൽ ചാടിവീണ്, അതിൻെറ വീത്തവയറു പൊട്ടുന്നതുവരെ എൻെറ രക്തം കുടിക്കും. അഗാപ്പിററസ്സിനെരക്ഷിച്ചാൽ എനിക്കുനാശം. എങ്കിലും, അതിനീചമായ ഒരു ബലിപഠത്തിൽ പാവനവും നിസ്സപാത്ഥവുമായ ആ യുവരക്തം ചൊരിയുന്നതിന് എനിക്കു മനസ്സുവരുന്നില്ല. ഒരു കാട്ടാളനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി ഒരു ഉത്തമ പൌരനെ വധിക്കുന്നതെന്തിനു? ഒരേ സമയത്തുതന്നെ മെററല്ലസ്സിനെ തൃപ്തിപ്പെടുത്തുകയും ബാലനെ രക്ഷിക്കുകയും ചെയ്യുന്നതിനു വല്ലമാൎഗ്ഗവും ഉണ്ടോ എന്നു ഞാൻ ഒന്നുകൂടി പരിശ്രമിച്ചുനോക്കും.

## ൩-ാം രംഗം.

(അൻറിയോക്കസ്സ്, ലൈസാൻഡർ, പടയാളികൾ)

ലൈസാ— ചക്രവർത്തിതിരുമനസ്സുകൊണ്ടു് ഏററവും ഗൌരവകരമായ ഏതോ കാൎയ്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തെ കാണുന്നതിനു യാതൊരു നിവൃത്തിയുമില്ല. അഗാപ്പിററസ്സെവിടേ? അൻറിയോക്കസ്സേ, നിങ്ങൾ ഒന്നും മിണ്ടാത്തതെന്തുകൊണ്ടു്? എന്താണ് സംഭവിച്ചതു്? എൻെറ കുഞ്ഞിന് എന്തെങ്കിലും ഉപദ്രവം പററിയോ?

അൻറി— അവനെക്കാണുന്നതു് കണ്ണുനിർ പ്രവാഹത്തിനു കാരണമാകുമെന്നു ഞാൻ ഭയപ്പെടുന്നു.

ലൈസാ—ഞാൻ അവൻെറ പിതാവാണ്. അൻറിയോക്കസ്സേ, ഇതാ എന്നെ കൊന്നുകൊള്ളുക. നിങ്ങളുടെ വാൾ എൻെറ തകർന്ന വൃദ്ധഹൃദയത്തെ പിളർന്നുകൊള്ളട്ടെ! എന്നാലും എൻെറ മകനെ നീ രക്ഷിക്കുക.

അൻറി—പടയാളികളേ, നിങ്ങൾ ആ ബാലനെ ഇങ്ങ

കൊണ്ടുവരുവിൻ. അല്ലയോ ലൈസാൻഡറേ, നിങ്ങളുടെ സങ്കടങ്ങൾ എൻെറ ഹൃദയത്തെയും ഭേദിക്കുന്നു.

ലൈസാ—അങ്ങിനെയെങ്കിൽ എന്നെ വധിക്കുക എൻെറ പുത്രനെ രക്ഷിക്കുക. നിങ്ങളുടെ സന്ദേഹം കാണുമ്പോൾ എൻെറ സങ്കടം ശതഗ്ഗുണീഭവിക്കുന്നു.

അൻറി— എൻെറ ആഗ്രഹം നിങ്ങൾക്കറിയാമല്ലോ. നിങ്ങളുടെ പുത്രൻ അവൻെറ പിതാവിനെ സ്നേഹിക്കമാത്രം ചെയ്യട്ടെ. എന്നാൽ അവനു യാതൊരുപദ്രവവും നേരിടുന്നതല്ല.

ലൈസാ— ഇപ്പോൾ അവനെക്കാണുന്നതിന്നു് എന്നെ അനുവദിക്കുമോ?

അൻറി—....ഇതാ അവൻ വന്നുകഴിഞ്ഞു.

൬-ാം രംഗം

(മുൻ രംഗത്തിലേ ആളുകളും അഗാപ്പിററസ്സും)
(അഗാപ്പിററസ്സ് നിണമണിഞ്ഞ ഒരു ഇടുങ്ങിയ ബെനിയൻ ധരിച്ചിരിക്കുന്നു. പടയാളികൾ താങ്ങിപ്പിടിച്ചിരിക്കുന്നു).

ലൈസാ—ഞാൻ ഈ കാണുന്നതു എന്താണ്. അയ്യോ! അഗാപ്പിററസ്സേ! എൻെറ മകനേ! നിന്നോടുള്ള ദ്വേഷം എത്ര ക്രൂരമായിരിക്കുന്നു (പടയാളികൾക്കു പകരം താങ്ങുന്നു).

പാട്ട്.

(പത്തിനി കണ്ണകിയെ-- എ. മ).

ആഹാ! യെൻ കണ്മണിയേ-എൻെറ-
ആശയ്ക്കാലംബമേ,
അയ്യോ നിൻ പൂവൽ മെയ് രക്തത്തിൽ കാണ്മാനും
സംഗതി വന്നിതല്ലോ!
നിൻമുഖം കണ്ടിടുകിൽ-ഹാ! ഹാ!
ഏതൊരു മർത്ത്യന്നിദം

നിഷ്ഠൂരമായി പ്രവർത്തിപ്പതിനുള്ളം
ധൃഷ്ടമായ് തീർന്നിടുമോ?
മൈറെല്ലസ്സത്യാഹിത-മേവം
സംഭവിപ്പിക്കും ദ്രഢം.
അയ്യയ്യോ! ദേവന്മാർ കൈവിട്ടോ യെന്നെ യി
വാർദ്ധക്യ കാലത്തിങ്കൽ.

അഗാ— പ്രിയ പിതാവേ, കരയാതിരിക്കുക. എനിക്കു യാതൊരസുഖവുമില്ല. പരിപൂർണ്ണ സുഖമാണ്.

ലൈസാ — (ബാലൻെറ കരങ്ങൾ സ്പർശിച്ചുകൊണ്ടു) നി മരിക്കാൻ തുടങ്ങുന്നു. എന്നിട്ടും ഞാൻ കരയാതിരിക്കണമെന്നോ? ഹാ! എൻെറ മകനേ!

അഗാ— പ്രിയ പിതാവേ, കരയാതിരിക്കുക. ഞാൻ അത്യധികമായ ആനന്ദം അനുഭവിക്കുന്നു. എൻെറ ദൈവത്തിനുവേണ്ടി പീഡകൾ സഹിക്കുന്നതു്, എത്ര സന്തോഷകരമാണെന്നറിയുന്നതിന്, അങ്ങേക്കു സാധിച്ചിരുന്നെങ്കിൽ എത്രനന്നായിരുന്നു.

ലൈസാ— നിൻെറ മുറിവുകൾ എപ്രകാരം എൻെറ മരണകാരണമായിത്തീരുന്നുവെന്നറിയുന്നതിനു നിനക്കു സാധിച്ചിരുന്നെങ്കിൽ മതിയായിരുന്നു.

അഗാ— അല്ലയോ, അൻറിയോക്കസ്സേ, എൻെറ ജീവനെ രക്ഷിക്കരുതേ! ഞാൻ വീണ്ടും വീണ്ടും ആവശ്യപ്പെട്ടിട്ടുള്ള മരണം എനിക്കു പ്രദാനം ചെയ്യുക. ഞാൻ മരിക്കുന്നതിനു മുമ്പ് ഒരൊററ ആഗ്രഹം മാത്രമേ എനിക്കറിയിക്കാനുള്ളു. എൻെറ പിതാവും നിങ്ങളും ക്രിസ്ത്യാനികളായിത്തീരുന്നതിനിടയാകട്ടെ. ഈ ഫേറനേസ്സു പട്ടണവും, സാമ്രാജ്യകേന്ദ്രമായ റോമ്മായും, സൌഭാഗ്യനിദാനമായ ഈ ഇത്താല്യാരാജ്യവും, അതിവിസ്തൃതമായ നമ്മുടെ സാമ്രാജ്യം മുഴുവനും, എന്നുവേണ്ടാ, ലോകമത്രയും ക്രിസ്തുനാഥനായ ദൈവത്തിൻെറ മുമ്പിൽ സാഷ്ടാംഗം

വിണ്, അദ്ദേഹത്തിൻെറ ദിവ്യമാഹാത്മ്യത്തെ വിനയപൂർവ്വം അംഗീകരിക്കുന്നതിന് സർവ്വശക്തൻ ഇടയാക്കട്ടെ!

അൻറി——നിന്നെ വധിക്കുന്നതിനു നീ എന്നോടാവശ്യപ്പെടുന്നു. അഗാപ്പിററസ്സേ; അതൊരിക്കലും പാടില്ല. നീ നീണാൾ ജീവിക്കുക. നീ ചെറുപ്പമാണ്. നിൻെറ പിതാവ് ധനികനും മാന്യനുമാണ്. അദ്ദേഹം നിന്നെ ഹൃദയപൂർവ്വം സ്നേഹിക്കുകയും നിൻെറ സുഖസന്തോഷങ്ങൾക്കായി അശ്രാന്തം പരിശ്രമിക്കുകയും ചെയ്യുന്നു. ചക്രവർത്തിതിരുമനസ്സുകൊണ്ട്, നിന്നെ നമ്മുടെ രാജകുമാരന്മാരുടെ സഖാവും, അവരുടെ സുഖസന്തോഷങ്ങളുടെ പങ്കാളിയും ആക്കുന്നതാണ്. നിൻെറ ഭാഗ്യം നിന്നിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നു. ഒരൊററ വാക്ക്; ഒരേകകൃത്യം ധാരാളം മതി..... നമ്മുടെ ദേവന്മാർക്ക് ക്ഷണികമായ ആരാധനയെങ്കിലും ചെയ്യുന്നതിന്, എന്തു നിരർത്ഥകമായ തടസ്സമാണ്, നിന്നെ പ്രതിരോധിക്കുന്നത്?

അഗാ—അവർ ദേവന്മാരല്ലെന്നുള്ളതുതന്നെ. ക്രിസ്തു മാത്രമാണ് ദൈവം. ഞാൻ അദ്ദേഹത്തെ മാത്രം ആരാധിക്കുന്നു.

ലൈസാ—എൻെറ മകനേ, നീ എൻെറ ഹൃദയം തകർക്കുന്നു. നമ്മുടെ ദേവന്മാരെ ആരാധിക്കുക; ക്രിസ്തുവിനെ പരിത്യജിക്കുക.

അഗാ ഇല്ല; എൻെറ സ്നേഹനാഥാ, ഒരിക്കലും ഞാൻ അങ്ങേ ഉപേക്ഷിക്കുകയില്ല. അങ്ങ് എന്നെ സഹായിക്കണമേ!

അൻറി——കൊള്ളാം; അത്രനിർബ്ബന്ധമാണെങ്കിൽ ക്രിസ്തുവിനെ സേവിച്ചുകൊള്ളുക; എന്നാൽ നമ്മുടെ സാമ്രാജ്യദേവന്മാരെക്കൂടി നീ ആരാധിക്കുക. ഇതിനു നീ തടസ്സം പറയരുത്.

അഗാ—ഏകസത്യദൈവം ക്രിസ്തുമാത്രമാണ്. വേറെ യാതൊരുവക ദേവനെയും ഞാൻ ആരാധിക്കുന്നതല്ല.

അൻറി——വേണ്ടിടത്തോളം ഞാൻ കേട്ടുകഴിഞ്ഞു. പടയാളികളേ, നിങ്ങൾ അവനെ കൊണ്ടുപോവിൻ (പടയാളികൾ അഗാപ്പിററസ്സിനെ താങ്ങുന്നു).

ലൈസാ—എവിടേക്കു്?

അൻറി— ദേവദൂഷകന്മാർക്കു തക്കശിക്ഷ നല്കുന്ന ആ സ്ഥലത്തേക്കു്.

ലൈസാ—(ഗവണ്ണരുടെ മുമ്പിൽ മുട്ടുകുത്തികൊണ്ടു്) അൻറിയോക്കസ്സേ, കരുണയുണ്ടാകണമേ. എൻെറ പുത്രൻെറമേൽ ദയതോന്നണമേ. ചക്രവർത്തിതിരുമേനിയെക്കാണുന്നതിന്നു് എനിക്കു സമയം തരിക. അനേകം ആയോധനങ്ങളിൽ ഞാൻ ഏററിട്ടുള്ള മുറിവുകളേയും, അദ്ദേഹത്തിൻെറ പതാകകളുടെ നിഴലിൽ ധീരസമരം ചെയ്തു് വീരസ്വർഗ്ഗമടഞ്ഞ എൻെറ പുത്രന്മാരേയും കുറിച്ചു്, ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കട്ടെ. എൻെറ പുത്രൻ ഇനിയും ജിവിച്ചിരുന്നു്, ചക്രവത്തി തിരുമേനിക്കും, നമ്മുടെ സാമ്രാജ്യത്തിനും സേവനം ചെയ്യുന്നതിന്നു സാധിക്കുമെങ്കിൽ എൻെറ ധമനികളിൽക്കൂടി നിരുന്മേഷമായി പ്രവഹിക്കുന്ന അവസാനത്തെ രക്തത്തുള്ളികൂടെ നിങ്ങൾ ചൊരിഞ്ഞുകൊള്ളുക.

അൻറി— (ലൈസാൻഡറിനെ പിടിച്ചെഴുന്നേൽപ്പിച്ചിട്ടു്) കൊള്ളാം: ചക്രവത്തി തിരുമേനിയെക്കാണുക. നിങ്ങളുടെ ശ്രമം വിജയപ്രദമായിപ്പരിണമിക്കട്ടെ.

ലൈസാ— ഞാൻ തിരിച്ചു വരുന്നതുവരെ എൻെറ പുത്രനെ രക്ഷിക്കുക. ചക്രവത്തി തിരുമനസ്സുകൊണ്ടും ഒരു പിതാവാണു്. നിർച്ചയായും അദ്ദേഹത്തിന്നു് എന്നോടു സഹതാപം തോന്നുകയും, എൻെറ പുത്രനെ രക്ഷിക്കുകയും ചെയ്യും

അൻറി— സ്നേഹിതാ, പോവുക. ഒട്ടും ഭയപ്പെടേണ്ടാ. നിങ്ങളുടെ പുത്രനു യാതൊരുപദ്രവവും നേരിടുകയില്ല. ഞാൻ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളാം. (ലൈസാൻഡർ പോകുന്നു)

൮-ാം രംഗം.

അൻറി— അഗാപ്പിററസ്സേ, നിൻെറ പിതാവിൻെറ ഹൃദയത്തെ നീ തകർക്കുന്നു. നിൻെറ പിതൃസ്നേഹമെവിടെ? (ഇരിക്കുന്നു).

അഗാ — എന്നെ അടിക്കയോ, പീഡിപ്പിക്കയോ, എൻെറ അവയവങ്ങൾ വലിച്ചു കീറുകയോ ചെയ്തുകൊള്ളുക. എന്നാൽ, ദയവായി എൻെറ പിതാവിൻെറ കഷ്ടതകളേയും സങ്കടങ്ങളേയും എന്നെ അനുസ്മരിപ്പിക്കരുതേ.

അൻറി— നിനക്കു്, അദ്ദേഹത്തോടുള്ള സ്നേഹം എനിക്കു നന്നായറിയാം. എന്നുമാത്രമല്ല; നിൻെറ മതമാണു് സത്യമതമെന്നും എനിക്കു ബോധമുണ്ടു്. എൻെറ ഈ ഉന്നത സ്ഥാനമാനങ്ങൾ പ്രതിബന്ധമായി നിന്നിരുന്നില്ലെങ്കിൽ, ഞാനും ക്രിസ്ത്യാനിയാകുമായിരുന്നു. എൻെറ ഉദ്യോഗവും ഒരു പക്ഷേ ജീവൻതന്നെയും അപകടത്തിലായേക്കാം.

ഗാനം

(ആദിമൂലമാന സുശീല എ. മ).

പല്ലവി: സ്നേഹശീലാ! സുശീലാ! ധീരബാലാ!
ഹൃദിവൈമല്യതാത ഭക്തിപാലാ!

ച: ഗ. സായൂജ്യമതുള്ളം താവകവിമലം
പുരുമതം അവനിതലേ
ജയമാളിടും ജയമാളിടും
നിത്യസത്യാനന്ദ പ്രദമോല്യം
മമലോലാൾയത്തിലുമെൻബാലാ!

ച. ര. ഔന്നത്യഭൂഷണം സ്ഥാനങ്ങളൊന്നുമേ
ഇല്ലിവനെങ്കിൽ പ്രീതിയോടെ
നിനക്കിമ്പമെഴും ക്രിസ്തുപാദം
ഭംഗമെന്യേ ഭജിപ്പേനഹംബാലാ.

അഗാ— നിങ്ങൾ സത്യവെളിച്ചം കാണുന്നതിനും അതി

ന്നെ അനുഗമിക്കുന്നതിനും ഇടയാകണമേ, എന്നായിരിക്കും എന്റെ അവസാന പ്രാൎത്ഥന.

അൻറി— ചക്രവൎത്തി തിരുമനസ്സുകൊണ്ടു് ഈ പട്ടണത്തിൽ എഴുന്നെള്ളിത്താമസിക്കുന്ന ഈ അവസരത്തിൽ, ഒരല്പസമയത്തേക്കു നിന്റെ മതം മറച്ചു്, നിന്നെയും നിന്റെ പിതാവിനെയും രക്ഷിക്കുന്നതിനു്, നീ ഉദ്യമിക്കാത്തതെന്തു്?

അഗാ— ഒരിക്കലും നിവൃത്തിയില്ല. ക്രിസ്തുമാത്രം എപ്പോഴും എന്റെ ആരാധനാവിഷയമാണു്. ഞാൻ ഒരു ക്ഷണനേരത്തേക്കുപോലും, അദ്ദേഹത്തെ സ്നേഹിക്കാതെയോ ആരാധിക്കാതെയോ ഇരിക്കുന്നതല്ല.

---

## ൯-ാം രംഗം.

അൻറി— (എഴുന്നേററിട്ടു്) വീണ്ടും മെറെറല്ലസ്സോ? അവൻ എപ്പോഴും എന്റെ കൺമുമ്പിൽ കാണാതാകും! (മെറെറല്ലസ്സ പ്രവേശിക്കുന്നു).

മെറെറ— ഞാൻ രക്തം കുടിച്ചു കഴിഞ്ഞു. എങ്കിലും ഇനിയും എന്റെ ദാഹം തീൎന്നിട്ടില്ല. അൻറിയോക്കസ്സേ, നിങ്ങളുടെ വാഗ്ദാനം നിറവേററാത്തതെന്തു്? ക്രിസ്തീയസ്നേഹിതന്മാരെ പ്രസാദിപ്പിക്കുന്നതിനു്, നിങ്ങളുടെ ആൎദ്രഹൃദയം ഇനിയും പണിപ്പെടുന്നുവോ? ഈ ബാലനെക്കൊണ്ടുപോയി ദേവന്മാൎക്കു ബലികഴിക്കുന്നതിനാണു് ഞാൻ വന്നിരിക്കുന്നതു്. ചക്രവൎത്തി തിരുമനസ്സിലേ കല്പന ഖണ്ഡിതമാണു്. ഇനിയും താമസം പാടില്ല.

അൻറി— അതേ, ചക്രവൎത്തി തിരുമനസ്സിലേ കല്പന താമസിയാതെതന്നെ ലഭിക്കും.

മെറെറ— താമസിയാതെ തന്നെ ലഭിക്കുമെന്നോ? എന്തു്? നിങ്ങൾ ഇനിയും കല്പനക്കു കാത്തിരിക്കുകയാണോ? ബഹുകേമമായി. കല്പന അയച്ചിട്ടു് സമയം എത്രയായി. ഈ ഫ്രെനേസ്റ്റെ നഗരത്തിലെ കുട്ടികൾക്കുപോലും, ആ വിവരം അറിയാം.

ഉടൻ കല്പന നടപ്പിൽ വരുത്തണമെന്നു്, അവർപോലും ആവശ്യപ്പെടുന്നു.

അൻറി— ചക്രവത്തി തിരുമനസ്സുകൊണ്ടു്, ഇനിയും അതു റദ്ദ് ചെയ്യേക്കാം.

മെററ— ഇനിയും താമസം പാടില്ല. പടയാളികളേ, വരുവിൻ.

൫-ാം രംഗം.

(മുൻരംഗത്തിലേ ആളുകളും ചക്രവത്തിയുടെ പടയാളികളും)

മെററ— അൻറിയോക്കസ്സേ, എന്നെക്കളിപ്പിക്കുന്നതിനുള്ള നിങ്ങളുടെ ശ്രമം വെറും നിഷ്ഫലമാണ്. ഈ സാമ്രാജ്യത്തിലേ യാതൊരു ഗവർണർക്കും എന്നോടു നേടുന്നതിനു സാധിക്കുന്നതല്ലെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? ഇതാ ചക്രവത്തി തിരുമനസ്സുകൊണ്ടു് എനിക്കയച്ചു തന്നിട്ടുള്ള പ്രിട്ടോറിയൻ ഭടന്മാർ. അഗാപ്പിററസ്സിനെ പിടിച്ചുകൊണ്ടുപോകുന്നതിന് എനിക്കു അരവു ലഭിച്ചിട്ടുണ്ടു്. (അഗാപ്പിററസ്സിൻെറ സമീപത്തേയ്ക്കടുക്കുന്നു).

അൻറി— എടാ നീചാ, പോ ദൂരെ. ഈ അരമനയിലും ഈ പട്ടണത്തിലും എൻെറ അധികാരം ധിക്കരിക്കുന്നവനാര്?

മെററ— ദിവ്യനായ ചക്രവത്തി തിരുമനസ്സുകൊണ്ടുതന്നെ. ഞാൻ അദ്ദേഹത്തിൻെറ കല്പനപ്രകാരം വന്നിരിക്കയാണ്. ഉദ്യോഗത്തിലോ, ജീവനിലോ കൊതിയുണ്ടെങ്കിൽ കൂടുതൽ അതൃപ്തിക്കിടയാക്കരുതു്. ചക്രവത്തി തിരുമനസ്സിലേയ്ക്കു വിവരങ്ങളെല്ലാം മനസ്സിലായിട്ടുണ്ടു്.

അൻറി— എന്തു്? നിങ്ങൾ അദ്ദേഹത്തോടു പറഞ്ഞുവോ?

മെററ— ഉവ്വ്. കല്പന നടത്തുന്നതിനു നിങ്ങൾ ഇത്ര വലിയ ഉദാസീനത കാണിച്ചതിൽ അദ്ദേഹം വളരെ അധികം ആ

ച്ചേയ്യപ്പെട്ടു. അദ്ദേഹത്തിൻെറ പ്രശാന്തഗംഭീരമായ മുഖഭാവം അല്പം ഒന്നു പകർന്നതായും എനിക്കുതോന്നി.

അൻറി— (ആത്മഗതം) ഹാ, രാക്ഷസൻ! എൻെറ ഉദ്യോഗം കുഴപ്പത്തിലായിരിക്കുന്നു. എൻെറ പുത്രൻെറ ഭാവിയും അപകടത്തിലായി. ഇന്നു സകലതും ശനിപ്പിഴതന്നെ. ഒരു മദ്ധ്യനിലയിൽനിന്നു മറെറാന്നിലേക്കു ചാഞ്ഞും ചരിഞ്ഞും നിന്നതിൻെറ ഫലമാണിതു്. അതിമോഹത്തേയും സ്നേഹബന്ധത്തേയും ഒരേസമയത്തു തൃപ്തിപ്പെടുത്തുന്നതിനുള്ള ശ്രമത്തിൻെറ കലാശമാണിതു്. (പ്രീട്ടോറിയൻ ഭടന്മാർ അഗാപ്പിററസ്സിനെ പിടിക്കാൻ ഭാവിക്കുന്നു.) മെറെറല്ലസ്സേ, മാറി നില്ക്കുക. ചക്രവത്തി തിരുമനസ്സിലേ കല്പന നിവ്വഹിക്കേണ്ടതെങ്ങിനെയെന്നെനിക്കറിയാം.

അഗാ — അൻറിയോക്കസ്സേ, ദയതോന്നി എന്നെ വിട്ടയയ്ക്കുക.

അൻറി— ഞാൻ നിൻെറ പിതാവിനോടുചെയ്ത വാഗ്ദാനമോ?

മെറെറ— ചക്രവത്തി തിരുമനസ്സിലേ അതൃപ്തിപോലെ അത്ര ഭയങ്കരമായി വേറെ യാതൊന്നുമില്ലെന്നു് അദ്ദേഹത്തോടു പറയുക. പടയാളികളേ, നിങ്ങളുടെ ജോലി ചെയ്യിൻ (പടയാളികൾ അഗാപ്പിററസ്സിനെ അറസ്റ്റ് ചെയ്യുന്നു.)

അൻറി— (ആത്മഗതം) ജയമായാലും അപജയമായാലും എതിർക്കുന്നതു ബുദ്ധിഹീനതയാണു്. (ഉച്ചത്തിൽ) കൊള്ളാം മെറെറല്ലസ്സേ, ജാഗ്രതയായിരിക്കുക. എൻെറ അനുമതി ലഭിക്കുന്നതിനുമുമ്പു് ബാലൻെറ ജീവനാശത്തിനു മുതിർന്നുകൂടാ. മനസ്സിലായോ?

മെറെറ— എനിക്കു കല്പന കിട്ടിക്കഴിഞ്ഞു. പടയാളികളേ, പോകുവിൻ. (പടയാളികൾ അഗാപ്പിററസ്സിനെ പിടിച്ചു കൊണ്ടുപോകുന്നു).

അഗാ— അൻറിയോക്കസ്സേ, നിങ്ങൾക്കു ശുഭം. എ

ൻെറ സ്നേഹാദരങ്ങളെ എൻെറ പ്രിയ പിതാവിനു നിങ്ങൾ പ്രദാനം ചെയ്യുക. നിങ്ങൾ രണ്ടുപേരേയും സ്വൎഗ്ഗരാജ്യത്തിൽ ഞാൻ വീണ്ടും കണ്ടുകൊള്ളാം. (പടയാളികൾ കൊണ്ടുപോകുന്നു).

―――

## ൧൧-ാംരംഗം.

(അൻറിയോക്കസ്സ് ഏകനായി; മററുപടയാളികൾ പിൻഭാഗത്ത്)

അൻറി— ഹാ! പരമാൎത്ഥത്തിൽ എത്ര യോഗ്യനായ ഒരു കുമാരൻ. മരിക്കുന്നതിനു യാതൊരു ഭയവുമില്ലാത്ത സൎവ്വസൽഗ്ഗുണസമ്പൂർണ്ണനായ ഒരു ബാലൻ. അവൻെറ മരണത്തെപ്പററി സ്മരിക്കുമ്പോൾ ലൈസാൻഡർ ഭ്രാന്തചിത്തനായിത്തീരുന്നതിൽ യാതൊരത്ഭുതവുമില്ല. അയ്യൊ, എന്തൊരു കഷ്ടം! വിളഞ്ഞ കതിരുകളും വിടരാത്ത കുസുമങ്ങളും ഒന്നുപോലെ അരിയുന്ന ആ ദുഷ്ടൻെറ കയ്യിൽ—കരുണയോ പശ്ചാത്താപമോ എന്താണെന്നറിയുകപോലും ചെയ്യാത്ത മെറെറല്ലസ്സിൻെറ പക്കൽ ഞാൻ അവനെ ഏല്പിച്ചതെന്തിന്? അവൻെറ കോപകലുഷമായ നോട്ടത്തേയും, ഇരുളടഞ്ഞ ഹൃദയത്തേയും ഞാൻ എങ്ങനെ അറയ്ക്കുകയും, വെറുക്കുകയും, ചെയ്യുന്നു. അവൻ എൻെറ അധികാരത്തെ ധിക്കരിച്ചിരിക്കുന്നു. തനിക്ക് കല്പനകിട്ടിയിട്ടുണ്ടെന്നല്ലേ, ആ ക്രൂരവ്യാഘ്രം പറഞ്ഞത്? പടയാളികളേ, മെറെറല്ലസ്സ്, അഗാപ്പിററസ്സിൻെറ കഴുത്തിനുമുകളിൽ വാൾ ഊരിപ്പിടിച്ചിരിക്കുന്നുവെന്നുള്ള വിവരം നിങ്ങൾ ലൈസാൻഡറെ അറിയിപ്പിൻ. ക്ഷണം പോകുവിൻ. (പടയാളികൾ പോകുന്നു)।

അഗാപ്പിററസ്സിൻെറ ദൈവമേ! കഴിയുമെങ്കിൽ അവനെ നീ രക്ഷിക്കുക. ഹാ! എന്തൊരത്ഭുതം. ആ അന്യ ദേവൻെറ നാമം ഉച്ചരിക്കുമ്പോൾ, അജ്ഞേയമായ ഒരു മാധുൎയ്യം എനിക്കനുഭൂതമാകുന്നു......എൻെറ മനസ്സിനു പെട്ടെന്നൊരു വ്യത്യാസം വരുന്നു. എന്നെ വശീകരിക്കുന്നതിന്, യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ അഗാപ്പിററസ്സ് പ്രയോഗിച്ച വല്ല മന്ത്രത്തിൻേറയും ഫലമോ ഇത്? അതോ, പീഡകനായ എനിക്കുവേണ്ടി അവൻ

ചെയ്ത പ്രാൎത്ഥനയുടെ ശക്തിയോ? എന്റെ മനസ്സിൽ ഇത്ര വലി യ ഒരു അവസ്ഥാഭേദം ഉണ്ടാകുന്നത് എന്തായിരിക്കും?

ഗാനം.

(അയ്യോ നിൻ പൊന്നടിയേ എ. മ).

പല്ല. ദേവ! നിൻ പൊന്നടികളാമോദമോടു-ഞാൻ
നമ്പിടുന്നേനലം.

അനു. നമ്പിടുന്നേനലം നിൻപാദതാരലം.

ച. ക്രിസ്തുദേവാഹ്വായം കേൾക്കുവതാനന്ദം
എന്തിതെന്തത്ഭുതം ആനന്ദമാനന്ദം.

ച. വ. ബാലനഗാപ്പിററസിൻ പ്രാൎത്ഥനമൂലമോ
മാനസം മാറുന്നെൻദേവൻ തുണയ്ക്കണം.

൧൨-ാം രംഗം

(അൻറിയോക്കസ്സും വിക്റ്ററും: രംഗത്തുനിന്നും ദൂരെ ചൂണ്ടിക്കാ ണിച്ചുകൊണ്ട്)

വിക്ററർ— (ഓടിക്കിതച്ചുവന്നിട്ട്) എന്റെ പ്രിയ പിതാവേ! അഗാപ്പിററസ്സിനെ രക്ഷിക്കുക. മെററല്ലസ്സ്, ഇതാ അവനെ കൊല്ലുന്നതിനാരംഭിക്കുന്നു. ഇപ്പോൾ അവൻ ജനസ മൂഹത്തെ പറഞ്ഞിളക്കുകയാണ്. ക്രൂരാട്ടഹാസങ്ങളും ഭീകര ഗ ൎജ്ജനങ്ങളും കൊണ്ട്, അവൻ അവരെ പ്രക്ഷോഭിപ്പിക്കുന്നു. അ താവെട്ടുന്നതിനെന്നപോലെ അവൻ വാൾ വീശുന്നു. അയ്യോ! ഭയങ്കരമായ കാഴ്ച! അയ്യോ! എന്റെ പിതാവെ! സമയം അതി ക്രമിക്കുന്നതിനു മുമ്പുവരിക. വേഗം വരിക

(രണ്ടുപേരും വാതിൽക്കലേക്കു പോകുന്നു).

൧൩-ാം രംഗം

(അൻറിയോക്കസ്സ്, വിക്റ്റർ, ലൈസാൻഡർ)

ലൈസാ— (ഓടിവന്നിട്ടു) മാപ്പ്; അവനു മാപ്പുലഭി

ച്ചിരിക്കുന്നു. ചക്രവത്തിതിരുമനസ്സിലെ തീട്ടൂരം ഇതാ! (തീട്ടൂരം വീശികൊണ്ട്) അഗാപ്പിററസ്സേ, എൻെറ മകനേ, ഞാൻ നിന്നെ ആശ്ലേഷിക്കട്ടെ. (വാതിൽക്കലേക്കു പോകുന്നു).

അൻറി— മാപ്പുലഭിച്ചെന്നോ?

ലൈസാ — അഗാപ്പിററസ്സെവിടെ?

അൻറി— ഹാ! കഷ്ടം.

ലൈസാ— ഇതിൻെറ അത്ഥം എന്തു? ഞാൻ നിങ്ങളെയാണല്ലോ അവനെ ഏല്പിച്ചിരുന്നതു്.

അൻറി— പ്രീട്ടോറിയൻ ഭടന്മാർ അവനെപ്പിടിച്ചുകൊണ്ടുപോയി. ഇപ്പോൾ അവൻ മെറെറല്ലസ്സിൻെറ സൂക്ഷത്തിലാണു്.

ലൈസാ— ഉന്മത്തനായ മെറെറല്ലസ്സിൻെറ പക്കലോ? അതിൽഭേദം കാട്ടുമൃഗങ്ങളെ ഏല്പിക്കുകയാണു്. (കഠാരി ഊരിയിട്ടു്) ഞാൻ അമ്പലത്തിലേക്കു തന്നെപോകുന്നു. സിംഹത്തെ അതിൻെറ ഗുഹയിൽവച്ചുതന്നെ ഞാൻ തകർക്കും. അയ്യോ! എൻെറ മകനെന്തെങ്കിലും അപായം സംഭവിച്ചിട്ടുണ്ടെങ്കിൽ....

(വാതിൽക്കലേക്കു പോകുന്നു. മെറെറല്ലസ്സു് പ്രവേശിക്കുന്നു).

## ൧൪-ാം. രംഗം

(മുൻരംഗത്തിലെ ആളുകൾ. മെറെറല്ലസ്സു് പ്രവേശിക്കുന്നു)

ലൈസാ— മെറെറല്ലസ്സേ, എൻെറ പുത്രൻ എവിടെ അവനെ ഉടൻ എന്നെ ഏല്പിക്കുക.

മെറെറ—നിങ്ങൾക്കിപ്പോൾത്തന്നെ അവനെ കാണാം.

ലൈസാ— ദേവന്മാർക്കു സ്തുതി. അവൻ ജീവിച്ചിരിക്കുന്നു.

മെറെറ— (നിഷ്ഠുരഭാവം) ഇല്ല, അവൻ ചത്തുപോയി. ദേവദ്രോഹികളെല്ലാം ഇങ്ങനെതന്നെ നശിക്കട്ടെ!

ലൈസാ— മരിച്ചുവോ? (മറിഞ്ഞുവീഴുന്നു. വിക്റ്റർ താങ്ങുന്നു)

അൻറി— അയ്യോ! ദുർഭഗനായ പിതാവേ, സമയം കഴിഞ്ഞുപോയി.

ലൈസാ— (ഉഗ്രതയോടെ) ഹാ! ദേവന്മാരേ, നിങ്ങളുടെ ശക്തി എവിടെ? (അല്പനേരം മൌനമായിരുന്നിട്ട്) പ്രിയ അഗാപ്പിററസ്സ് മൃതനായിരിക്കുന്നു. (മെറെറല്ലസ്സിനോട് വളരെ ദേഷ്യത്തോടെ) എടാ നീചാ! നീയല്ലേ എൻെറ പുത്രനെ വധിച്ചതു്? നിൻെറ കരങ്ങൾ രക്തത്തിൽ—അതേ, പ്രതികാരത്തിനായി നിലവിളിക്കുന്ന നിഷ്കന്മഷമായ രക്തത്തിൽ കുളിച്ചിരിക്കുന്നു. (തീവ്രമെങ്കിലും ഒതുക്കിയ വികാരഭാരത്തോടെ) മെറെറല്ലസ്സേ, എനിക്കൊരു പുത്രൻ ഉണ്ടായിരുന്നു — എനിക്കു ശേഷിച്ച ഏകപുത്രൻ— മാതൃഹീനനായ ഒരു ബാലൻ. ലോകത്തിലുള്ള സകലത്തെയുംകാൾ അധികം അവനെ ഞാൻ സ്നേഹിച്ചിരുന്നു. അവൻ എൻെറ വാർദ്ധക്യകാലത്തെ തുണയും എൻെറ കുടുംബത്തിൻെറ അഭിമാനസ്തംഭവും ആയിരിക്കുമെന്നു ഞാൻ വിശ്വസിച്ചു. അവൻ എൻെറ സന്തോഷകാരണവും, അഭിമാനഹേതുവും അമൂല്യനിധിയുമായിരുന്നു. നിൻെറ ക്രൂരവും മൃഗീയവുമായ കരങ്ങൾ അവനെ ഇപ്പോൾ നിണമണിഞ്ഞ ഒരു മൃതശരീരമാക്കിത്തീർത്തിരിക്കുന്നു. (കോപാന്ധനായി) ഹാ, ദുഷ്ടാ! ഇതുപ്രതികാരത്തിൻെറസമയമാണ്. എടാ! നരകപിശാചേ, നീ കാലപുരിയിൽ ചെന്നടിയുക. (കഠാരി ഊരിക്കൊണ്ടു് മെറെറല്ലസ്സിൻെറ നേരെ പാഞ്ഞടുക്കുന്നു).

അൻറി— (രണ്ടുപേരുടേയും മദ്ധ്യത്തിൽ ചാടിവീണിട്ട്) അരുത്. (പടയാളികൾ പാഞ്ഞടുത്തു് ലൈസാൻഡറെത്തടയുന്നു) (സഹതാപപൂർവ്വം ലൈസാൻഡറോട്) സ്നേഹിതാ, നിങ്ങളോടു ഞാനും സഹതപിക്കുന്നു. എന്നാൽ ഇവിടെവച്ചു് രക്തം ചൊരിഞ്ഞുകൂടാ.

ലൈസാ— ഒരു കൊലപാതകൻെറ—അതെ, ഒരു ക്രൂരവ്യാഘ്രത്തിൻെറ രക്തമോ? (ഒരു കസേരയിലേക്കു മറിഞ്ഞുവീഴുന്നു).

അൻറി— ഒട്ടും ഭയപ്പെടേണ്ടാ; നീതിനടക്കുക തന്നെ ചെയ്യും. അവൻെറ ക്രൂരതയ്ക്കുതക്ക പരിഹാരം ആ ദുഷ്ടനെക്കൊണ്ടു ഞാൻ ചെയ്യിക്കുന്നതാണ്. അഗാപ്പിററസ്സ്, എൻെറ പുത്രനായിരുന്നാലെന്നതുപോലെ ഞാൻ നിങ്ങളുടെ ദുഃഖത്തിൽ പങ്കുകൊള്ളുന്നു.

വിക്ററർ— എന്തിനാണ് അങ്ങ് ശിക്ഷിക്കുന്നത്. നമ്മുടെ പ്രേമഭാജനമായ അഗാപ്പിററസ്സിനെപ്പോലെ നമുക്കും എന്തുകൊണ്ടു ക്ഷമിച്ചുകൂടാ? അദ്ദേഹം ഇവിടെയുണ്ടായിരുന്നെങ്കിൽ, നിർച്ചയായും മെറെറല്ലസ്സിനു മാപ്പ് നല്കുന്നതിന് അഭ്യർത്ഥിക്കുമായിരുന്നു. പ്രിയ പിതാവേ, അങ്ങ് അഗാപ്പിററസ്സിനെ സ്നേഹിച്ചിരുന്നു. എന്നാൽ അതിലും ഉപരിയായ ഒരു കൃത്യം ഇപ്പോൾ ചെയ്യുക. ആ യുവരക്തസാക്ഷിയുടെ മാതൃകയെ അനുകരിക്കുക. അദ്ദേഹം ഒരു വലിയ പുണ്യവാനായിരുന്നു. ഇത്ര ദിവ്യനായ ഒരു ബാലൻ, നമ്മുടെ മദ്ധ്യേ ഇരിക്കുന്നതിനുതക്കയോഗ്യത നമുക്കില്ല. ആ മഹാത്മാവ് എനിയ്ക്കും തത്തോപദേശം ചെയ്തു. ഇതാ, അദ്ദേഹത്തിൻെറ മാതൃക എന്നെ ഒരു ക്രിസ്ത്യാനിയാക്കിത്തീർത്തിരിക്കുന്നു.

അൻറി— ഞാനീകേൾക്കുന്നതെന്താണ്? എൻെറ പുത്രൻ ഒരു ക്രിസ്ത്യാനിയോ? നിൻെറ സൌഭാഗ്യത്തിനു വേണ്ടി ഞാൻ തെളിച്ചവഴികളെല്ലാം നി ഞൊടിയിടകൊണ്ടടയ്ക്കുന്നുവോ?

വിക്ററർ— പിതാവേ, അക്കാര്യത്തെക്കുറിച്ച് അങ്ങ് ഒട്ടും പരിഭ്രമിക്കേണ്ടാ. ധനവും കീർത്തിയും മാഹാത്മ്യവും എന്നെ ലേശംപോലും ആകർഷിക്കുന്നില്ല. അവയെല്ലാം നിരുപയുക്തങ്ങളായ കളിപ്പാട്ടങ്ങൾ മാത്രമാണ്. അവയെ ഞാൻ നിന്ദിക്കുന്നു. ഇപ്പോൾ അഗാപ്പിററസ്സിനു ലഭിച്ചിരിക്കുന്ന ആനന്ദപൂർണ്ണമായ സ്വർഗ്ഗരാജ്യത്തിലെത്തി അദ്ദേഹത്തെക്കാണുന്നതിനു മാത്രമാണ് എൻെറ ആഗ്രഹം.

അൻറി-- എൻെറ പ്രഭാവസൌധം ഇതാ ഇടിഞ്ഞു തകരുന്നു. സ്നേഹിതന്മാരും ബന്ധുക്കളും എൻെറ സമീപത്തുനിന്നും ഓടി അകലുന്നു. ചക്രവർത്തിതിരുമനസ്സിലേ കോപാഗ്നി എൻെറ നേരെ ജ്വലിക്കുന്നു. എവിടേക്കുതിരിഞ്ഞാലും അധ:പതനവും നാശവും എന്നെ തുറിച്ചുനോക്കുന്നു....

മെററ-- (വിജയപൂർവ്വം) ഇതു് ദേവന്മാരുടെ പ്രതികാരമാണു്. ആ ബാലൻ അവരുടെ കോപത്തിൻെറ ഫലം അറിഞ്ഞുകഴിഞ്ഞു. അവൻെറ സ്നേഹിതന്മാർക്കും ഏറെത്താമസിയാതെ, അതേ അനുഭവംതന്നെ സിദ്ധിക്കും. നമ്മുടെ മഹേശ്വരന്മാരുടെ കാര്യം വന്നപ്പോൾ, നിങ്ങൾ മുക്കിയും മൂളിയും കഴിക്കുകയല്ലേ ചെയ്തതു്? അതിനാൽ ഇതാ, ഇപ്പോൾ നിങ്ങളുടെശിക്ഷ ആരംഭിച്ചിരിക്കുന്നു. ദേവന്മാർ പ്രതികാരേച്ഛുക്കളാണു്. ആ ഗലീലിയൻെറ തലതകർന്നുകഴിഞ്ഞു. ഞാനാണു്, ഇതെല്ലാം ചെയ്തതു്.

അൻറി— നിൻെറ കപടഭക്തി നശിക്കട്ടെ. എടാദുഷ്ടാ, നിൻെറ ഭക്തിയോ? കളങ്കരഹിതമായ രക്തകണങ്ങൾ നിൻെറ കരങ്ങളിൽനിന്നും പൊഴിഞ്ഞുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നിൻെറ ഭക്തിയെപ്പററി വേറെവല്ലവരോടും പ്രസംഗിക്കുകയാണു് നല്ലതു്.

മെററ— (ഹാസ്യപൂർവ്വം) അൻറിയോക്കസ്സേ, നിൻെറ കാലമെല്ലാം കഴിഞ്ഞുപോയി. എന്നാൽ പ്രതികാരകർത്താവെന്ന നിലയിൽ എൻെറ ഉദ്യോഗമാകട്ടെ, ആരംഭിച്ചിട്ടേയുള്ളു. (ചക്രവർത്തിയുടെ തിട്ടൂരം കാണിച്ചിട്ടു്) ഇതാ നിൻെറ വൃദ്ധസിരകളെ തുടിപ്പിക്കത്തക്ക ഒരു രേഖ. ക്രിസ്തീയനാമധാരികളായ നീചന്മാരെ ആകമാനം ബന്ധിക്കുന്നതിനു് ചക്രവത്തിതിരുമനസ്സുകൊണ്ടു് എന്നെ അധികാരപ്പെടുത്തുന്ന കല്പനയാണിതു്. നിങ്ങളുടെ പുത്രനും ഒരു ക്രിസ്ത്യാനിയാണെന്നുമനസ്സിലാക്കുന്നതിനു തക്കസമയത്തു വന്നുചേർന്നതു ഭാഗ്യംതന്നെ.

അൻറി— (കോപതാപാന്ധനായി) എൻെറ പുത്രനെ

യോ? ഹേ ദുഷ്ടാ, എന്റെ വീട്ടിൽ—എന്റെ കൺമുമ്പിൽ വച്ചു തന്നെ എന്റെ പുത്രനെ നീ പിടിക്കുമെന്നോ? നിന്റെ ധിക്കാരത്തിനൊരതിരുമില്ലേ? ഇനിയൊരടി മുമ്പോട്ടു വച്ചാൽ എന്റെ വാളിന്റെ മൂർച്ച നീ അറിയും.

മെററ— (ധിക്കാരപൂർവ്വം) ചക്രവർത്തിതിരുമനസ്സിലെ കല്പനയാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. അദ്ദേഹത്തിന്റെ ആജ്ഞ ലംഘിക്കുന്നവൻ ആരാണെന്നു കാണട്ടെ. ക്രിസ്തുമതാനുയായികളായ സകലരെയും പിടിക്കുന്നതിന് എനിക്കു കല്പനലഭിച്ചിട്ടുണ്ട്.

വലേരി — (മെററല്ലസ്സിന്റെ അടുക്കലേക്ക് ഓടിവന്നിട്ട്) ക്രിസ്ത്യാനികൾ സകലരെയും അറസ്ററ് ചെയ്യുന്നതിനു ചക്രവർത്തിതിരുമനസ്സുകൊണ്ട്, അങ്ങേ നിയോഗിച്ചിരിക്കുന്നതായി കേട്ടതു വാസ്തവമോ?

മെററ— (സന്തോഷപൂർവ്വം) അതേ; ശരിതന്നെ. ഇതാ ഈ കല്പനനോക്കുക.

വലേരി— ദേവന്മാരെ തൃപ്തിപ്പെടുത്തുന്നതിന് അഗാപ്പിററസ്സിന്റെ മരണംകൊണ്ടുമതിയാകയില്ലയോ?

മെററ— ഇത്ര പെട്ടന്നു നിനക്കൊരു മനശ്ശല്യം ഉണ്ടാകാനുള്ള കാരണമെന്തു? പോരാ; ഒരിക്കലും പോരാ. അതിലും വലിയ ഒരു മഹൽകൃത്യത്തിന്റെ സമാരംഭം ഇതാകണ്ടതുടങ്ങിയിരിക്കുന്നു. അൻറിയോക്കസ്സിന്റെ പുത്രൻപോലും.....

അൻറി— ഹേ ദുഷ്ടാ, നീ എന്തുപറഞ്ഞെടാ?

വലേരി— പ്രിയപിതാവേ, വിക്റ്റർമാത്രമല്ല; അങ്ങേ പുത്രൻതന്നെയും—അതേ, ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു.

മെററ— (ആശ്ചര്യാന്ധനായി) നീ എന്താണ് പറയുന്നതു്? ഇതെന്തൊരു ദുഃസ്വപ്നം? എന്റെ പുത്രൻ ഒരു ക്രിസ്ത്യാനിയോ?

വലേരി-- അതെ; അവൻ തന്നെ. അയ്യോ! നിർഭാഗ്യ

മേ! ദിവ്യനായ അഗാപ്പിററസ്സിനെ ഞാൻ ഒററിക്കൊടുത്തു. എന്നാൽ ആ പുണ്യപുരുഷൻെറ ധീരഭക്തി എന്നെ ജയിച്ചമത്തി. ആയുവരക്തസാക്ഷിയെ ഗളച്ഛേദം ചെയ്ത ഖഡ്ഗനിപാതം തടയുന്നതിനു സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

മെറെറ— നീ എൻെറ കരങ്ങൾ തടയുന്നതിനു ശ്രമിച്ചതു്, അതിനുവേണ്ടിയോ?

വലേരി— പ്രിയപിതാവേ; അങ്ങയുടെ കണ്ണുകൾ തുറക്കുക. നാം മഹാപാതകം ചെയ്തിരിക്കുന്നു. നീതിമാന്മാരെ ഉപദ്രവിച്ച നമ്മുടെ പാപം അതികഠോരമാണ്. എന്നാൽ നാം വധിച്ചവൻ നമുക്കുവേണ്ടി പ്രാത്ഥിച്ചിരിക്കുന്നു. അനുതപിക്കുന്നതിന്, ഇനിയും സമയമുണ്ടു്.

മെറെറ— എന്തു? നിനക്കു ഭ്രാന്തുപിടിച്ചുവോ? നീയും അവരുടെ മന്ത്രശക്തിക്കുവശംവദനായോ?

വലേരി— പ്രിയപിതാവേ; യാതൊരുമന്ത്രവുമല്ല. ദൈവത്തിൻെറ ദയാപൂണ്ണമായ അനുഗ്രഹം മാത്രമാണ്.

വിക്ററർ— മെറെറല്ലസ്സേ, വരിക; നിങ്ങളുടെ പുത്രൻ തൻെറ കുററം ഏററുപറഞ്ഞിരിക്കുന്നു. അവന് പൊറുതി ലഭിക്കയും അവൻ ഞങ്ങളുടെ മതം സ്വീകരിക്കയും ചെയ്തിരിക്കുന്നു. നിങ്ങളും അപ്രകാരം ചെയ്യുകയില്ലയോ?

മെറെറ— (കുപിതനായി) പോ, ദൂരെ. എന്നെ അത്ര എളുപ്പം ബന്ധിക്കാമെന്നു വിചാരിക്കേണ്ടാ. നിങ്ങളുടെ ക്രിസ്തുവിന്, എന്നെ അവൻെറ കണിയിൽ അകപ്പെടുത്തുന്നതിന് ഒരിക്കലും സാധിക്കയില്ല. എൻെറ മനസ്സ്, സ്വതന്ത്രവും അജയ്യവുമാണ്. അവൻെറ നശിച്ചനാമം ഉച്ചരിക്കുന്നതിനുമുമ്പ്, എൻെറ നാവു ദ്രവിച്ചുപോകട്ടെ; അല്ലെങ്കിൽ, ഇറങ്ങിപ്പോകട്ടെ. (പെട്ടെന്നു നില്ക്കുകയും വേച്ചുകയും ചെയ്യുന്നു) ഹാ! ഇതെന്താണ്! (താഴെവീഴുന്നു. വളരെ വിഷമിച്ചു് സംസാരിക്കുന്നു.) എനിക്കു .... ശ്വാസം .... മുട്ടുന്നു. എൻെറ .... ചങ്കു .... സഹായിക്കണെ .... ഞാൻ .... മരിക്കും.

വലേരി— (അടുത്തുചെന്നിട്ട്) പ്രിയപിതാവേ, സമാശ്വസിക്കുക; പ്രാൎത്ഥിക്കുക; അനുതപിക്കുക.

മെറെററ— പോ, ദൂരെ.

അൻറി— (പടയാളികളോട്) അയാളെ ശയനമുറിയിലേക്കു കൊണ്ടുപോകുക.

വലേരി— പ്രിയ പിതാവെ, അനുതപിക്കുക.

മെറെററ— (പടയാളികൾ കൊണ്ടുപോകുന്നതിന്നിടയ്ക്കു്) ഇല്ല - - - - ഇല്ല - - - - പോ - - - - ദൂരെ. എനി - - - - - ക്കു - - - - - രക്ഷ - - - - യില്ല - - - - ഗലി - - - - ലിയൻ - - - - ജയിക്കുന്നു. (മെറെറല്ലസ്സും വലേരിയസ്സും പടയാളികളും പോകുന്നു).

ലൈസാ ഇതല്ലയോ, ദൈവത്തിൻെറ ഭയങ്കരമായനീതി. ദൈവദൂഷണത്തിന്നു് ഒരിക്കലും ശിക്ഷ ലഭിക്കാതിരിക്കയില്ല.

അൻറി— ക്രിസ്ത്യാനികളുടെ ദൈവം സൎവ്വശക്തൻതന്നെ. അഗാപ്പിററസ്സിൻെറ ദൈവമേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ!

(കർട്ടൻ.)

## രംഗം. ൫ാ.

### പാതാള റോമ്മാ.

(മദ്ധ്യത്തിൽ അഗാപ്പിററസ്സിൻെറ ശവക്കുഴി. അല്പം ചരിച്ചു പണുതിട്ടുള്ള ഒരു കല്ലറ. വെള്ളത്തുണിയും കറുത്ത കുരിശും. ചുററും മെഴുകുതിരികൾ കത്തിച്ചു വച്ചിരിക്കുന്നു. വേറെ വെളിച്ചമില്ല. ക്രിസ്തീയബാലന്മാരും മെറെറല്ലസ്സൊഴിച്ചുള്ള ബാക്കി നടന്മാരും അർദ്ധവൃത്താകാരത്തിൽ മുട്ടുകുത്തി നില്ക്കുന്നു. ലെസാൻഡറോ അല്ലെങ്കിൽ കർട്ടൻെറ പിറകിൽനിന്നു വേറെവല്ലവരുമോ പാടുന്നു).

(മാങ്കാപ്പാല്ലുണ്ട്. എ. മ).

൧. പ്രേമസ്വരൂപമേ, ഓമൽക്കുമാരാ! നീ
ഈമട്ടിക്കല്ലറയിൽ—സ്ഥിതനോ,

൨. സന്താപമൂലമാം ചിന്താഗ്നിയാൽ സ്വാന്തം
സന്തതം വെന്തിടുവാൻ—വിധിയോ!

൩. മുന്നംമൃതന്മാരായ്—മൂന്നുസുതന്മാരും
പിന്നിടിനിയും എന്നെ—വെടിഞ്ഞോ!

൪. സത്യദൈവത്തിന്റെ—നിത്യാനന്ദ രാജ്യേ
എത്തുവാൻപോയിതോ നീ—സുതനേ!

൫. ഹാ! ഹാ! ജഗദീശാ-ഹാ! ഹാ! പരമേശാ!
മോഹാന്ധർക്കാലംബമേ—പരനേ!

ലൈസാ— (എഴുന്നേററിട്ട്) അതിമധുരമായ എതോ ഒരു ശക്തി എന്നിൽ വ്യാപരിക്കുന്നു. പകയും നിരാശയും എന്റെ ഹൃദയത്തിൽനിന്നും തിരോധാനം ചെയ്യുന്നു. എന്റെ അഗാപ്പിററസ്സ് ഇപ്പോഴും ജീവിച്ചിരിക്കുന്നതുപോലെ എനിക്കു തോന്നുന്നു. അതേ, അവൻ ജീവിക്കുന്നു; എന്നെ അവന്റെ പക്കലേക്കു വിളിക്കുന്നു. അല്ലയോ, അനുഗ്രഹീതനായ രക്തസാക്ഷിയേ, നിന്റെ പിതാവായിരിക്കുന്നതിനുള്ള യോഗ്യത എനിക്കില്ല. എന്നാൽ ഇപ്പോൾ എന്റെ ഹൃദയം പാടേ വ്യത്യാസപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ആ അത്ഭുതം ചെയ്തതു നീ തന്നെയാണ്. അതേ, നീ എന്നെ ജയിച്ചടക്കിയിരിക്കുന്നു. (കഠാരി കല്ലറയുടെ മുകളിൽ ഇട്ടിട്ട്) ഇതാ, എന്റെ കഠാരി നീ എടുത്തുകൊള്ളുക. പ്രതികാരമോഹം ഇനിയൊരിക്കലും എന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നതല്ല. എന്റെ മകനേ, ഞാൻ നിന്റെ സ്വരം കേൾക്കുന്നു. ഞാൻ ഒരു ക്രിസ്ത്യാനിയായിക്കൊള്ളാം; അല്ല, ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു. (ലൈസാൻഡർ പറഞ്ഞു കഴിഞ്ഞപ്പോൾ അഗാപ്പിററസ്സിന്റെ ഭാസുരരൂപം സാവധാനത്തിലോ, പെട്ടെന്നോ പ്രത്യക്ഷമാകുന്നു).

(അല്പനേരം ധ്യാനിച്ചിട്ട്-എല്ലാവരുംകൂടി)

പാട്ട്

(രാജവിശ്വവാസ ലോലാ, or വിലസുക ചെറുസൂനം എ. മ).

(രാഗം ഹിന്ദുസ്ഥാൻതോടി) (താളം ആദി.)

പല്ലവി.

പരാപരനേ, കാരുണ്യ-
വാരാന്നിധേ,-സ്നേഹ-വാരാന്നിധേ, (പരാ)

(അനുപല്ലവി)

പരിശുദ്ധദൈവ-ത്രിതയമേ, സ്തോത്രം;
നിരന്തമാനന്ദദാതാ,-നിഖിലലോകൈക നാഥാ! (പരാ)

(ചരണം)

ഉന്നത, നിന്നുടെ സന്നിധിയാലെ
മന്നിനുവന്നു പ്രസന്നത ചാലേ;
കനിവിയന്നരുളേണം-തനയരിലനുദിനം (പ..ാ)

---

ഒന്നാം രംഗം

മഹത്വീകരണം.

(..ാ സീൻതന്നെ. രക്തസാക്ഷി പ്രഭാപൂർണ്ണനായി പ്രത്യക്ഷപ്പെടുന്ന.. അണിയറയിൽ സ്വർഗ്ഗീയ ഗാനം).

(..ാൻറുനോട്ട്. കരുണാകരനേ! നിന്നെ ഞാൻ. എ. മ).

(പല്ലവി.)

ക.. ണാലയനേ—ശ്രീ—നാ—ഥാ!
..ാമേശ—നരുമസുതാ,—നിൻ
..പാവന-നാമം നി-താ-ന്തം
..ാനീയം; ഭജനീയം; മേ-ന്മേൽ. (കരുണാ.)

(അനുപല്ലവി)

..വി-ജയ പ്രഘോഷം,
..-സ്വർഗ്ഗപ്രവേശം.
..ന്ത പ്രകാ—ശം
..ാ പ്രഭാ—തം.

(വിജയം......) (കരുണാ.)

## (എല്ലാവരുംകൂടി)

(പൂങ്കാവിനോദമേ. എ. മ.)

(രാഗം ഹരികാം ബോധി) (താളം ആദി)

ശങ്കാവിഹീനരായ്-നിത്യം പുകഴ്പാടുവിൻനിശനു. (ശങ്കാ)

൧. സത്യം-മാത്രം-മനുജനു-നിത്യാ-നന്ദം-ധരണയിൽ. (ശങ്കാ)

൨. നിത്യത്തിൻ-സത്യങ്ങൾ-പലവിധ
മത്യന്തം-സ്തുത്യർഹം മനുജനു. (ശങ്കാ)

൩. ധരയിൽ-വളരും-നിരവധി-ദുരിതം-നീക്കും-ശുഭകരാ! (ശ)

൪. അൻപിയലും-നിൻപദതാർ-അനുദിന-
മിമ്പമൊടെ-കുമ്പിടുവോർ-സുകൃതികൾ. (ശങ്കാ)

൫. ജീവിതയാത്രയിലപകടമനവധി-
ഈവിധമുള്ള സകലവുമൊഴിവാൻ.

൬. ഏകസത്യ ദൈവത്തിൻെറ പദതാർ
മനുജർക്കഭയം നിത്യം. (ശങ്കാ)

I. D. V. M.

DC Library
*00002872*
T62 J77

T62
J77

T62
J77

Indic Digital Archive Foundation
gpura.org